# 3 അക്ഷരശ്ലോകസദസ്സ്

## 3.1 അമ്പത്തൊന്നക്ഷരാളീ . . . (ഉമേഷ്)

സ്രഗ്ധര

അമ്പത്തൊന്നക്ഷരാളീകലിതതനുലതേ! വേദമാകുന്ന ശാഖി-
ക്കൊമ്പത്തൻപോട്ടു പൂക്കും കുസുമതതിയിലേന്തുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോപാത്തസൗഭാഗ്യലക്ഷ്മീ-
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണ വലയാധീശ്വരീ വിശ്വനാഥേ!

മഴമങ്ങലം നമ്പൂതിരിയുടെ *ഭാഷാനൈഷധചമ്പു*വിലെ പ്രഥമശ്ലോകം.

## 3.2 ചേണുറ്റീടും ചതുസ്സാഗര . . . (കർത്താ)

സ്രഗ്ധര

ചേണുറ്റീടും ചതുസ്സാഗര സലിലനറും പട്ടുടുത്തോരു ബാല-
ക്ഷോണിപ്പെണ്ണിന്നു മാരക്ഷിതിരമണനണിഞ്ഞോരു മാണിക്കമാലേ,
കാണിക്കാലം കടക്കൺ കലയ മയി മുദാ മന്മനക്കാമ്പശേഷം
കാണിക്കാ വെച്ചിതല്ലോ മലരടി തൊഴുതേൻ മാരചിന്താമണീ! ഞാൻ

*ലീലാതിലക*ത്തിന്റെ ശൈലിയിൽ വിരചിതമായ *അലങ്കാരസംക്ഷേപ*ത്തിൽ നിന്ന്. അജ്ഞാതകർത്തൃകം.

## 3.3 കേയൂരാണി ന ഭൂഷയന്തി. . . (ഹരി)[1]

ശാർദ്ദൂലവിക്രീഡിതം

കേയൂരാണി ന ഭൂഷയന്തി പുരുഷം ഹാരാ ന ചന്ദ്രോജ്വലാ
ന സ്നാനം ന വിലേപനം ന കുസുമം നാലംകൃതാ മൂർദ്ധജാഃ,
വാണ്യേകാ സമലംകരോതി പുരുഷം യാ സംസ്കൃതാ ധാര്യതേ,
ക്ഷീയന്തേ ഖലു ഭൂഷണാനി സതതം വാഗ്ഭൂഷണം ഭൂഷണം

ഭർത്തൃഹരിയുടെ *നീതിശതക*ത്തിൽ നിന്ന്.

## 3.4 വാഗ്ദേവീ ധൃതവല്ലകീ. . . (രാജേഷ്)[2]

ശാർദ്ദൂലവിക്രീഡിതം

വാഗ്ദേവീ ധൃതവല്ലകീ, ശതമഖോ വേണും ദധത്, പദ്മജ-
സ്താളോന്നിദ്രകരോ, രമാ ഭഗവതീ ഗേയപ്രയോഗാന്വിതാ,
വിഷ്ണുഃ സാന്ദ്രമൃദങ്ഗവാദനപടുർ, ദേവാഃ സമന്താത് സ്ഥിതാഃ
സേവന്തേ തമനു പ്രദോഷസമയേ ദേവം മൃഡാനീപതിം

ഇത് ശിവന്റെ പ്രദോഷനൃത്തത്തിന്റെ ഒരു വർണ്ണനയാണ്.

---

[1] [*രാജേഷ്*] ശ്ലോകം **3.3 :** പദ്യതർജ്ജമ (കെ. സി. കേശവപിള്ള) :

ചേർത്തീടുന്നില്ല മർത്ത്യർക്കഴക് വളകൾ, നൽച്ചന്ദ്രതുല്യപ്രകാശം
വീർത്തീടും ഹാരജാലം, കുളി, കുറി, കുസുമം, കേശമിത്യാദിയൊന്നും
പാർത്താൽ സംസ്കാരമേറും മൊഴി പരമഴകാം പൂരുഷർക്കന്യഭൂഷാ–
സാർത്ഥം സർവ്വം നശിക്കുന്നനിശമിഹ വചോഭൂഷണം ഭൂഷണം താൻ

[2] [*രാജേഷ്*] ശ്ലോകം **3.4 :** പദ്യതർജ്ജമ (ദ്രുതകവനം) (രാജേഷ്) :

വീണാപാണിനിയായി വാണി, മുരളീഗാനത്തിനാലിന്ദ്രനും
താളം കൊട്ടി വിരിഞ്ചനും മധുരമാം ഗീതത്തിനാൽപ്പൂമകൾ,
മന്ദ്രം സാന്ദ്രമൃദങ്ഗമോട്ടു ഹരിയും ചൂഴുന്ന വാനോർകളും
സേവിക്കുന്ന പ്രദോഷവേളയിലിതാ കാർത്ത്യായനീ കാന്തനെ

## 3.5 വീണാവാദിനിയായി വാണി. . . (ഉമേഷ്)[3]

ശാർദ്ദൂലവിക്രീഡിതം

വീണാവാദിനിയായി വാണി, മദ്ദളവാവോടക്കുഴൽക്കാരനായ്,
വാണീപൻ കരതാളമിട്ടു, രമയോ ഗാനങ്ങളോതീടിനാൾ,
ഗോവിന്ദൻ സുമൃദംഗവാദകനു, മീ മട്ടിൽ പ്രദോഷത്തിലാ
ദേവന്മാർ പരമേശനെത്തൊഴുതിടാനൊന്നിച്ചു നിൽപ്പായഹോ!

കഴിഞ്ഞ ശ്ലോകത്തിന് ഉമേഷിന്റെ പരിഭാഷ.

## 3.6 ഗോപാലനെന്നോർത്തു മുകുന്ദ. . . (വിശ്വപ്രഭ)[4]

ഇന്ദ്രവജ്ര

ഗോപാലനെന്നോർത്തു മുകുന്ദ! കേൾക്ക
ഞാൻ പാല്യ മോഹിച്ചു ഭജിച്ചു നിന്നെ
നീയോ മിടുക്കൻ പുനരിങ്ങു മേലാൽ
തായാർമുലപ്പാലുമലഭ്യമാക്കി!

കവി : എ. ആർ. രാജരാജവർമ്മ

## 3.7 നീലക്കാർ കുന്തലോട്ടം. . . (ഹരി)

സ്രഗ്ദ്ധര

നീലക്കാർ കുന്തലോട്ടം, നിടിലമതിൽ വിളങ്ങുന്ന നൽ ഗോപിയോട്ടം,
ബാലാദിത്യപ്രകാശത്തൊടു, മതിമൃദുവാം പുഞ്ചിരിക്കൊഞ്ചലോട്ടം,
ചേലേറും ചേലയോട്ടം, കരമതിൽ വിലസും ശങ്ഖ ചക്രാദിയോട്ടം,
കോലും കൃഷ്ണസ്വരൂപം കുരുസഭയിലലങ്കാരമായിബ്ഭവിച്ചു

നടുവത്ത് അച്ഛൻ നമ്പൂതിരിയുടെ *ഭഗവദ്ദൂത്* നാടകത്തിൽ നിന്ന്.

## 3.8 ചന്തമേറിയ പൂവിലും. . . (ജ്യോതി)

മല്ലിക

ചന്തമേറിയ പൂവിലും ശബളാഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരു ചിത്രചാതുരി കാട്ടിയും
ഹന്ത! ചാരു കടാക്ഷമാലകളർക്കരശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ വിളങ്ങുമീശനെ വാഴ്ത്തുവിൻ!

കവി: കുമാരനാശാൻ

## 3.9 ഹുങ്കാരുന്ന തിമിങ്ഗിലങ്ങൾ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഹുങ്കാരുന്ന തിമിങ്ഗിലങ്ങൾ തലകാണിക്കെ, ത്തിരിഞ്ഞോടുവോ–

---

[3] ഇ-സദസ്സിനുവേണ്ടിയുള്ള ധ്രുതകവനം.

[4] [*വിശ്വപ്രഭ*] **ശ്ലോകം 3.6 :** രാജരാജവർമ്മയുടെ ഈ സ്വകൃതി *ഭാഷാഭൂഷണ*ത്തിൽ 'വിഷമം' എന്ന അലങ്കാരത്തിന് ഉദാഹരണമായി കൊടുത്തിട്ടുണ്ട് . (*വിഷമം ചേർച്ചയില്ലാത്ത-രണ്ടിനെച്ചേർത്തു ചൊല്ലുകിൽ*). രണ്ടർത്ഥം കൽപ്പിക്കാം:

1. നീ പശുവിനെ നോക്കുന്നവനാക കൊണ്ട് ധാരാളം പാലുകിട്ടുമല്ലോ എന്നു കരുതി നിന്നെ സേവിച്ചു. എന്നിട്ടിപ്പോൾ പശുവിൻപാലു കിട്ടിയില്ലെന്നു മാത്രമല്ല, കുട്ടികൾക്കു സ്വതവേ ലഭിക്കുമായിരുന്ന മുലപ്പാലുകൂടി ഇല്ലാതാക്കി (അതും ചോർന്നെടുത്തു!)
2. ധാരാളം സമ്പത്തു മോഹിച്ചു കൃഷീവലനായ ഞാൻ നിന്നെ ഭജിച്ചു തുടങ്ങി. പക്ഷേ ഒടുവിൽ വീണ്ടും ഈ ലോകത്തിൽ ജനിച്ച് അമ്മയുടെ പാൽ കുടിക്കാൻ ഇട വരുത്താതെ എനിക്കു നീ മോക്ഷം നൽകിയിരിക്കുന്നു!

രെൻ കൈവർത്തക, ചെയ്‌വതെന്തു ചെറുമീൻ വർഗ്ഗത്തൊടിന്നക്രമം?
തൻ കയ്യൂക്കിലഹങ്കരിച്ചടിപിടിക്കങ്ങാടിയിൽ ചെന്നു തോ–
റ്റങ്കത്തിന്നുടനമ്മയോടണയുമാ വീരൻ ഭവാൻ തന്നെയൊ?

കവി : ടി. എം. വി.

## 3.10 തേവാരിപ്പാനിരിപ്പാൻ. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

തേവാരിപ്പാനിരിപ്പാൻ തുനിയുമളവി "ലത്തേവർ ഞാ"നെന്നു ചൊല്ലി–
പ്പൂവെല്ലാം ചൂടുമപ്പോ "ളുതതയി മകനേ! യെന്തി"തെന്നാളെശോദാ
ഭൂഭാരം തീർപ്പതിന്നായ് മഹിയിലവതരിച്ചോരു സച്ചിത്സ്വരൂപം
വാ പാടിപ്പാരമോർത്തീടിന സുകൃതിനിമാർക്കമ്മമാർക്കേ തൊഴുന്നേൻ!

പൂന്താനത്തിന്റെ *ശ്രീകൃഷ്ണകർണ്ണാമൃത*ത്തിൽ നിന്ന്.

## 3.11 ഭൂലോകം ശൂന്യമായീ. . . (ഉമേഷ്)[5]

സ്രഗ്ദ്ധര

ഭൂലോകം ശൂന്യമായീ, ഹൃദയമൊരു തമോമണ്ഡലം പോലെയായീ,
ത്രൈലോക്യത്തിന്റെ സൃഷ്ടിസ്ഥിതിലയകരനാം മൂർത്തിയും ശത്രുവായി
താലോലിക്കേണ്ടുമെൻ കുട്ടികളിരുവരുമെൻ രണ്ടു തോളത്തുമായീ
പാലോലും വാണി മത്പ്രേയസിയിവനെ വെടിഞ്ഞീശ്വരോ രക്ഷ രക്ഷ!

കവി: ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

## 3.12 താരാ മാലാ വിരാജദ്ഗഗന. . . (കർത്താ)

സ്രഗ്ദ്ധര

താരാ മാലാ വിരാജദ് ഗഗന ഘനകചേ! യാമിനീ കാമിനീ നീ–
യാരാലെത്തുന്ന നേരം വിധുമുഖി! വികസിക്കുന്നിതുൾക്കൈരവം മേ
നേരാം സൗന്ദര്യ സാരം സ്ഫുടതരമറിയിക്കുന്ന നിൻ സങ്ഗമത്താ–
ലാരാജിപ്പൂ പ്രശാന്തപ്രകൃതി, സുകൃതികൾക്കുത്സവം ത്വത് സമക്ഷം

കവി : പി. ശങ്കരൻ നമ്പ്യാർ, കവിത : *രജനി*

## 3.13 നഞ്ഞാളും കാളിയൻ തൻ. . . (ഹരി)

സ്രഗ്ദ്ധര

നഞ്ഞാളും കാളിയൻ തൻ തലയില്, മതുപോലക്കുറൂരമ്മയാകും
കുഞ്ഞാത്തോൽ പാല്വകാച്ചും കരികലമതുതന്നുള്ളിലും, തുള്ളിയോനേ!
ഇഞ്ഞാനെന്നുള്ള ഭാവക്കറയധികതരം പൂണ്ടു, മാലാണ്ടുപോമെൻ
നെഞ്ഞാം രങ്ഗത്തു തങ്കത്തളകളിളകി നീ നിത്യവും നൃത്തമാടൂ!

പ്രേംജിയുടെ *നാൽക്കാലികൾ* എന്ന മുക്തകസമാഹാരത്തിൽനിന്ന്.

## 3.14 ഇന്നാടെല്ലാം വിളർപ്പിച്ചിട്ടും. . . (ജ്യോതി)

സ്രഗ്ദ്ധര

ഇന്നാടെല്ലാം വിളർപ്പിച്ചിട്ടുമിതു, വിതുപോയ് വല്ലപാട്ടും വസന്തം

[5] 'ത' എന്ന അക്ഷരത്തിനു രണ്ടുപേർ ശ്ലോകങ്ങളയച്ചപ്പോൾ ഇടയിൽ തിരുകിയ ശ്ലോകം. സുനാമിയിലകപ്പെട്ട ഒരു പിതാവിന്റെ ചിത്രം പോലെ തോന്നി ഈ ശ്ലോകം ഓർത്തപ്പോൾ.

വന്നാൽ ഞാനിങ്ങു മാനത്തൊരു മണിരുചിരപ്പച്ചമേലാപ്പു കെട്ടും
എന്നാവാം കുലവൃക്ഷത്തിനു നിനവു, സരിത്തിന്റെ വൻനീരൊഴുക്ക–
ന്നന്നായ്, തൻ മൂലമണ്ണാസകലമപഹരിക്കുന്നതാരെന്തറിഞ്ഞൂ!

വള്ളത്തോൾ, കവിത : *കൈക്കുമ്പിൾ*.

## 3.15 എന്നെബ്ഭൂമിയിലെന്തിനിങ്ങനെ. . . (ഉമേഷ്)[6]

ശാർദ്ദൂലവിക്രീഡിതം

എന്നെബ്ഭൂമിയിലെന്തിനിങ്ങനെ വൃഥാ തള്ളീട്ടു, ഞാൻ പോയിടും
പന്ഥാവിൽ കുഴികുത്തി, മുള്ളുകൾ വിത, ച്ചോടിച്ചിടുന്നൂ ഭവാൻ?
ഇന്നെൻ കാലിടറി, പ്പതിച്ചു കുഴിയിൽ, മുള്ളേറ്റു രക്തം വമി-
ച്ചെന്നാ, ലായതുമെന്റെ പാപഫലമാണെന്നോതുമോ ദൈവമേ?

ഉമർ ഖയ്യാമിന്റെ ഒരു ചതുഷ്പദിയുടെ വിദൂരപരിഭാഷ.

## 3.16 ഈയമ്പെയ്യുതു തൈരുകൂട്ടി. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഈയമ്പെയ്യുതു തൈരുകൂട്ടിയുരുളച്ചോറിൻ തഴമ്പേപെട്ടും
കൈയ, ല്ലുണ്ടൊരു സവ്യസാചി പിറകിൽ തേർത്തട്ടിലായിദൃഢം,
ചായം തേച്ച ശിഖണ്ഡിമാരുടെ മുളംകോലിൻ കണക്കിക്കണ–
ക്കായം കൂടിയ ബാണമെയ്യു വിട്ടുവാനാമോ കിണഞ്ഞീടിലും?

## 3.17 ചൊല്ലൂ രാപ്പകൽ കുമ്പിയും. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ചൊല്ലൂ രാപ്പകൽ കുമ്പിയും വിരികയും ചെയ്യുന്നതെന്തെന്നു താൻ
ചൊല്ലുമ്പോളതിനിന്നതെന്നു പറവാനോർക്കും കിടാങ്ങൾക്കഹോ
എല്ലാർക്കും സഹസൈവ തോന്നിയൊരുമിച്ചെല്ലാരുമായ് ചൊല്ലിനാ–
രംഭോജം ജലജം പയോജമുദജം പാഥോജമെന്നേകദാ!

പൂന്താനത്തിന്റെ *ശ്രീകൃഷ്ണകർണ്ണാമൃത*ത്തിൽ നിന്ന്.

## 3.18 എങ്ങോനിന്നെത്തി,യിമ്മട്ടിവിടെ. . . (രാജേഷ്)

സ്രഗ്ദ്ധര

എങ്ങോനിന്നെത്തി,യിമ്മട്ടിവിടെയൊരുവിധം ചൊല്ലിയാടിക്കഴിഞ്ഞാ–
ലെങ്ങോ പോകേണ്ട ജീവന്നരനിമിഷമനങ്ങാതിരിക്കാവതല്ല.
ഒന്നും വേണ്ടെന്നു വെയ്ക്കുന്നവനൊരു മടയൻ, വിശ്രമം ഭോഷ്കമാത്രം
വന്നും പോയും നടക്കും വികൃതികളവസാനിച്ചിടും നാൾ വരേയ്ക്കും!

എം. എൻ. പാലൂരിന്റെ *കല്യാണക്കാഴ്ച* എന്ന കവിതയിൽ നിന്ന്.

## 3.19 ഒരുണ്ണിയെക്കണ്ടു. . . (ജ്യോതി)

ഉപേന്ദ്രവജ്ര

ഒരുണ്ണിയെക്കണ്ടു രമിച്ചുകൊൾവാൻ[7]
ഒരീശ്വരാനുഗ്രഹമില്ലെനിക്കും
പുരത്തിൽ മേവുന്ന ജനത്തിൽ വെച്ചി–
ട്ടൊരുത്തനെക്കുറു നിനക്കുമില്ല!

കുഞ്ചൻ നമ്പ്യാരുടെ *ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ* നിന്ന്.

## 3.20 പണ്ടാ വടക്കെച്ചിറ. . . (വാസുദേവൻ)[8]

ഇന്ദ്രവജ്ര

പണ്ടാ വടക്കെച്ചിറയൊന്നു ചെന്നു
കണ്ടാൽ കുളിച്ചീടണമെന്നു തോന്നും!
പണ്ടാറമാം വാഴ്ചയിലിന്നതൊന്നു
കണ്ടാൽ കുളിച്ചീടണമെന്നു തോന്നും!

## 3.21 പുരികുഴൽ നികരത്തിൽ. . . (കർത്താ)

മാലിനി

പുരികുഴൽ നികരത്തിൽപ്പൂനിലാവിന്റെ വിത്തും
പുരികലതയിലോമൽ കാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പർവ്വതാധീശനുള്ള–
പ്പരമസുകൃതവേളിക്കെപ്പൊഴും കുപ്പിടുന്നേൻ!

കവി : **ലക്ഷ്മീപുരത്തു രവിവർമ്മ**

## 3.22 പിറവാർന്ന മുതൽക്കു. . . (രാജേഷ്)[9]

വസന്തമാലിക

പിറവാർന്ന മുതൽക്കു ശാഠ്യമെന്തെ–
ന്നറിയാത്തോരുരചെയ്‌വതപ്രമാണം
പരവഞ്ചന വിദ്യയായ് പഠിപ്പും
നരരോതും മൊഴിയേ യഥാർത്ഥമാവൂ. [10]

---

[6] [*ഉമേഷ്*] **ശ്ലോകം 3.15 :** ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം (എ-ഇ ശ്ലോകം). മൂലപദ്യം (**ഉമർ ഖയ്യാം**) :

Oh, Thou, who didst with pitfall and with gin
Beset the Road I was to wander in
    Thou wilt not with Predestined Evil round
Enmesh, and then impute my Fall to Sin!

[7] *മരിച്ചുകൊൾവാൻ* എന്നു പാഠഭേദം.

[8] ഈ ശ്ലോകം മുതൽ ശ്ലോകം 44 വരെ പയിൽത്തുടങ്ങി പ തന്നെ കൊടുക്കുന്ന ശ്ലോകങ്ങൾ മാത്രം ചൊല്ലുന്ന ഒരു അഭ്യാസം നടന്നു.

[9] [*ഉമേഷ്*] **ശ്ലോകം 3.22 :** മൂലശ്ലോകം (കാളിദാസൻ):

ആജന്മനഃ ശാഠ്യമശിക്ഷിതോ യ-
സ്തസ്യാപ്രമാണം വചനം ജനസ്യ
പരാതിസന്ധാനമധീയതേ യൈർ-
വിദ്യേതി, തേ സന്തു കിലാപ്തവാചഃ

[10] [*രാജേഷ്*] **ശ്ലോകം 3.22 :** ഗർഭിണിയായ ശകുന്തളയുടെയും മറ്റ് ആശ്രമവാസികളുടെയും വാക്കിനെ അവിശ്വസിക്കുന്ന രാജാവിന് കണ്വശിഷ്യന്മാരിലൊരാൾ കൊടുക്കുന്ന മറുപടി. രാജനീതി എന്ന പേരിൽ ഭരണാധികാരികൾ പഠിച്ചിരുന്ന 'അർത്ഥശാസ്ത്രം' പോലെയുള്ള പുസ്തകങ്ങൾ കാണാനിടയായിട്ടുള്ളവർക്ക് 'പരവഞ്ചന വിദ്യയായ് പഠിപ്പും' എന്ന വരി അന്വർത്ഥമായിത്തോന്നും.

ആറ്റൂർ കൃഷ്ണപ്പിഷാരടിയുടെ ശാകുന്തളം തർജ്ജമയിൽ (കേരളശാകുന്തളം) നിന്ന്.

## 3.23 പരമപുരുഷശയ്യേ. . . (ഉമേഷ്)

മാലിനി

പരമപുരുഷശയ്യേ! ഭാരതക്ഷോണിമൗലേ!
പരശുജയപതാകേ! പത്മജാനൃത്തശാലേ!
പരമിവനു സഹായം പാരിലാരുള്ളു? നീയേ
പരവശതയകറ്റിപ്പാലനം ചെയ്ക താരേ!

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

## 3.24 പിതാമഹനിതംബിനീ. . . (കർത്താ)

പൃഥ്വി

പിതാമഹനിതംബിനീനഖരഘട്ടനോദ്യത്സ്വരാ–
ഞ്ചിതാമലവിപഞ്ചികയ്ക്കുടയ ഗീതസമ്പത്തിനും
പ്രതാപനില കേവലം ബത നിലച്ചിടും മട്ടിലായ്
ധ്രുതാദരമുദാരയാം സുകവിസൂക്തി രാജിപ്പതേ

കവി : **പന്തളം കേരളവർമ്മ**

## 3.25 പൂമെത്തേലെഴുനേറ്റിരുന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പൂമെത്തേലെഴുനേറ്റിരുന്നു "ദയിതേ, പോകുന്നു ഞാ"നെന്നു കേ–
ട്ടോമൽക്കണ്ണിണനീരണിഞ്ഞ വദനപ്പൂവോടു ഗാഢം തദാ
പൂമേനിത്തളിരൊന്നു ചേർ "ത്തഹമിനിക്കാണുന്നതെ"ന്നെന്നക–
പ്പൂമാലോടളിവേണി ചൊന്ന മധുരച്ചൊല്ലിന്നു കൊല്ലുന്നു മാം.

കവി : **പൂന്തോട്ടത്തു നമ്പൂതിരി**

## 3.26 പത്രം വിസ്തൃതമത്ര. . . (ഹരി)[11]

ശാർദ്ദൂലവിക്രീഡിതം

പത്രം വിസ്തൃതമത്ര തുമ്പമലർ തോറ്റോടീടിനോരന്നവും
പുത്തൻ നെയ് കനിയെപ്പഴുത്ത പഴവും കാളിപ്പഴം കാളനും
പത്തഞ്ഞൂറുകറിയ്ക്കുദാസ്യമിയലും നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലഷ്ടി തയിർമോർ തട്ടാതെ കിട്ടും ശുഭം

കവി: **കുഞ്ചൻ നമ്പ്യാർ**

---

[11] *[ഉമേഷ്]* **ശ്ലോകം 3.26 :** ഒരു ഊണിനെപ്പറ്റി നല്ലതായും ചീത്തയായും രണ്ടർത്ഥം പറയാം:

നല്ല അർത്ഥം:

പത്രം വിസ്തൃതമത്ര, തുമ്പമലർ തോറ്റോടീടിനോരന്നവും,
പുത്തൻ നെയ്, കനിയെപ്പഴുത്ത പഴവും, കാളിപ്പഴം, കാളനും,
പത്തഞ്ഞൂറുകറിയ്ക്കു ദാസ്യമിയലും നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലഷ്ടി, തയിർമോർ തട്ടാതെ കിട്ടും ശുഭം

ചീത്ത അർത്ഥം:

പത്രം വിസ്തൃതമത്ര തുമ്പ, മലർ തോറ്റോടീടിനോരന്നവും
പുത്തൻ നെയ് കനിയെ, പ്പഴുത്ത പഴവും കാളി, പ്പഴം കാളനും,
പത്തഞ്ഞൂറുകറിയ്ക്കുദാസ്യമിയലും നാരങ്ങയും മാങ്ങയും
നിത്യം ചെമ്പകനാട്ടിലഷ്ടി തയിർമോർ തട്ടാതെ കിട്ടും ശുഭം

## 3.27 പാടത്തുംകര നീളെ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

പാടത്തുംകര നീളെ നീലനിറമായ് വേലിയ്ക്കൊരാഘോഷമാ–
യാടി,ത്തുങ്ങി,യല,ഞ്ഞുലഞ്ഞു സുകൃതം കൈക്കൊണ്ടിരിയ്ക്കും വിധൗ
പാരാതെ വരികെന്റെ കയ്യിലധുനാ പീയൂഷഡംഭത്തെയും
ഭേദിച്ചമ്പൊട്ടു കയ്പവല്ലി തരസാ പെറ്റുള്ള പൈതങ്ങളേ!

കവി : ചേലപ്പറമ്പു നമ്പൂതിരി

## 3.28 പാലാഴിത്തിരമാല നാലുപുറവും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാലാഴിത്തിരമാല നാലുപുറവും തട്ടിക്കളിക്കുമ്പൊഴും
വേലപ്പെണ്ണടിരണ്ടുമാത്തകുതുകം മെല്ലെത്തലോടുമ്പൊഴും
പാലിക്കാനമരർഷിമാർ സ്തുതികഥാഗീതം പൊഴിക്കുമ്പൊഴും
ചേലിൽ ചാഞ്ഞുകിടന്നുറങ്ങുമുടയോനേകട്ടെയുത്തേജനം!

കവി: വി.കെ.ഗോവിന്ദൻ നായർ

## 3.29 പയ്യീച്ച പൂച്ച പുലി. . . (ഹരി)

വസന്തതിലകം

പയ്യീച്ച പൂച്ച പുലി വണ്ടെലി ഞണ്ടു പച്ച–
പ്പയ്യെന്നു തൊട്ടു പലമാതിരിയായ ജന്മം
പയ്യെക്കഴിഞ്ഞു പുനരിപ്പുരുഷാകൃതിത്വം
കയ്യിൽ കിടച്ചതു കളഞ്ഞു കുളിച്ചിടല്ലേ!

കവി: ശീവൊള്ളി

## 3.30 പേർ കാളും കവിമല്ലരെ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പേർ കാളും കവിമല്ലരെ പ്രതിമയാൽ ഛായാപടത്താൽ വൃഥാ
ലോകം സ്മാരകമേർപ്പെടുത്തിയഭിനന്ദിക്കുന്നതായ് കാണ്മു നാം;
പോകുന്നീലതുകാണ്മാൻ സഹൃദയന്മാരും, നമുക്കക്ഷര–
ശ്ലോകത്തിൽ സ്മരണീയർ തൻ കൃതികളെച്ചൊല്ലാ, മതല്ലേ സുഖം?

കവി: വി.കെ.ഗോവിന്ദൻ നായർ??

## 3.31 പാലിയ്ക്കാനായ് ഭുവനമഖിലം. . . (രാജേഷ്)

മന്ദാക്രാന്ത

പാലിയ്ക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ–
ക്കാലിക്കൂട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വെച്ചിടേണം
മൗലിക്കെട്ടിൽത്തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ *മയൂരസന്ദേശ*ത്തിൽ നിന്ന്.

## 3.32 പാരാവാരമതിങ്കലുള്ള. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പാരാവാരമതിങ്കലുള്ള തിരപോൽ വാരിച്ചൊരിഞ്ഞേറ്റവും
നേരമ്പോക്കുകളാർന്ന പദ്യനിരകൊണ്ടീരേഴു ലോകത്തിലും
പാരം കീർത്തി നിറച്ചിടുന്ന ധരണീദേവാഗ്രഗണ്യാ! ഭവാൻ
പാരാതങ്ങു ചമച്ച രാജചരിതശ്ലോകങ്ങളും കണ്ടു ഞാൻ.

ഏറ്റുമാനൂർ തിരുവമ്പാടി കൊച്ചുനമ്പൂരി വെണ്മണിമഹൻ നമ്പൂരിക്കയച്ചുകൊടുത്തത്.

## 3.33 പാതിക്കെട്ടു കൊതിച്ച ഞാൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പാതിക്കെട്ടു കൊതിച്ച ഞാൻ പലതരം തൽപ്പാതിയിൽപ്പാതിയിൽ–
പ്പാതിത്വത്തൊടു പാതിയാടി പലതും പാഹീതി മുമ്പായഹോ!
പാതിച്ചോർനടയാൾക്കു പാതി നയനം പോലും വിടർന്നീല, യി–
പ്പാരുഷ്യത്തൊടു പാതിവിന്ദശരനം പാതിപ്പെടുത്തുന്നു മാം!

കവി: കൊടുങ്ങല്ലൂർ വിദ്വാൻ ഇളയതമ്പുരാൻ

## 3.34 പുരനാരികളെപ്പുണർന്നവൻ. . . (രാജേഷ്)

വിയോഗിനി

പുരനാരികളെപ്പുണർന്നവൻ,
പരദാരങ്ങളെയാസ്വദിച്ചവൻ,
പരപീഡനമാത്മലീലയായ്
പരിശീലിച്ച പരസ്വഹാരി ഞാൻ

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ *മാനസാന്തരം* എന്ന കവിതയിൽ നിന്ന്.

## 3.35 പെയ്യും പീയൂഷമോലും. . . (ഹരി)

സ്രഗ്ദ്ധര

പെയ്യും പീയൂഷമോലും കൃതികളൊരു ഞൊടിക്കുള്ളു ലക്ഷോപലക്ഷം
തയ്യാറാക്കുന്ന നാക്കുള്ളൊരു കവികളിലെൻ നാമമൊന്നാമതാകാൻ
പയ്യെപ്പൂർണ്ണാനകമ്പാമൃതമിടകലരും തൃക്കടക്കണ്ണെടുത്തൊ–
ന്നിയ്യുള്ളോനിൽ പ്രയോഗിക്കുക പരമശിവൻ തന്റെ പുണ്യത്തിടമ്പേ!

കവി: ശീവൊള്ളി

## 3.36 പരോപകാരായ ഫലന്തി. . . (രാജേഷ്)

ഉപേന്ദ്രവജ്റ

പരോപകാരായ ഫലന്തി വൃക്ഷാഃ
പരോപകാരായ വഹന്തി നദ്യഃ
പരോപകാരായ ദുഹന്തി ഗാവഃ
പരോപകാരാർത്ഥമിദം ശരീരം

## 3.37 പരമതനുശരീരേ! ത്വാം. . . (ഉമേഷ്)[12]

മാലിനി

പരമതനുശരീരേ! ത്വാം തപിപ്പിച്ചിട്ടുന്നു
പരമതനുരജസ്രം മാം ദഹിപ്പിച്ചിട്ടുന്നു
പരവശത ദിനത്താലമ്പിളിക്കെത്രയുണ്ടോ
പരഭൃതമൊഴി! പാർത്താലാമ്പലിന്നത്രയില്ല.

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ *മണിപ്രവാളശാകുന്തള*ത്തിൽ നിന്ന്.

## 3.38 പാരിന്നീരേഴിനെല്ലാറ്റിനും. . . (ഹരി)

സ്രഗ്ദ്ധര

പാരിന്നീരേഴിനെല്ലാറ്റിനുമധിപതിയായ്, സ്വീയ മങ്ഗല്യരൂപം
നേരിൽക്കാണിച്ചുകൊണ്ടേ ഗുരുപവനപുരത്തമ്പുമെൻ തമ്പുരാനേ,
പൂരിച്ചുള്ളിൽ തുളുമ്പീട്ടുകിലരിയ ഭവദ്ഭക്തി മർത്ത്യർക്കശേഷം
കോരിക്കോരിക്കൊടുപ്പൂ സുമധുരപരമാനന്ദപീയൂഷയൂഷം

പ്രേംജിയുടെ *നാൽക്കാലിക*ളിൽ നിന്ന്.

## 3.39 പറഞ്ഞ കാര്യം പശുവും. . . (രാജേഷ്)

വംശസ്ഥം

പറഞ്ഞ കാര്യം പശുവും ഗ്രഹിച്ചിടും
ഹയാദി ഭാരങ്ങളെടുപ്പതില്ലയോ?
പറഞ്ഞിടാതേയുമറിഞ്ഞിടും പുമാൻ
പരേങ്ഗിതജ്ഞാനമതിന്നു ബുദ്ധി കേൾ!

കേ സി കേശവ പിള്ളയുടെ *സുഭാഷിതരത്നാകര*ത്തിൽ നിന്ന്.

## 3.40 പാരം പാരാകെ വേണ്ടും. . . (ഉമേഷ്)

സ്രഗ്ദ്ധര

പാരം പാരാകെ വേണ്ടും പരിചിനു കടലാസ്സാക്കി, നീരാഴമേറും
പാരാവാരത്തെയെല്ലാം പരശിവദയിതേ, നന്മഷിപ്പാത്രമാക്കി,
പോരാ, നിശ്ശേഷപക്ഷിപ്പരിഷകളുടെയും തൂവലും പൂ, ണ്ടതന്ദ്ര–
ന്മാരായ് ബാണാസുരന്മാർ പലരെഴുതുകിലും തീരുമോ നിൻ ഗുണങ്ങൾ?

വള്ളത്തോളിന്റെ *ദേവീസ്തവ*ത്തിൽ നിന്ന്.

## 3.41 പാടില്ലാ നീലവണ്ടേ. . . (വാസുദേവൻ)

സ്രഗ്ദ്ധര

പാടില്ലാ നീലവണ്ടേ സ്മരനുടെ വളർവില്ലിന്റെ ടങ്കാരനാദം
പാടിപ്പാടിപ്പറന്നെൻ പ്രിയയുടെ വദനാംഭോരുഹം ചുറ്റിനിൽക്കാൻ
പേടിച്ചിട്ടല്ല – ഭർത്തൃപ്രണിഹിതമതിയാണെന്റെ ജീവേശി – യെങ്കിൽ–
ക്കൂടി, ക്കാടൻ, കുരൂപൻ, കുമതി വിതറുമാവെണ്മയിൽ കന്മഷം നീ.

കവി : പ്രേംജി

---

[12] [*ഉമേഷ്*] ശ്ലോകം 3.37 : മൂലശ്ലോകം (കാളിദാസൻ):

തപതി തനുഗാത്രി! മദന / സ്ത്വാ, മനിശം മാം പുനർദഹത്യേവ
ഗ്ലപയതി യഥാ ശശാങ്കം / ന തഥാ ഹി കുമുദ്വതീം ദിവസഃ

### 3.42 പറ്റെക്കീറിപ്പൊളിഞ്ഞ്. . . (ജ്യോതി)

സ്രശ്ധര

പറ്റെക്കീറിപ്പൊളിഞ്ഞോരുടുതുണിയിലിനിസ്സൂചികുത്തേ, ണ്ടഴിക്കാൻ
പറ്റി, ല്ലീ ജീർണ്ണവാസസ്സയിരിനൊടുരുകിച്ചേർന്നതാണെന്നു തോന്നും
പെറ്റും കൊന്നും കളിക്കും പ്രകൃതിയുടെ ഹിതത്തിന്നു കുമ്പിട്ടിടാനേ
പറ്റൂ, തോണിക്കകത്തോടിയ പഥിക, ഭവാനെത്ര ലാഭിച്ചു നേരം?

കവി : വി. കെ. ഗോവിന്ദൻ നായർ

### 3.43 പ്രാതഃകാലം വരുമ്പോൾ. . . (കർത്താ)

സ്രശ്ധര

പ്രാതഃകാലം വരുമ്പോൾ, ത്തവ ചരമ കഥാ സ്മാരകം പോലെ പാട്ടും
ഗീതത്തേക്കൊണ്ട ഘണ്ടാമണി വെളിയിലയച്ചൊരു ഞാനൊറ്റയായി
പ്രേതത്തെപ്പോലെ മുറ്റത്തണയുകിലൊലിവറ്റോമനക്കാറ്റു പുൽകും
കൈതപ്പൂവെന്നെ നോക്കി ത്രപയൊടപഹസിച്ചീടുമേ വാദമില്ല

വി. സി. ബാലകൃഷ്ണപ്പണിക്കരുടെ *ഒരു വിലാപ*ത്തിൽ നിന്ന്.

### 3.44 പ്രേമം മാംസനിബദ്ധമല്ല. . . (രാജേഷ്)[13]

ശാർദ്ദൂലവിക്രീഡിതം

"പ്രേമം മാംസനിബദ്ധമല്ല!" – കവികൾക്കെന്താണു വയ്യാത്ത, തീ
ലോകം തന്നെ മറിച്ചു വെയ്ക്കുമവരോ സങ്കല്പസമ്രാട്ടുകൾ
പ്രേമം ശുഷ്കവികാരമ,ല്ലതു വെറും വൈക്കോലിനോടാവത,–
ല്ലാണെങ്കിൽ സഹതാപമെന്നതിനു പേർ, പ്രേമത്തെ വിട്ടേക്കുക!

ഏവൂർ പരമേശ്വരന്റെ *മോഡേൺ മുക്തകങ്ങ*ളിൽ നിന്ന്.

### 3.45 പോരാമെങ്കിലൊരാൾക്കുവേണ്ടി. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പോരാമെങ്കിലൊരാൾക്കുവേണ്ടി,യപരന്നേകാം നമുക്കുള്ളൊരീ
പാരാവാരമതെന്നപോലെ വിലസും സേനാഗണം തൽക്ഷണം
നേരൊക്കെപ്പറയാം നിരായുധനതായ് നിൽക്കുന്നതല്ലാതെ വൻ
പോരിന്നായുധമേൽക്കയും തൊടുകയും പൊയ്യല്ല ചെയ്യില്ല ഞാൻ

നടുവത്തച്ഛൻ നമ്പൂതിരിയുടെ *ഭഗവദ്ദൂത്* നാടകപരിഭാഷയിൽ നിന്ന്.

### 3.46 നാദത്താലുലകം ചമച്ച്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാദത്താലുലകം ചമച്ചു, നിതരാം പാലിച്ചു, കൽപാന്തനിർ–
ഭേദത്താലുപസംഹരി, ച്ചതിലെഴും ബീജാക്ഷരത്താൽ ക്രമാൽ,
സാദം വി, ട്ടുലകങ്ങൾ തീർത്തരുളലാമീയക്ഷരശ്ലോകസം–
വാദത്തിൽ ശിവശക്തികൾക്കിയലുമാഹ്ലാദം നമുക്കാശ്രയം!

കവി : വൈലോപ്പിള്ളി

## 3.47 സ്വേദാണ്ഡോത്ഭിജ്ജരാ. . . (വാസുദേവൻ)[14]

സ്രഗ്ദ്ധര

സ്വേദാണ്ഡോത്ഭിജ്ജരായൂത്ഭവതനുപടലീ സാഗരദ്വീപശൈല-
വ്യാദീർണ്ണ ബ്രഹ്മഗോളപ്രചുരശതകുലം, നിന്നകത്താകമൂലം.
ആധാരാധാരമമ്മേ തവതനു, ചെറുതല്ലിന്ദ്രജാലം നിനച്ചാ-
ലാധേയാധേയവും മേ, അണുവിലുമയിതേ, നിത്യസാന്നിധ്യമൂലം.

## 3.48 ആകാശങ്ങളെയണ്ഡരാശികളൊടും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആകാശങ്ങളെയണ്ഡരാശികളൊടും ഭക്ഷിക്കുമാകാശമായ്
ഈ കാണുന്ന സഹസ്രരശ്മിയെയിരുട്ടാക്കും പ്രഭാസാരമായ്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്നതാ-
മേകാന്താദ്വയശാന്തിഭൂവിനു നമസ്കാരം, നമസ്കാരമേ!

കുമാരനാശാന്റെ *പ്രരോദന*ത്തിൽനിന്ന്.

## 3.49 ശങ്കാഹീനം ശശാങ്കാ. . . (ഹരി)

സ്രഗ്ദ്ധര

ശങ്കാഹീനം ശശാങ്കാമലതരയശസാ കേരളോല്പന്നഭാഷാ-
വൻകാട്ടിൽ സഞ്ചരിക്കും സിതമണി ധരണീദേവഹര്യക്ഷവര്യൻ
ഹുങ്കാരത്തോടെതിർക്കും കരിവരനിടിലം തച്ചുടയ്ക്കുമ്പൊൾ നിന്ദാ-
ഹങ്കാരം പൂണ്ട നീയാമൊരു കുറുനരിയെക്കൂസുമോ കുന്നി പോലും?

കവി : വെണ്മണി മഹൻ

## 3.50 ഹേ പത്മാക്ഷ, ഭവാൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഹേ പത്മാക്ഷ, ഭവാൻ വരാഞ്ഞിതുവരെ ക്ലേശിച്ച സാധ്വിക്കു സ-
ന്താപപ്പെട്ടു പുലർത്തിടേണമിനിയും മൂവ്വാണ്ടു മുന്നാളിനാൽ.
ആപത്തിന്നുകടന്നു വൃത്തമധനൻ തൻ ബ്രഹ്മഹത്യാ മഹാ-
പാപത്തിൽ ബത പങ്കുകൊണ്ടു പൊഴുതേ പണ്ടത്തെ മുത്തശ്ശിമാർ!

വള്ളത്തോളിന്റെ *വിലാസലതിക*യിൽ നിന്ന്.

## 3.51 അല്ലല്ലാ തിരുമേനിയാണ്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അല്ലല്ലാ തിരുമേനിയാ,ണിതടിയൻ വല്ലാതെ ശങ്കിച്ചുപോ-
യല്ലോ കണ്ട ദിനം മറന്നു, കഴുകിക്കാം കാ, ലിരിക്കാം സുഖം,

---

[13] പ - പ അഭ്യാസത്തിലെ അവസാനത്തെ ശ്ലോകം.

[14] [*വാസുദേവൻ*] ശ്ലോകം **3.47 :**

**പദാർത്ഥം:** സ്വേദാണ്ഡോദ്ഭിജ്ജരായൂത്ഭവതനുപടലീ =സ്വേദ +അണ്ഡ +ഉത്ഭിത് +ജരായു +ഉത്ഭവ +തനുപടലീ; വ്യാദീർണ്ണ =വിങ്ങിപ്പൊട്ടുന്ന

**അർത്ഥം:** സ്വേദം (വിയർപ്പ്), അണ്ഡം (മുട്ട), ഉത്ഭിത് (മുള), ജരായു (ഗർഭപാത്രം) എന്നിവയിൽ നിന്ന് ഉത്ഭവിക്കുന്ന ശരീരങ്ങളും സമുദ്രങ്ങളും, ദ്വീപുകളും, പർവ്വതങ്ങളും കൊണ്ടു വിങ്ങിപ്പൊട്ടുന്ന ബ്രഹ്മഗോളങ്ങൾ നൂറുകണക്കിനു നിന്റെ ഉള്ളിലുള്ളതുകൊണ്ട് നിന്റെ ശരീരം ആധാരങ്ങളുടെ ആധാരമാണ്. ഇവയിലെല്ലാം അടങ്ങിയിരിക്കുന്ന അണുക്കളിലും നീ കുടികൊള്ളുന്നതുകൊണ്ട് നീ ആധേയങ്ങളുടെ ആധേയവുമാണ്. എന്തൊരു ഇന്ദ്രജാലം!

തെല്ലിക്കാറ്റു രസിക്കുമെങ്കിലടിയൻ വീശാം വിയർക്കുന്നമെ–
യ്യെല്ലാം, ചെല്ലമിതാ മുറയ്ക്കൊരു മുറുക്കാവാം കുറെക്കേമമായ്.

## 3.52 തീരാഞ്ഞോ കൊതി, കട്ടവെണ്ണ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

തീരാഞ്ഞോ കൊതി , കട്ടവെണ്ണ കഴിയെക്കൈ നക്കിയും കണ്ണതൻ
ചാരെപ്പിന്നെയണഞ്ഞു താട തടവിക്കൊഞ്ചിച്ചിരിച്ചങ്ങനെ
ചൗര്യത്തിൻ കഥ ചൊല്ലിടുന്ന ഹരിയെദ്ദർശിച്ച ഹർഷാശ്രുവായ്
ദൂരത്തമ്മ, യടുത്തു നിന്ന പശു, ഞാൻ ഹൃത്താം തൊഴുത്തിങ്കലും.

കവി : പി. സി. മധുരാജ്.

## 3.53 ചെന്താർകാന്തികൾ ചിന്തും. . . (കർത്താ)[15]

ശാർദ്ദൂലവിക്രീഡിതം

ചെന്താർകാന്തികൾ ചിന്തുമന്തിസമയച്ചന്തം കലർന്നും ഭവാൻ
നീന്തിച്ചെന്നഥ നൃത്തമാടിയമരും ദേവന്റെ തൃക്കൈകളിൽ
ചുറ്റിപ്പറ്റിയവറ്റിലിറ്റുമതിരം തോരാത്തൊരാനത്തുകിൽ–
ക്കോലം ചാർത്തണമാടൽ വിട്ടുമ രസാൽ കണ്ടോട്ടെ നിൻ ഭക്തിയെ.

**ഏ. ആർ. രാജരാജവർമ്മ**യുടെ *മേഘസന്ദേശം തർജ്ജമ*യിൽ (1:36) നിന്ന്.

## 3.54 ചാലേ മാലിനിയും. . . (ഉമേഷ്)[16]

ശാർദ്ദൂലവിക്രീഡിതം

ചാലേ മാലിനിയും, മരാളമിഥുനം മേവും മണൽത്തിട്ടയും,
ചോലയ്ക്കപ്പുറമായ് മൃഗങ്ങൾ നിറയും ശൈലേന്ദ്രപാദങ്ങളും,
ചീരം ചാർത്തിന വൃക്ഷമൊന്നതിനടിയ്ക്കായിട്ടു കാന്തന്റെ മെയ്
ചാരി, ക്കൊമ്പിലിടത്തുകണ്ണുരസുമാ മാൻപേടയും വേണ്ടതാം.

**ഏ. ആർ. രാജരാജവർമ്മ**യുടെ *ശാകുന്തളം തർജ്ജമ (മലയാളശാകുന്തളം)*യിൽ നിന്ന്.

## 3.55 ചെറ്റഴിഞ്ഞ ചികുരോത്കരാം. . . (കർത്താ)

കുസുമമഞ്ജരി

ചെറ്റഴിഞ്ഞ ചികുരോത്കരാം ചെറിയ താരകേശകല തോറ്റ തൂ–
നെറ്റിപാട്ട ചിതറും വിയർപ്പിലൊളിവുറ്റു പറ്റിന ഘനാളകം
ഏറ്റുവാനഭിമുഖേകൃതപ്രതി നവപ്രതോദവലയാമൊരെൻ–
പുറ്റു കാമപി കൃപാം കിരീടിരഥ രത്നദീപകലികാം ഭജേ

കവി : പൂന്താനം

---

[15] [*ഉമേഷ്*] **ശ്ലോകം 3.53 :** മൂലശ്ലോകം (കാളിദാസൻ) :

പശ്ചാദുച്ചൈർഭുജതരുവനം മണ്ഡലേനാഭിലീനഃ
സാന്ധ്യം തേജഃ പ്രതിനവജപാപുഷ്പരക്തം ദധാനഃ
നൃത്താരംഭേ ഹര പശുപതേരാർദ്രനാഗാജിനേച്ഛാം
ശാന്തോദ്വേഗഃ സ്തിമിതനയനം ദൃഷ്ടഭക്തിർഭവാന്യാ

[16] [*ഉമേഷ്*] **ശ്ലോകം 3.54 :** മൂലശ്ലോകം (കാളിദാസൻ) :

കാര്യാ സൈകതലീനഹംസമിഥുനാ സ്രോതോവഹാ മാലിനീ
പാദാസ്താമഭിതോ നിഷണ്ണഹരിണാ ഗൗരീഗുരോഃ പാവനാഃ
ശാഖാലംബിതവല്ക്കലസ്യ ച തരോർനിർമാതുമിച്ഛാമ്യധഃ
ശൃങ്ഗേ കൃഷ്ണമൃഗസ്യ വാമനയനം കണ്ഡൂയമാനാം മൃഗീം.

## 3.56 എന്തിന്നു ഭാരതധരേ. . . (ഹരി)

വസന്തതിലകം

എന്തിന്നു ഭാരതധരേ കരയുന്നു? പാര–
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ!
ചിന്തിക്ക, ജാതിമദിരാന്ധരടിച്ചു തമ്മി–
ലന്തപ്പെട്ടും തനയ,രെന്തിനയേ സ്വരാജ്യം?

കുമാരനാശാൻ

## 3.57 ചേരുന്നീലാരുമായെൻ ശ്രുതി. . . (ജ്യോതി)

സ്രഗ്ദ്ധര

ചേരുന്നീലാരുമായെൻ ശ്രുതി, പിരിമുറുകിപ്പൊട്ടിടുന്നൂ വലിയ്ക്കും–
തോറും, താളം പിഴയ്ക്കുന്നിതു പലകുറിയും, കാലുറപ്പീല നിൽപ്പിൽ
മാരാരേ! ചെണ്ടകൊട്ടിക്കരുതിതുവിധമങ്ങെന്നെയും ശിഷ്യനാക്കീ[17]–
ട്ടാരാലെൻ തെറ്റു തീർത്താ, ലുലകുമുഴുവനും കേളി കേൾപ്പിച്ചിടാം ഞാൻ!

## 3.58 മണ്ണിൽപ്പൊട്ടിവിടർന്ന. . . (ഉമേഷ്)[18]

ശാർദ്ദൂലവിക്രീഡിതം

മണ്ണിൽപ്പൊട്ടിവിടർന്ന പൂ പുലരിയിൽ പ്രത്യാശ പൂണ്ടാദരാൽ
വിണ്ണിൻ മുന്തിരിനീർ കുടിക്കുവതിനായ് മേൽപോട്ടു നോക്കുന്ന പോൽ
എണ്ണന്നോ ഭയഭക്തിപൂർവ്വമനിശം ധ്യാനിക്കുവാൻ ശൂന്യമാം
കിണ്ണം പോലിനി വിണ്ണു നിന്നെയദയം മണ്ണിൽക്കമിഴ്ത്തും വരെ.

എം. പി. അപ്പന്റെ *ജീവിതോത്സവ*ത്തിൽ നിന്ന്. ഇത് Omar Khayyam-ന്റെ Rubaiyat-ന്റെ പരിഭാഷയാണ്.

## 3.59 എട്ടാണ്ടെത്തിയ തൈരും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

എട്ടാണ്ടെത്തിയ തൈരു,മെന്റെ ശിവനേ ചുണ്ണാമ്പു ചോറും, പുഴു–
ക്കുട്ടം തത്തിടുമുപ്പിലിട്ടതുമഹോ കൈപ്പേറുമുപ്പേരിയും
പൊട്ടച്ചക്കയിൽ മോരൊഴിച്ചു വഷളായ് തീർത്തോരു കൂട്ടാനുമീ–
മട്ടിൽ ഭക്ഷണമുണ്ടു ഛർദ്ദി വരുമാമെർണ്ണാകുളം ഹോട്ടലിൽ.

കവി : ഒറവങ്കര

## 3.60 പുറ്റിന്നുൾപ്പാതി ദേഹം. . . (ഉമേഷ്)[19]

സ്രഗ്ദ്ധര

പുറ്റിന്നുൾപ്പാതി ദേഹം മുഴുകി, യൊരരവച്ചട്ട പൂണൂലുമായി–

---

[17] *ശിഷ്യയാക്കി* എന്നുമാവാം.

[18] [*ഉമേഷ്*] **ശ്ലോകം 3.58 :** ഈ ശ്ലോകത്തിന്റെ മൂലം (English translation by Edward Fitzgerald):

As then the Tulip for her morning sup
Of Heav'nly Vintage from the soil looks up,
Do you devoutly do the like, till Heav'n
To Earth invert you–like an empty Cup.

[19] [*ഉമേഷ്*] **ശ്ലോകം 3.60 :** മൂലശ്ലോകം (കാളിദാസൻ) :

വല്മീകാർദ്ധനിമഗ്നമൂർത്തി, രുരസാ സന്ദഷ്ടസർപ്പത്വചാ
കണ്ഠേ ജീർണ്ണലതാപ്രതാനവലയേനാത്യർത്ഥസംപീഡിതഃ
അംസവ്യാപി ശകുന്തനീഡനിചിതം ബിഭ്രജ്ജടാമണ്ഡലം
യസ്യ സ്ഥാണുരിവാചലോ മുനിരസാവഭ്യർക്കബിംബം സ്ഥിതഃ

ച്ചുറ്റിക്കെട്ടിപ്പിണഞ്ഞുള്ളൊരു പഴയ ലതാമണ്ഡലാനദ്ധകണ്ഠൻ,
പറ്റിത്തോളാർന്ന കൂട്ടിൽ കുരുവികൾ കുടികൊള്ളും ജടാജൂടമോടേ
കുറ്റിയ്ക്കൊത്തമ്മുനീന്ദ്രൻ കതിരവനെതിരായങ്ങു നിൽക്കുന്ന ദിക്കിൽ.

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *മണിപ്രവാളശാകുന്തള*ത്തിൽ നിന്ന്.

## 3.61 പാടിപ്പാടിയനന്തമാധുരി. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പാടിപ്പാടിയനന്തമാധുരിചൊരി, ഞ്ഞാലോലമെൻ ചന്ദന–
ക്കാടിൻ ശാദ്വല സാന്ദ്രകാന്തിയിലഴിഞ്ഞാടും കളാലാപിനി.
കൂടിക്കൂടിവരുന്ന രാഗമൊട്ട ഞാൻ, നിൻ പഞ്ചവർണ്ണക്കിളി–
ക്കൂടിൻ വാതിലിൽ വെയ്ക്കുമിപ്പഴയരിക്കാണിക്ക, കൈക്കൊള്ളുമോ?

## 3.62 കാടത്തത്തെ മനസ്സിലിട്ടു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

കാടത്തത്തെ മനസ്സിലിട്ടു കവിയായ് മാറ്റുന്ന വല്മീകമു–
ണ്ടോടപ്പുൽക്കുഴലിന്റെ ഗീതയെഴുതിസ്സൂക്ഷിച്ച പൊന്നോലയും
കോടക്കാർനിര കൊണ്ടുവന്ന മനുജാത്മാവിന്റെ കണ്ണീരുമായ്
മൂടൽമഞ്ഞിൽ വിരിഞ്ഞു നിൽക്കുമിവിടെപ്പൂക്കും വനജ്യോത്സ്നകൾ.

വയലാറിന്റെ *സർഗ്ഗസങ്ഗീത*ത്തിൽനിന്ന്.

## 3.63 കളാമലമൃദുസ്വരം. . . (കർത്താ)

പൃഥ്വി

കളാമലമൃദുസ്വരം ശിശുകമാരനവ്യക്തമായ്
ഗുളാധിക സുമാധുരീ ഭരിതമോതിടും ഗീരിനം
ഗളാഗളിമഹാഹവം കിമപി ചെയ്തു വൻതോൽവിയിൽ
ജളാശയത ചേർത്തിടും പടി ലസിപ്പൂ സത്കാവ്യമേ

കവി : പന്തളം കേരള വർമ്മ

## 3.64 ഗോവൃന്ദം മേച്ചു വൃന്ദാവനഭുവി. . . (വാസുദേവൻ)

സ്രഗ്ദ്ധര

ഗോവൃന്ദം മേച്ചു വൃന്ദാവനഭുവി ഭുവനം മൂന്നിനും മൂലമാകും
ഗോവിന്ദൻ പന്തടിച്ചും പലവക കളിയാൽ ക്ഷീണനായ്  മാറിടുമ്പോൾ
ആവിർമോദാലശോകച്ചെറുതളിരുകളാലാശുവീശിത്തലോടി–
ജ്ജീവിപ്പിക്കുന്ന ഗോപീജനനിര നിരയം നീക്കണം നിത്യവും മേ.

## 3.65 അഴക്കിലടി പൂണ്ടതാം. . . (ജ്യോതി)

പൃഥ്വി

അഴക്കിലടി പൂണ്ടതാമരിയ താമരേ! സൂര്യനായ്
മിഴിക്കുമിമയല്ലി തന്നകമുറന്നതാം തേൻകണം,
തിമർത്തു മുകരുന്നതോ തിമിരഖണ്ഡമാം വണ്ടു, നീ–
യമർത്തിയ വിഷാദവും വിമലഗന്ധമായ് വാർന്നുവോ?

ആര്യാംബിക. എസ്.വി.യുടെ *തേൻകണം* എന്ന കവിത.

## 3.66 തെച്ചിപ്പൂവിൽപ്പതങ്ഗ. . . (കർത്താ)

സ്രഗ്ദ്ധര

തെച്ചിപ്പൂവിൽപ്പതങ്ഗദ്യുതിവിതതിമയേ ചേർത്തു ശൃംഗാരലക്ഷ്മീ–
മർച്ചിപ്പാൻ മാരഭൂപാലന ജലധിമണിച്ചാണമേലേണനേത്രേ!
വച്ചപ്പാടുണ്ടു പാർത്താലിതു തുഹിനകരൻ കിങ്കരൻ തൻകരം കൊ–
ണ്ടച്ചച്ചോ! കാണരയ്ക്കിന്നതു നരനിരയാം ചന്ദനം ചന്ദ്രലേഖേ!

*അർത്ഥാലങ്കാരസംക്ഷേപ*ത്തിൽ നിന്ന്.

## 3.67 വിശ്വാധീശ്വര, കൃപ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വിശ്വാധീശ്വര, കൃപയായിരമെനിക്കീരോട്ടിലെങ്ങാൻ കിട–
ന്നാശ്വാസത്തൊടു കിട്ടിയെങ്കി, ലവിടെയ്ക്കേകാമതിൽപ്പാതി ഞാൻ
വിശ്വാസം കുറവെങ്കിലോ, തിരുവടിക്കുള്ളോരു പങ്കാദ്യമായ്
ഇച്ഛായോഗ്യമെടുത്തു ബാക്കി തരണേ പിന്നെന്തു പേടിക്കുവാൻ?

## 3.68 വിനതയുടെ വിഷാദം. . . (കർത്താ)

മാലിനി

വിനതയുടെ വിഷാദം തീർക്കുവാനായ് ക്ഷണം ത–
ത്തനയനമൃതകുംഭം പണ്ടുപോയ്ക്കൊണ്ടുവന്നു;
ജനകജനനിമാർ തൻ ദുഃഖമാറ്റീടുവാനി–
ത്തനയരയുതലക്ഷം തദ്ഘടം പേറിടുന്നു.

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

## 3.69 ജില്ലാദ്ധ്യക്ഷന്റെ ചോദ്യം. . . (ഹരി)

സ്രഗ്ദ്ധര

ജില്ലാദ്ധ്യക്ഷന്റെ ചോദ്യം – "ജനകനൃപതി തൻ വില്ലെടുത്താരൊടിച്ചാൻ?";
"അല്ലേ ഞാനല്ല" – വിദ്യാർത്ഥികളതിഭയമോടുത്തരം ചൊല്ലിയേവം
തെല്ലും കൂസാതെയദ്ധ്യാപകനതിവിനയത്തോടെ "യെൻ ക്ലാസിലാരും
വില്ലല്ലീച്ചൂരൽ പോലും തൊടുവതിനു തുനിഞ്ഞീടുകി"ല്ലെന്നുരച്ചാൻ

## 3.70 തായയ്ക്കും താതനും നിൻ. . . (ജ്യോതി)

സ്രഗ്ദ്ധര

തായയ്ക്കും താതനും നിൻ ജനനകഥയറിഞ്ഞന്നുതൊട്ടേ തുറുങ്കിൽ–
ച്ചായാറായീ, യശോദാദികളസുരഭടദ്രോഹഭീയാൽ വലഞ്ഞൂ
ആയർപ്പെണ്ണുങ്ങൾ വെണ്ണക്കളവിലുമലരമ്പിങ്കലും പമ്പരം പോ–
ലായീ കാർവർണ്ണ, നീയാർക്കഭയമരുളിയെന്നൊന്നു ചൊല്ലിത്തരാമോ?

വി. കെ. ഗോവിന്ദൻ നായരുടെ *അവിൽപ്പൊതി*യിൽ നിന്ന്.

## 3.71 ആളീടും പ്രേമമോടെ. . . (വാസുദേവൻ)

സ്രഗ്ദ്ധര

ആളീടും പ്രേമമോടേ, കടമിഴിമുനകൊണ്ടാഞ്ഞു നീയൊന്നുതല്ലേ–
മ്പോളിക്കല്ലും കല്ലുങ്ങും, മൃദുലഹൃദയനാം ശർവ്വനിങ്ങെന്തുപിന്നെ?
ആളീവാക്കീവിധം കേട്ടളവവളെയുടൻ പുഞ്ചിരിക്കൊണ്ടു കേളീ–
നാളീകത്താലടിയ്ക്കും നഗതനയ, ശുഭം നൽകണം നാളിൽ നാളിൽ!

കവി : ജി. ശങ്കരക്കുറുപ്പ്

## 3.72 അംഭോരുഹ വാടീകുല. . . (കർത്താ)

മദനാർത്ത

അംഭോരുഹ വാടീകുല സംഭോഗരസജ്ഞം
ദംഭോളി ധരാദ്യൈരപി സംഭാവിതമൂർത്തിം
ഗുംഫേത മഹത്ത്വം ഏദി സന്ധായ വിധാനം
സമ്പൂർണ്ണമുപാസേ ജയ ഭാനോ ഭഗവാനേ

## 3.73 ഗണപതി ഭഗവാനും. . . (രാജേഷ്)

പുഷ്പിതാഗ്ര

ഗണപതി ഭഗവാനുമബ്ജയോനി–
പ്രണയിനിയാകിയ ദേവി വാണി താനും
ഗുണനിധി ഗുരുനാഥനും സദാ മേ
തുണയരുളീടുക കാവ്യ ബന്ധനാർത്ഥം.

കുഞ്ചൻ നമ്പ്യാരുടെ *ശ്രീകൃഷ്ണചരിതം മണിപ്രവാള*ത്തിൽ നിന്ന്.

## 3.74 ഗദകബളിതമെന്റെ. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഗദകബളിതമെന്റെ കർണ്ണയുഗ്മം
വദനവിഭൂഷണമാത്രമായ് ചമഞ്ഞു
കദനമിതൊഴിവാക്കുകംബികേ, നിൻ
പദസരസീരുഹദാസനല്ലയോ ഞാൻ?

വള്ളത്തോളിന്റെ *ബധിരവിലാപ*ത്തിൽ നിന്ന്.

## 3.75 കൊത്തിക്കൊത്തി രസിച്ചുകൊൾക. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കൊത്തിക്കൊത്തി രസിച്ചുകൊൾക, മതിയാകട്ടേ നിന, ക്കാർദ്രമെൻ
ഹൃത്തിൽ കുത്തിയടിച്ചിറക്കുക കൊട്ടുംകൊ, ക്കെണ്ണതാനാകിലും.
മറ്റില്ലാ മമവാഞ്ഛ, യെന്നിൽ നിലനിന്നാവൂ, തിരിച്ചീ മരം–
കൊത്തിക്കും തണലേ കൊട്ടത്തരുളുവാൻ പറ്റും കരു, ത്തീശ്വരാ..!

കവി: കെ.എൻ. ദുർഗ്ഗാദത്തൻ ഭട്ടതിരിപ്പാട് (കെ. എൻ. ഡി)

## 3.76 മാന്യന്മാർ പലരും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

മാന്യന്മാർ പലരും നിറഞ്ഞ സഭയിൽ ദുർബുദ്ധി ദുശ്ശാസനൻ
ചെന്നാദ്രൗപദി ദേവി തന്റെ ചികുരം ചുറ്റിപ്പിടിച്ചങ്ങിനെ
നിന്നീടട്ടെ, വലിച്ചിഴച്ചു കിടക്കട്ടേ, മഹാ കഷ്ടമ–
ത്തന്വങ്ഗീമണി തന്നുടുപ്പുടവ തൻ കൈകൊണ്ടഴിച്ചീലയോ?

നടുവത്തു അച്ഛൻ നമ്പൂതിരിയുടെ *ഭഗവദ്ദൂത് നാടക*ത്തിൽ നിന്ന്.

## 3.77 നിഗമകല്പതരോർഗ്ഗളിതം. . . (ജ്യോതി)

ദ്രുതവിളംബിതം

നിഗമകല്പതരോർഗ്ഗളിതം ഫലം
ശുകമുഖാദമൃതദ്രവസംയുതം
പിബത ഭാഗവതം രസമാലയം
മുഹുരഹോ രസികാഃ ഭുവി ഭാവുകാഃ

*ഭാഗവത*ത്തിലെ വന്ദനശ്ലോകം.

## 3.78 പ്രശമിതേന്ദ്രിയനായ്. . . (ഉമേഷ്)[20]

ദ്രുതവിളംബിതം

പ്രശമിതേന്ദ്രിയനായ് രസയന്നു കൈ–
വശമണഞ്ഞു പിന്നെ മഹാരഥൻ
ദശരഥൻ നൃവരപ്രഭു കാത്തുതേ
ഭൃശമവൻ, ശമവന്യമെഴുന്നവൻ

കണ്ണൂർ നാരായണമേനോന്റെ *രഘുവംശം തർജ്ജമ*യിൽ നിന്ന്.

## 3.79 ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു. . . (കർത്താ)

സ്രഗ്ദ്ധര

ദിവ്യം കിഞ്ചന വെള്ളമുണ്ടൊരു മുറിസ്സോമൻ കറുപ്പും ഗളേ
കണ്ടാൽ നല്ലടയാളമുള്ള കരമുണ്ടെട്ടല്ലഹോ പിന്നെയും
തോലെന്യേ തുണിയില്ല തെല്ലുമരയിൽ കേളേറ്റമാന്തരെഴും
പോറ്റീ! നിന്റെ ചരിത്രമദ്ഭുതമഹോ! ഭർഗ്ഗായ തുഭ്യം നമഃ

കവി : ചങ്ങനാശ്ശേരി രവിവർമ്മ

## 3.80 തേരോടിക്കെ, ക്കടക്കണ്ണുന. . . (ഹരി)

സ്രഗ്ദ്ധര

തേരോടിക്കെ, ക്കടക്കണ്ണുന കണവനിലർപ്പിച്ചതേയുള്ളു ധീരം
പോരാടിപ്പിക്കുവാൻ തൻ സ്വജനമഹിതമായ് കണ്ടനേരം സുഭദ്ര;
തേരോടിക്കെക്കിരീടിക്കഖിലപതി മിനക്കെട്ടു വേദാന്ത ചിന്താ–
സാരം ചൊല്ലേണ്ടിവന്നു, ***കമനിയുടെ കടക്കണ്ണു ഗീതയ്ക്കു മീതെ!***

വി. കെ. ജി.യുടെ ഒരു സമസ്യാപൂരണം.

## 3.81 താഡിക്കേണ്ടെന്നു ചൊല്ലി. . . (രാജേഷ്)

സ്രഗ്ദ്ധര

താഡിക്കേണ്ടെന്നു ചൊല്ലി, ക്കൊടിയ തടിയുമായ് പ്രാണ നിര്യാണ കാല–
ത്തോടിച്ചാടിക്കൃതാന്തത്തടിയനടിയനെപ്പേടി കാട്ടും ദശായാം
കോടക്കാർമേഘവർണ്ണം തടവിന വനമാലാവിഭൂഷാഞ്ചിതം മേ
കൂടെക്കാണായ് വരേണം തിരുവുടലരികേ, കൂടൽമാണിക്യമേ മേ!

കവി : ഉണ്ണായി വാര്യർ

## 3.82 കോടക്കാർവർണ്ണനോടക്കുഴലൊട്ടു. . . (ഉമേഷ്)

സ്രഗ്ദ്ധര

കോടക്കാർവർണ്ണനോടക്കുഴലൊട്ടു കളി വിട്ടോടിവന്നമ്മ തന്റേ

---

[20] [*ഉമേഷ്*] **ശ്ലോകം 3.78 :** മൂലശ്ലോകം (കാളിദാസൻ) :

പിതുരനന്തരമുത്തരകോസലാൻ
സമധിഗമ്യ സമാധിജിതേന്ദ്രിയഃ
ദശരഥഃ പ്രശശാസ മഹാരഥോ
യമവതാമവതാം ച ധുരി സ്ഥിതഃ

മാടൊക്കും പോർമുലപ്പാലമിതരുചി ഭുജിച്ചാശ്വസിക്കും ദശായാം
ഓടി ക്രീഡിച്ച വാടീടിന വദനകലാനാഥഘർമ്മാമൃതത്തെ–
ക്കുടെക്കൂടെത്തുടയ്ക്കും സുകൃതനിധി യശോദാകരം കൈതൊഴുന്നേൻ!

കവി : വെണ്മണി അച്ഛൻ നമ്പൂതിരി

## 3.83 ഒട്ടാണ്ടെന്നച്ഛനത്യാദരമൊടു. . . (ഹരി)

സ്രഗ്ദ്ധര

ഒട്ടാണ്ടെന്നച്ഛനത്യാദരമൊട്ടു തവ തൃക്കോവിലിൽ ശാന്തി ചെയ്തു
മുട്ടാതെന്നമ്മ ഭക്ത്യാ തൊഴുതു നടയിൽനിന്നങ്ങയെത്തിങ്ങൾ തോറും
കിട്ടാൻ പാടില്ലയോ തത്കൃതസുകൃതമിവന്നല്പവും? ഭ്രഷ്ടനാക്ക–
പ്പെട്ടാലും പുത്രനില്ലേ പിതൃജനമുതലിൽ പിന്തുടർച്ചാവകാശം?

കവി : പ്രേംജി.

## 3.84 കേളീലോലമുദാര. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കേളീലോലമുദാരനാദമുരളീനാളീനിലീനാധരം
ധൂളീധൂസരകാന്തകുന്തളഭരവ്യാസങ്ഗിപിഞ്ഛാഞ്ചലം
നാളീകായതലോചനം നവഘനശ്യാമം ക്വണത്കിങ്ങിണീ–
പാളീദന്തുര പിങ്ഗളാംബരധരം ഗോപാലബാലം ഭജേ

മാനവേദരാജായുടെ *കൃഷ്ണഗീതി*യിൽ നിന്ന്.

## 3.85 നാവെപ്പോൾ മുരളുന്നതും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാവെപ്പോൾ മുരളുന്നതും പരുഷമാം ഹുങ്കാരമാണെങ്കിലും,
ഭാവം താളമിതൊക്കെയെന്റെ ധിഷണയ്ക്കപ്രാപ്യമാണെങ്കിലും,
നീ വാഗ്വർഷിണി, നൂപുരധ്വനിയുതിർത്തെത്തീടവേ, കേൾക്കുവാ–
നാവും മച്ഛ്രുതികൾക്കു - ഞാനവനിയിൽ സങ്ഗീതമേ, ഭാഗ്യവാൻ!

ഉമേഷിന്റെ സ്വന്തം കൃതി.

## 3.86 നേരോർക്കുമ്പോൾ പ്രമാണം. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

നേരോർക്കുമ്പോൾ പ്രമാണം ഗുണഗണമതുതാനാണു ദിഗ്ഭേദമല്ലാ
ചേരും ദൃഷ്ടാന്തമോതുന്നതിനിവിടെ വിശേഷിച്ചു വേറിട്ടുവേണ്ടാ
താരിൽത്തേൻവാണി, നിൻ പോർമുലകളിലണിയും ചന്ദനച്ചാറുമോമൽ–
ച്ചാരുശ്രീ ചന്ദ്രശോഭാശുഭരുചി ചിതറും ഹാരവും പോരുമല്ലോ.

ശക്തിഭദ്രന്റെ *ആശ്ചര്യചൂഡാമണി* കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തർജ്ജമ ചെയ്തതിൽ നിന്നും.

## 3.87 തേൻ തരുന്ന കനി. . . (ജ്യോതി)

രഥോദ്ധത

തേൻ തരുന്ന കനി പാണ്ടിനാടു "തേൻ–
കായ"യെന്നു മൊഴിചാർത്തി നിൽക്കവേ
മെച്ചമാർന്ന നറുതേൻ കണക്കെയി–
ങ്ങുച്ചരിപ്പു മലയാളി തേങ്ങയിൽ!

## 3.88 മാറു ചേർത്ത വരനെ. . . (ഉമേഷ്)[21]

രഥോദ്ധത

മാറു ചേർത്ത വരനെപ്പുണർന്നു വാ–
മോരു നൽകി മുഖമാഗ്രഹിക്കവേ
ചാരുകാഞ്ചി തൊടുമാ വരന്റെ കൈ–
ത്താരു തട്ടൽ വളരെപ്പുതുക്കെയായ്.

കുണ്ടൂർ നാരായണമേനോന്റെ *കുമാരസംഭവം തർജ്ജമ*യിൽ (8:14) നിന്നു്.

## 3.89 ചന്ദ്രശേഖര, പ്രപഞ്ചനായകാ. . . (രാജേഷ്)[22]

രഥോദ്ധത

ചന്ദ്രശേഖര, പ്രപഞ്ചനായകാ,
സുന്ദരേശ, ഭവരോഗനാശകാ
മന്ദബുദ്ധികളിൽ നിന്നുമെന്നെ നീ
സന്തതം കരുണയോടു കാക്കണേ.

രാജേഷിന്റെ സ്വന്തം കൃതി.

## 3.90 മർത്യജന്മമിഹ. . . (വാസുദേവൻ)

രഥോദ്ധത

മർത്യജന്മമിഹ തന്നതങ്ഗനാ–
ഭൃത്യവേലയതിനോ, ഭവപ്രിയേ?
അസ്തു കൽപ്പിതമെനിക്കതെങ്കിൽ, നിൻ
നിത്യദാസ്യമടിയന്നു സമ്മതം.

## 3.91 ആറ്റിൻ വക്കിലൊടുക്കം. . . (ഉമേഷ്)[23]

ശാർദ്ദൂലവിക്രീഡിതം

ആറ്റിൻ വക്കിലൊടുക്കമെച്ചഷകവും നീട്ടിക്കൃപാപൂർണ്ണനാ–
യുറ്റോരുത്സവമാർന്ന നിന്നുയിരിനെ പ്രത്യാഹരിച്ചീടുവാൻ
മുറ്റീടുന്ന കറുത്ത വീഞ്ഞിയലുമക്കാലൻ ക്ഷണിക്കുമ്പൊൾ നീ
ചെറ്റും പേടിയെഴാതെയൊറ്റവലിയാൽ വേഗം കുടിച്ചേക്കണം

**Omar Khayyam**-ന്റെ *Rubaiyat*-ന് എം. പി. അപ്പന്റെ തർജ്ജമയായ *ജീവിതോത്സവ*ത്തിൽ നിന്നു്.

---

[21] [*ഉമേഷ്*] ശ്ലോകം **3.88 :** മൂലശ്ലോകം (കാളിദാസൻ) :

സ്വ സ്വജേ പ്രിയമുരോനിപീഡിതം
പ്രാർത്ഥിതം മുഖമനേന നാഹരേത്
മേഖലാപനയലോലതാം ഗതം
ഹസ്തമസ്യ ശിഥിലം രുരോധ ച

[22] 'മ' എന്ന അക്ഷരത്തിനു രണ്ടു പേർ ശ്ലോകങ്ങളയച്ചപ്പോൾ ഇടയിൽ തിരുകാനായി അതേ വൃത്തത്തിൽ രചിച്ച ശ്ലോകം.

[23] [*ഉമേഷ്*] ശ്ലോകം **3.91 :** മൂലപദ്യം (ഉമർ ഖയ്യാം) :

So when that Angel of the darker Drink
At last shall find you by the river-brink
And, offering his Cup, invite your Soul
Forth to your Lips to quaff–you shall not shrink!

## 3.92 മർത്യാകാരേണ ഗോപീ. . . (ഹരി)

സ്രഗ്ദ്ധര

മർത്യാകാരേണ ഗോപീവസനനിര കവർന്നോരു ദൈത്യാരിയെത്തൻ
ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീതിക്കു തെറ്റില്ല, പക്ഷേ
പൊൽത്താർ മാതാവിതാ തൻ കണവനെ വിട്ടുവാനാശ്രയിക്കുന്ന ദാസീ–
വൃത്യാ നിത്യം ഭവാനെ, ക്കനിവവളിലുദിക്കൊല്ല കാരുണ്യരാശേ!

കവി : ഒറവങ്കര

## 3.93 പാലിൽച്ചായയൊഴിയ്ക്കയോ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാലിൽച്ചായയൊഴിയ്ക്കയോ ഗുണകരം? ചേലോടെയച്ചായതൻ-
മേലേ പാലതൊഴിയ്ക്കയോ ഗുണകരം? തർക്കിച്ചു വീട്ടമ്മമാർ
പാലും ചായയുമൊന്നിനൊന്നുപകരം ചാലിച്ചു ചാലിച്ചു പോയ്
പാലിൽ ചായയൊഴിയ്ക്കുകെന്ന വിധിയായ്, ചാലേ ഗവേഷിപ്പവർ!

**ഏവൂർ പരമേശ്വരന്റെ** *മോഡേൺ മുക്തകങ്ങളിൽ* **നിന്ന്.**

## 3.94 പണ്ടേയുണ്ടു മനുഷ്യനിഗ്ഗുണ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പണ്ടേയുണ്ടു മനുഷ്യനിഗ്ഗുണപുരോഭാഗിത്വ, മദ്ദുർഗ്ഗുണം
കണ്ടേറുന്ന വിവേകശക്തിയതിനെക്കൊന്നില്ലയിന്നേവരെ.
മിണ്ടേണ്ടാ കഥ - ഹന്ത, യിന്നിതു വെറും മൂർഖത്വമോ മോഹമോ
വണ്ടേ, നീ തുലയുന്നു, വീണയി വിളക്കും നീ കെടുക്കുന്നിതേ!

**കുമാരനാശാന്റെ** *പ്രരോദനത്തിൽ* **നിന്ന്.**

## 3.95 മൂടില്ലാത്തൊരു മുണ്ടുകൊണ്ടു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങിനെ
നാടൻ കച്ചയുടുത്തു മേനിമുഴവൻ ചേറും പുരണ്ടിപ്പൊഴീ–
പ്പാടത്തുന്നു വരുന്ന നിൻ വരവു കണ്ടേറെക്കൊതിക്കുന്നു ഞാൻ

കവി : പൂന്തോട്ടത്തു നമ്പൂതിരി

## 3.96 നീയിന്ത്യയ്ക്കൊരു ശാപമായി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നീയിന്ത്യയ്ക്കൊരു ശാപമായിവരുമെന്നാരോർത്തു! യജ്ഞപ്പുക–
ത്തീയിൽപ്പണ്ടു കുരുത്ത മാനവമഹാസംസ്കാരമല്ലല്ലി നീ?
ചായില്യങ്ങൾ വരച്ച പൊയ്മുഖവുമായ് നിൻ മന്ത്രവാദം നിന–
ക്കീയില്ലത്തു നിറുത്തുവാൻ സമയമായില്ലേ, സമൂഹാന്ധതേ?

കവി: വയലാർ

## 3.97 ചെന്നായിൻ ഹൃത്തിനും ഹാ. . . (ഉമേഷ്)

സ്രഗ്ദ്ധര

ചെന്നായിൻ ഹൃത്തിനും ഹാ, ഭുവി നരഹൃദയത്തോളമയ്യോ, കടുപ്പം
വന്നിട്ടില്ലാ, ഭുജിപ്പൂ മനുജനെ മനുജൻ, നീതി കൂർക്കം വലിപ്പൂ,
നന്നാവില്ലിപ്രപഞ്ചം, ദുരയുടെ കൊടിയേ പൊങ്ങൂ, നാറ്റം സഹിച്ചും
നിന്നീടാനിച്ഛയെന്നോ? മായ, മനുജ, നീ പോക, മിണ്ടാതെ പോകൂ!

കവി : ചങ്ങമ്പുഴ

## 3.98 നാരീമൗലികൾ വന്നണഞ്ഞ്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാരീമൗലികൾ വന്നണഞ്ഞടിതൊഴുന്നെന്നോമനപ്പുത്രിയാൾ
“സാരീഗാമപധാനി”യെന്ന സരസം സപ്തസ്വരം സാദരം
സ്ഫാരീഭൂതവിലാസമോട്ട നിയതം പാടുന്നതിൻ ധാടി കേ–
ട്ടാരീ വത്സല ഭാവമോടിനി രസിച്ചീടുന്ന കൂട്ടം മുദാ?

കെ. സി. കേശവപിള്ളയുടെ *ആസന്ന മരണ ചിന്താശതക*ത്തിൽ നിന്ന്.

## 3.99 സാനന്ദം സുപ്രഭാതോദയ. . . (ഹരി)

സ്രഗ്ദ്ധര

സാനന്ദം സുപ്രഭാതോദയ മഹിമ പുകഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ ഗവാക്ഷം വഴി ദിനമണി തൻ കൈകളാൽ പുൽകയാലോ
തേനഞ്ചും വാണിയാളേ, ചുടലയൊട്ടു സമീപിച്ച നിൻ ദീർഘ നിദ്ര–
യ്ക്കൂനം പറ്റില്ല, നിൻ കണ്ണുകൾ നിയതി നിയോഗത്തിനാൽ മുദ്രിതങ്ങൾ

വി. സി. ബാലകൃഷ്ണപ്പണിക്കരുടെ *ഒരു വിലാപ*ത്തിൽ നിന്ന്.

## 3.100 തെണ്ടേണം പല ദിക്കിൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

തെണ്ടേണം പല ദിക്കിൽ നാഥനു തുണയ്, ക്കെന്നാലുമന്നന്നു കോൽ
കൊണ്ടേറെ പ്രഹരം സഹിക്കണമഹോ പെട്ടതലയ്ക്കാണതും.
പണ്ടേ നീ പരതന്ത്രനാം, കയർ വരിഞ്ഞംഗങ്ങൾ ബദ്ധങ്ങളായ്,
ചെണ്ടേ നിന്റെയകത്തെ വേദന പുറത്താരുണ്ടറിഞ്ഞീടുവാൻ?

കവി: ടി. എം. വി.

## 3.101 പദ്യം നൂറു തികഞ്ഞു. . . (ഉമേഷ്)[24]

ശാർദ്ദൂലവിക്രീഡിതം

പദ്യം നൂറു തികഞ്ഞു, ശാസ്ത്രയുഗമാമിന്നക്ഷരശ്ലോകമാം
വിദ്യയ്ക്കിത്രയുമാളിരിപ്പതതിയാമാഹ്ലാദമേകുന്ന മേ!
ഹൃദ്യം ശ്ലോകവിശിഷ്ടഭോജ്യമിനിയും നൽകേണമീ സാഹിതീ–
സദ്യയ്ക്കേവരു, മെൻ കൃതജ്ഞതയിതാ നിങ്ങൾക്കു നൽകുന്നു ഞാൻ!

ഉമേഷിന്റെ സ്വന്തം കൃതി.

## 3.102 ഹലധാരിയായ ബലരാമനോടു. . . (ജ്യോതി)

മഞ്ജുഭാഷിണി

ഹലധാരിയായ ബലരാമനോടു ചേർ–
ന്നുലകിന്റെ ഭാരമഖിലം ഹരിയ്ക്കുവാൻ
അവതാരമാർന്ന ഹരി കട്ടു ശുദ്ധമാം
നവനീത ഗോപവനിതാമനസ്സുകൾ

## 3.103 അമ്പാടിക്കൊരു ഭൂഷണം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

അമ്പാടിക്കൊരു ഭൂഷണം, രിപുസമൂഹത്തിന്നഹോ ഭീഷണം,
പൈമ്പാൽ വെണ്ണ തയിർക്കു മോഷണ, മതിക്രൂരാത്മനാം പേഷണം,
വൻപാപത്തിനു ശോഷണം, വനിതമാർക്കാനന്ദസംപോഷണം,
നിൻപാദം മതി ഭൂഷണം - ഹരതു മേ മഞ്ജീരസങ്ഘോഷണം

പൂന്താനത്തിന്റെ *ശ്രീകൃഷ്ണകർണ്ണാമൃത*ത്തിൽ നിന്നും.

## 3.104 വീർത്തുന്തും വയറേന്തി. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വീർത്തുന്തും വയറേന്തി നൊന്തു വിവശം പെറ്റോരു മാതാവിനേ
തീർത്തും തീവ്രമപത്യദുഃഖമറിയൂ സാരാജ്നഹീര, പ്രഭോ;
പേർത്തും മക്കൾ മരിച്ചതോർത്തുമഴലാൽ ചീർത്തും ചുടുക്കണ്ണുനീർ
വാർത്തും വാണിടുമെന്റെ ദുർദ്ദശ കൃപിക്കെന്നാളുമുണ്ടാകൊലാ

പ്രേംജിയുടെ *നാൽക്കാലിക*ളിൽ നിന്ന്.

## 3.105 പശുക്കിടാവായൊരു. . . (വിശ്വപ്രഭ)

ഉപേന്ദ്രവജ്ര

പശുക്കിടാവായൊരു പാപി വന്നു
ശിശുക്കൾ കൂട്ടത്തിലടുത്ത നേരം
വശത്തു വെച്ചങ്ങു വധിച്ച കണ്ണൻ
നശിക്കുമല്ലായ്കിലി വിശ്വമെല്ലാം

## 3.106 വിശ്വാധീശം ഗിരീശം. . . (കർത്താ)

സ്രഗ്ദ്ധര

വിശ്വാധീശം ഗിരീശം കതിചിദഭിജഹുഃ കേശവം കേചിദാഹു–
സ്തേഷ്വിത്യന്യോന്യ വാദവ്യതികര വിവശേഷ്വന്തരുദ്യദ്ദയാർദ്രഃ

[24] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. E-sadass 100 ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയത്.

യസ്സാക്ഷാദ് ഭ്രുയ സാക്ഷാദുപദിശതിപരം തത്ത്വമദ്വൈതമാദ്യം
സോയം വിശ്വൈകവന്ദോ ഹരിഹര തനയഃ പൂരയേന്മങ്ഗളം വഃ

**എണ്ണയ്ക്കാട്ടു രാജരാജവർമ്മ** തകഴി ശാസ്താവിനെപ്പറ്റി എഴുതിയത്.

## 3.107 യുക്തിശ്രീനയനങ്ങളിൽത്തളിക. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

യുക്തിശ്രീനയനങ്ങളിൽത്തളികയിറ്റീടുന്ന ശീതാഞ്ജനം
മുക്തിശ്രീകബരീഭരത്തിലനിശം ചൂടുന്ന ചന്ദ്രക്കല
ഭക്തിശ്രീതിരുനാവുകൊണ്ടു നുകരും ദിവ്യാനുരാഗാമൃതം
സേവിച്ചീടുക രാമനാമദശമൂലാരിഷ്ടമെല്ലായ്പ്പൊഴും

കവി : **ഓട്ടൂർ ഉണ്ണിനമ്പൂതിരി**

## 3.108 ഭവാനുഭവ യോഗ്യമാം. . . (കർത്താ)

പൃഥ്വി

ഭവാനുഭവ യോഗ്യമാം ഭുവനഭാഗ്യമേ! പങ്കജോദ്–
ഭവാബ്ധിഭവനാദി ഭക്തജന ഭുക്തിമുക്തിപ്രദേ!
ഭവാനിഭയമാറ്റണേ, ഭവദനുഗ്രഹം തെറ്റിയാൽ
ഭവാനി! ഭവനം ഭവദ്ഭവഭയം ഭവിക്കും ഭൃശം

കവി : **കുണ്ടൂർ നാരായണ മേനോൻ**

## 3.109 ഭങ്ഗ്യാ ഭാസുരഗാത്രിയാകുമിവളെ. . . (ഹരി)[25]

ശാർദ്ദൂലവിക്രീഡിതം

ഭങ്ഗ്യാ ഭാസുരഗാത്രിയാകുമിവളെസ്സൃഷ്ടിച്ചവൻ ബ്രഹ്മനോ?
ശൃങ്ഗാരി സ്മരനോ? സിതാംശു ഭഗവാൻ താനോ? വസന്താഖ്യനോ?
മങ്ങാതോത്തു മുഷിഞ്ഞിരുന്നരുകഴിച്ചിഗ്ഗന്ധമില്ലാത്തൊരാ–
ച്ചങ്ങാതിക്കിഴവൻ മുനിക്കിവളെ നിർമ്മിപ്പാൻ തനിച്ചാകുമോ?

**കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ** *വിക്രമോർവ്വശീയം* തർജ്ജമയിൽ നിന്ന്.

## 3.110 മല്ലാരിപ്രിയയായ ഭാമ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ? തേർ തെളി–
ച്ചില്ലേ പണ്ടു സുഭദ്ര? പാരിതു ഭരിക്കുന്നില്ലെ വിക്ടോറിയാ?
മല്ലാക്ഷീമണികൾക്കു പാടവമിവയ്ക്കെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിതയ്ക്കു മാത്രമവരാളല്ലെന്നു വന്നീടുമോ?

**ഇക്കാവമ്മയുടെ** *സുഭദ്രാധനഞ്ജയം* നാടകത്തിൽ നിന്ന്.

## 3.111 മണ്ണിലുണ്ടു കരിവിണ്ണിലുണ്ടു. . . (ജ്യോതി)

കുസുമമഞ്ജരി

മണ്ണിലുണ്ടു കരിവിണ്ണിലുണ്ടു കളിയാടിടുന്ന കലമാനിലും

---

[25] *[ഉമേഷ്]* **ശ്ലോകം 3.109 :** മൂലശ്ലോകം **(കാളിദാസൻ)**:

അസ്യാഃ സർഗ്ഗവിധൗ പ്രജാപതിരഭൂച്ചന്ദ്രോ നു കാന്തപ്രദഃ
ശൃങ്ഗാരൈകരസഃ സ്വയം നു മദനോ മാസോ നു പുഷ്പാകരഃ
വേദാഭ്യാസജഡഃ കഥം നു വിഷയവ്യാവൃത്തകൗതൂഹലോ
നിർമ്മാതും പ്രഭവേന്മനോഹരമിദം രൂപോ പുരാണോ മുനിഃ?

കണ്ണിറുക്കി നറുപാൽ കുടിയ്ക്കുമൊരു പൂച്ച, പൂ, പുഴ, പശുക്കളിൽ
കണ്ണിനുള്ള വിഷയങ്ങളായവയിലൊക്കെ രാധികയറിഞ്ഞതാ
വെണ്ണ കട്ടവനെ; യന്നു തൊട്ടു ഹരി കണ്ണനെന്ന വിളി കേട്ടപോൽ!

കവി : പി. സി. മധുരാജ്

## 3.112 കാടല്ലേ നിന്റെ ഭർത്താവിനു. . . (ഉമേഷ്)

സ്രഗ്ദ്ധര

"കാടല്ലേ നിന്റെ ഭർത്താവിനു ഭവന?" –"മതേ, നിന്റേയോ?"; "നിന്മണാളൻ
ചൂടില്ലേ പന്നഗത്തെ?" –"ശൗരി, തവ കണവൻ പാമ്പിലല്ലേ കിടപ്പൂ?";
"മാടല്ലേ വാഹനം നിൻ ദയിത" –"നതിനെയും നിൻ പ്രിയൻ മേയ്പ്പതില്ലേ?";
"കൂടില്ലേ തർക്ക" - മെന്നങ്ങുമ രമയെ മടക്കും മൊഴിയ്ക്കായ് തൊഴുന്നേൻ!

കവി : വെണ്മണി മഹൻ

## 3.113 മല്ലന്മാർക്കിടിവാൾ. . . (ഋഷി)[26]

ശാർദ്ദൂലവിക്രീഡിതം

മല്ലന്മാർക്കിടിവാൾ, ജനത്തിനരചൻ, മീനാങ്കനേണാക്ഷിമാർ–
ക്കില്ലത്തിൽ സഖി വല്ലവർ,ക്കരി ഖലർ,ക്കന്നന്ദനോ നന്ദനൻ,
കാലൻ കംസനു, ദേഹികൾക്കിഹ വിരാൾ, ജ്ഞാനിക്കു തത്ത്വം പരം,
മൂലം വൃഷ്ണികുലത്തിനെന്നു കരുതീ മാലോകരക്കണ്ണനെ.

*ഭാഗവത*ത്തിലെ ഒരു ശ്ലോകത്തിനു **ഏ. ആർ. രാജരാജവർമ്മ**യുടെ തർജ്ജമ.

## 3.114 കട്ടിന്മേൽ മൃദുമെത്തയിട്ട്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കട്ടിന്മേൽ മൃദുമെത്തയിട്ടതിനുമേലേറെഗ്ഗുണം ചേർന്നിടും
പട്ടും മറ്റുവിശേഷമുള്ളവകളും നന്നായ് വിരിച്ചങ്ങിനെ
ഇഷ്ടം പോലെ കിടന്നുറങ്ങുമവരാപ്പാറപ്പുറത്തേറ്റവും
കഷ്ടപ്പെട്ടു കിടന്നതോർത്തധികമായുൾത്താരു കത്തുന്നു മേ.

**നടുവത്തച്ഛ**ന്റെ *ഭഗവദ്ദൂത്* നാടകത്തിൽ നിന്ന്.

## 3.115 ഈവണ്ണമമ്പൊടു. . . (കർത്താ)

വസന്തതിലകം

ഈവണ്ണമമ്പൊടു വളർന്നഥ നിന്റെയങ്ഗ–
മാവിഷ്ക്കരിച്ചു ചില ഭങ്ഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

**കുമാരനാശാ**ന്റെ *വീണപൂ*വിൽ നിന്ന്.

## 3.116 ഭക്ത്യാ ഞാനെതിരേ. . . (ജ്യഷി)

ശാർദ്ദൂലവിക്രീഡിതം

ഭക്ത്യാ ഞാനെതിരേ കളിച്ച ഭഗവത്പാദാരവിന്ദങ്ങളെ–
ച്ചിത്തേ ചേർത്തൊരരക്ഷണം മിഴിയടച്ചമ്പോടിരിക്കും വിധൗ
അപ്പോൾ തോന്നിയെനിക്ക ബാലശശിയും കോടീരവും ഗങ്ഗയും
ബ്രഹ്മന്റേ തലയും കറുത്ത ഗളവും മറ്റുള്ള ഭൂതാക്കളും

കവി : ചേലപ്പറമ്പു നമ്പൂതിരി

## 3.117 അഭ്യുദ്ഗച്ഛദഖണ്ഡശീത. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അഭ്യുദ്ഗച്ഛദഖണ്ഡശീതകിരണാഹങ്കാരസർവങ്കഷ–
സ്ഫായന്മഞ്ജിമസമ്പദാനനഗളത്കാരുണ്യമന്ദസ്മിതം
ഖദ്യോതായുതകോടിനിസ്തുലമഹസ്സന്ദോഹപാരമ്പരീ–
ഖദ്യോതീകരണപ്രവീണസുഷമം വാതാലയേശം ഭജേ

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *ഗുരുവായൂപുരേശസ്തവ*ത്തിൽ നിന്ന്.

## 3.118 ഖേദത്രാസനിമിത്തമിപ്പൊഴുളവാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖേദത്രാസനിമിത്തമിപ്പൊഴുളവാം സ്വേദാംബുവാൽ തിങ്കളിൻ
പാദം കൊണ്ടു കിനിഞ്ഞ ചന്ദ്രമണി ചേർന്നുണ്ടായ ഹാരത്തിനെ
ഖേദിപ്പിച്ചിടുമിക്കരം പ്രിയതമേ, വൈദേഹി, യെൻ ജീവനാ–
മോദം നൽകുവതിന്നു വേണ്ടിയുടനെൻ കണ്ഠത്തിലർപ്പിക്കെടോ!

ഭവഭൂതിയുടെ *ഉത്തരരാമചരിതം നാടക*ത്തിനു ചാത്തുക്കുട്ടി മന്നാടിയാരുടെ തർജ്ജമയിൽ നിന്ന്.

## 3.119 ഖണ്ഡിക്ക വഹ്നിയതിൽ. . . (ഹരി)[27]

വസന്തതിലകം

ഖണ്ഡിക്ക വഹ്നിയതിലിട്ടതിതാപമേറ്റി–
ട്ടുണ്ഡിക്കയെന്നിവയിലില്ലൊരു ദുഃഖവും മേ
കുന്നിക്കെഴുന്ന കുരുവോടു സുവർണ്ണമാകു–
മെന്നെക്കലർത്തിയിഹ തൂക്കുവതാണു കഷ്ടം

കെ. സി കേശവപിള്ളയുടെ സുഭാഷിത രത്നാകരത്തിൽ നിന്ന്.

## 3.120 കണ്ടാൽ ശരിയ്ക്കു കടലിന്മകൾ. . . (ഉമേഷ്)

വസന്തതിലകം

കണ്ടാൽ ശരിയ്ക്കു കടലിന്മകൾ, നാവിളക്കി–

---

[26] [*ഉമേഷ്*] **ശ്ലോകം 3.113 :** മൂലശ്ലോകം:

മല്ലാനാമശനിർ, നൃണാം നരവരഃ, സ്ത്രീണാം സ്മരോ മൂർത്തിമാൻ,
ഗോപാനാം സ്വജനോഽസതാം ക്ഷിതിഭുജാം ശാസ്താ, സ്വപിത്രോഃ ശിശുഃ
മൃത്യുർഭോജപതേർ, വിരാഡവിദുഷാം, തത്വം പരം യോഗിനാം,
വൃഷ്ണീനാം കുലദേവതേതി വിദിതോ രങ്ഗം ഗതഃ സാഗ്രജഃ

[27] ഈ ശ്ലോകം മുതൽ ചെറിയ വൃത്തങ്ങ(19-ൽ കുറച്ച് അക്ഷരങ്ങൾ ഒരു വരിയിലുള്ളവ)ളിലുള്ള ശ്ലോകങ്ങൾ മാത്രം ചൊല്ലാനുള്ള ഒരു അഭ്യാസം നടന്നു. അത് ശ്ലോകം 151 വരെ നീണ്ടു.

ക്കൊണ്ടാൽ സരസ്വതി, കൃപാണിയെടുത്തു നിന്നാൽ
വണ്ടാറണിക്കുഴലി ദുർഗ്ഗ, യിവണ്ണമാരും
കൊണ്ടാട്ടുമാറു പല മട്ടു ലസിച്ചിരുന്നു.

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

## 3.121 വൈരാഗ്യമേറിയൊരു. . . (രാജേഷ്)

വസന്തതിലകം

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ–
വൈരിയ്ക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ
നേരേ വിടർന്നു വിലസീടിന നിന്ന നോക്കി–
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം.

കുമാരനാശാന്റെ *വീണ പൂ*വിൽ നിന്ന്.

## 3.122 നാരായണൻ തന്റെ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നാരായണൻ തന്റെ പദാരവിന്ദം
നാരീജനത്തിന്റെ മുഖാരവിന്ദം
മനുഷ്യനായാലിവരണ്ടിലൊന്നു
നിനച്ചുവേണം ദിവസം കഴിപ്പാൻ

## 3.123 മഹീപതേ ഭാഗവതോപമാനം. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്

കവി : രാമപുരത്തു വാര്യർ

## 3.124 നിന്ദന്തു നീതിനിപുണാഃ. . . (ഉമേഷ്)

വസന്തതിലകം

നിന്ദന്തു നീതിനിപുണാഃ യദി വാ സ്തുവന്തു
ലക്ഷ്മീ സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാത് പഥഃ പ്രവിചലന്തി പദം ന ധീരാഃ

ഭർതൃഹരിയുടെ *നീതിശതക*ത്തിൽ നിന്ന്.

## 3.125 അങ്ഗത്തിലെങ്ങുമണിയാത്തൊരു. . . (രാജേഷ്)[28]

വസന്തതിലകം

അംഗത്തിലെങ്ങുമണിയാത്തൊരു ഭൂഷണം താൻ

[28] [*ഉമേഷ്*] **ശ്ലോകം 3.125 :** മൂലശ്ലോകം (കാളിദാസൻ) :
അസംഭൃതം മണ്ഡനമങ്ഗയഷ്ടേ–
രനാസവാഖ്യം കരണം മദസ്യ
കാമസ്യ പുഷ്പവ്യതിരിക്തമസ്ത്രം
ബാല്യാത് പരം സാഥ വയഃ പ്രപേദേ.

മദ്യാഖ്യയെന്നിയെ മദത്തിനു കാരണം താൻ
കാമന്നു പൂമലരൊഴിഞ്ഞൊരു സായകം താൻ
ബാല്യം കഴിഞ്ഞൊരു വയസ്സവളാശ്രയിച്ചാൾ

**ഏ. ആർ. രാജരാജ വർമ്മയുടെ** *കുമാരസംഭവം തർജ്ജമ* (1:30) **യിൽ നിന്ന്.**

## 3.126 കല്പദ്രുകല്പദ്രുപദേന്ദ്ര. . . (ഹരി)

ഇന്ദ്രവജ്ര

കല്പദ്രുകല്പദ്രുപദേന്ദ്ര പുത്രീ–
സാരസ്യ സാരസ്യ നിവാസ ഭൂമിം
നാളീക നാളീക ശരാർദ്ദിതാസാ
മന്ദാക്ഷമന്ദാക്ഷരമേവമൂചേ

കവി : കോട്ടയത്തു തമ്പുരാൻ

## 3.127 ന യത്ര സ്ഥേമാനം. . . (കർത്താ)

ശിഖരിണി

ന യത്ര സ്ഥേമാനം ദധുരതിഭയോദ്ഭ്രാന്തനയനാ
ഗളദ്ദാനോദ്ദാമഭ്രമദളികദംബാഃ കരടിനഃ
ലുഠന്മുക്താഹാരേ ഭവതി പരലോകം ഗതവതോ
ഹരേരദ്യ ദ്വാരേ ശിവശിവ! ശിവാനാം കളകളഃ

കവി : പട്ടതോൾ വിദ്വാൻ നമ്പൂതിരിപ്പാട്

## 3.128 ലീലാരണ്യേ വിഹഗമൃഗയാ. . . (ഉമേഷ്)

മന്ദാക്രാന്ത

ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ, കമപി നിഹനിച്ചീടിനേൻ നീഡജത്തെ
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ, ചൊല്ലിയില്ലേ?

**കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ** *മയൂരസന്ദേശ*ത്തിൽ നിന്ന്.

## 3.129 മായാവിനാഥ ഹരിണാകഥി. . . (കർത്താ)

വസന്തതിലകം

മായാവിനാഥ ഹരിണാകഥി സാരസേന–
പുത്രീപ്രപൂജ്യവദനേ സ്ഫുട സാരസേന
ഹാ ദ്വേഷപാത്രമഹമസ്മ്യുരുസാരസേന–
ഭ്രമീഭൃതാം ത്വയി പരം തമസാ രസേന

**കട്ടമത്തുത് ചെറിയ രാമക്കുറുപ്പിന്റെ** *രുക്മിണീ സ്വയംവരം* യമക കാവ്യത്തിൽ നിന്ന്.

## 3.130 ഹാ ജന്യസീമ്നി പല. . . (ഉമേഷ്)

വസന്തതിലകം

ഹാ! ജന്യസീമ്നി പല യോധഗണത്തെയൊറ്റയ്–
ക്കോജസ്സു കൊണ്ടു വിമഥിച്ച യുവാവു തന്നെ
വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ–
രാജന്നെഴും സചിവപുംഗവ, മംഗളം തേ!

**വള്ളത്തോളിന്റെ** *ബന്ധനസ്ഥനായ അനിരുദ്ധ*നിൽ നിന്ന്.

## 3.131 വ്യാളം വിഭൂതിയിവ. . . (രാജേഷ്)

വസന്തതിലകം

വ്യാളം വിഭൂതിയിവ പൂ, ണ്ടഖിലാഗമങ്ങൾ–
ക്കാലംബമായ്, ഭൂതഗ്രഹത്വമൊടൊത്തുകൂടി,
കോലം ശിവാകലിതമാക്കിയുമിഗ്ഗിരീശൻ
ശ്രീലദ്വിജാധിപനെ മൗലിയിലേന്തിടുന്നു.

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

## 3.132 കിഴവനെ യുവാവാക്കും. . . (ഉമേഷ്)

ഹരിണി

കിഴവനെ യുവാവാക്കും വാക്കും തിലപ്രസവപ്രഭയ്–
ക്കഴലനുദിനം മൂക്കും മൂക്കും മിനുത്തൊരു ഗണ്ഡവും
മിഴികളടിയാലാക്കും ലാക്കും തകർപ്പൊരു കാറണി–
ക്കുഴലിയിവൾ തൻ നോക്കും നോക്കും തരുന്നൊരു കൗതുകം.

കുട്ടമത്തിന്റെ ഒരു യമകശ്ലോകം.

## 3.133 മുമ്പിൽ ഗമിച്ചീടിന ഗോവു. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മുമ്പിൽ ഗമിച്ചീടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം
ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം

കുഞ്ചൻ നമ്പ്യാരുടെ *ശ്രീകൃഷ്ണചരിതം മണിപ്രവാള*ത്തിൽ നിന്ന്.

## 3.134 ഒരല്ലലില്ലെങ്കിലെനിക്കു. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ഒരല്ലലില്ലെങ്കിലെനിക്കു കല്ലാ–
യിരിക്കലാണെത്രെയുമേറെയിഷ്ടം
മരിച്ചുപോം മർത്ത്യതയെന്തിനായി–
ക്കരഞ്ഞിടാനും കരയിച്ചിടാനും.

നാലാപ്പാട്ടു നാരായണമേനോന്റെ *കണ്ണുനീർത്തുള്ളി*യിൽ നിന്ന്.

## 3.135 മഞ്ജുത്വമാർന്ന മണിരാശി. . . (ഹരി)[29]

വസന്തതിലകം

മഞ്ജുത്വമാർന്ന മണിരാശി പെറും മലയ്ക്കു
മഞ്ഞിന്റെ ബാധയഴകിന്നൊരു ഹാനിയല്ല
മുങ്ങുന്നപോൽ ഗുണഗണങ്ങളിലൊറ്റ ദോഷ–
മങ്കം ശശാങ്കകിരണങ്ങളിലെന്നപോലെ

ഏ. ആർ രാജരാജ വർമ്മയുടെ *കുമാരസംഭവം തർജ്ജമ*യിൽ നിന്ന്.

---

[29] [*ഉമേഷ്*] ശ്ലോകം **3.135 :** മൂലശ്ലോകം (കാളിദാസൻ) :

അനന്തരത്നപ്രഭവസ്യ യസ്യ
ഹിമം ന സൗഭാഗ്യവിലോപി ജാതം
ഏകോ ഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ

## 3.136 മണപ്പിച്ചു ചുംബിച്ചു. . . (ഉമേഷ്)

ഭുജംഗപ്രയാതം

മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി–
ട്ടിണങ്ങാതെ താഴത്തെറിഞ്ഞാൻ കുരങ്ങൻ
മണിശ്രേഷ്ഠ! മാഴ്കൊല്ല, നിന്നുള്ളു കാണ്മാൻ
പണിപ്പെട്ടുടയ്ക്കാഞ്ഞതേ നിന്റെ ഭാഗ്യം!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

## 3.137 മാതേവ രക്ഷതി പിതേവ ഹിതേ. . . (ഹരി)

വസന്തതിലകം

മാതേവ രക്ഷതി പിതേവ ഹിതേ നിയുങ്ക്തേ
കാന്തേവ ചാപി രമയത്യപനീയ ഖേദം
ലക്ഷ്മീം തനോതി വിതനോതി ച ദിക്ഷു കീർത്തിം
കിം കിം ന സാധയതി കല്പലതേവ വിദ്യാ

## 3.138 ലാളിച്ചു പെറ്റ ലത. . . (ഉമേഷ്)

വസന്തതിലകം

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ,
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആ ലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ

കവി : **കുമാരനാശാൻ**, കൃതി : *വീണപൂവ്*

## 3.139 അസ്ത്യുത്തരസ്യാം ദിശി. . . (ഹരി)[30]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോനാമ നഗാധിരാജഃ
പൂർവാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം*

## 3.140 പലവഴി പതറി. . . (കർത്താ)

പുഷ്പിതാഗ്ര

പലവഴി പതറിപ്പടർന്ന കോപ-
ജ്വലനനെരിഞ്ഞു പുകഞ്ഞു കണ്ണുരുട്ടി
ഖലനവനരവാൾ വലിച്ചു വായ്ക്കും
ബലമൊടു ജാനകി തന്റെ നേർക്കു ചാടി

കവി : **ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്** , കൃതി : *മദ്ധ്യസ്ഥയായ മണ്ഡോദരി*

---

[30] [*ഉമേഷ്*] **ശ്ലോകം 3.139 :** പദ്യതർജ്ജമ (ഉമേഷ് നായർ) :

വടക്കുദിക്കിങ്കൽ ഹിമാലയാഖ്യൻ
നിൽക്കുന്നിതേ ദൈവികനദ്രിരാജൻ
മേക്കും കിഴക്കും കടലിൻ നടുക്കായ്
ഭൂമിയ്ക്കളക്കാനൊരു കോലു പോലെ.

## 3.141 വേദിച്ചിടൊല്ല കളകണ്ഠ. . . (ഉമേഷ്)

വസന്തതിലകം

വേദിച്ചിടൊല്ല കളകണ്ഠ! വിയത്തിൽ നോക്കി
രോദിച്ചിടേണ്ട, രുജയേകമതിജ്ജനത്തിൽ
വേദിപ്പതില്ലിവിടെയുണ്മ തമോവൃതന്മാ-
രാദിത്യലോകമറിയുന്നിതു നിൻ ഗുണങ്ങൾ.

കവി : **കുമാരനാശാൻ**

## 3.142 വനഭൂവിൽ നശിപ്പു താൻ പെറും. . . (കർത്താ)

വിയോഗിനി

വനഭൂവിൽ നശിപ്പു താൻ പെറും
ധനമന്യാർത്ഥമകന്നു ശാലികൾ
ഘനമറ്റു കിടപ്പു മുത്തു തൻ
ജനനീശുക്തികൾ നീർക്കയങ്ങളിൽ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.143 ഘോരാഗ്നിയല്ല. . . (ഹരി)

വസന്തതിലകം

ഘോരാഗ്നിയല്ല,പടയല്ലി,ടിയല്ലിതുഗ്ര-
വാരാശിയല്ല,രിയഭൂമികലുക്കമല്ല
പാരാളിടും ചുഴലിയല്ലിതു,പിന്നെയെന്താ-
ണാരാൻ വരുന്ന പുകവണ്ടി,യതാണു ഘോഷം

കവി : **ഒട്ടവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ**

## 3.144 പനിമതിമകുടാലങ്കാര. . . (കർത്താ)

മാലിനി

പനിമതിമകുടാലങ്കാര! നീയേ സഹായം
ജനിമൃതിഭയമയ്യോ! നൊന്തിടുന്നന്തരംഗം
ഘനചരിത രസാബ്ധേ! നിന്നെയുന്നി സ്തുതിപ്പാൻ
തുനിയുമളവു തോന്നും വാണി നാണിച്ചിടുന്നു

കവി : **കുമാരനാശാൻ**, കൃതി : *സുബ്രഹ്മണ്യശതകം*

## 3.145 ഘനനിര തനിയേ. . . (ഉമേഷ്)[31]

പുഷ്പിതാഗ്ര

ഘനനിര തനിയേ തരുന്ന തണ്ണീർ,
അമൃതകരൻ ചൊരിയുന്ന പൂനിലാവ്,
ഇതുകൾ പരമവൾക്കു പാരണയ്ക്കായ്
അചരജഗത്തതിനെന്ന പോലെ തന്നെ.

കവി : **ഏ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം തർജ്ജമ (5:22)*

[31] [*ഉമേഷ്*] ശ്ലോകം **3.145 :** മൂലശ്ലോകം (കാളിദാസൻ):

അയാചിതോപസ്ഥിതമംബു കേവലം
രസാത്മകസ്യോഡുപതേശ്ച രശ്മയഃ
ബഭൂവ തസ്യാഃ ഖലു പാരണാവിധിർ-
ന വൃക്ഷവൃത്തിവ്യതിരിക്തസാധനം.

## 3.146 ഇവളെന്തിനിതന്യഭുക്തയാൾ. . . (വിശ്വപ്രഭ)

വിയോഗിനി

ഇവളെന്തിനിതന്യഭുക്തയാ-
ളവനീസംഭവയാൾ വിരക്തയാൾ?
തവ ദേവവധുക്കൾ തോൽക്കുവോ-
രവരോധാങ്ഗനമാർകളില്ലയോ?

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ / ശക്തിഭദ്രൻ**, കൃതി : *ആശ്ചര്യചൂഡാമണി തർജ്ജമ*

## 3.147 തരങ്ഗതരളാക്ഷി നിൻ. . . (കർത്താ)

പൃഥ്വി

തരങ്ഗതരളാക്ഷി! നിൻ തിരുമിഴിത്തലത്തല്ലിനാൽ
തരം കെട്ടുകയാൽ ത്വദുൾത്തളിർ തെളിഞ്ഞു താപം കെടാൻ
തരം തളിർ തൊഴും തനോ! തരമൊടോർത്തു താരമ്പനി-
ത്തരം തവ തദർദ്ധമെയ് തരുമമേ! ഉണയ്ക്കേണമേ

കവി : **കുണ്ടൂർ നാരായണമേനോൻ**

## 3.148 തമ്മിൽക്കളിച്ചു കലഹിച്ചു. . . (വിശ്വപ്രഭ)

വസന്തതിലകം

തമ്മിൽക്കളിച്ചു കലഹിച്ചു നിലത്തുവീണാർ
ചെമ്മേ ചുവട്ടിൽ വശമായ് ബലഭദ്രനപ്പോൾ
തന്മേൽക്കിടന്ന സുഖമേ മധുസൂദനൻ താ-
നമ്മയ്ക്കനന്തശയനം വെളിവാക്കിനാൻ പോൽ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.149 തന്ഥേവാർത്ഥം തരുണസഹിതാഃ. . . (ഉമേഷ്)[32]

മന്ദാക്രാന്ത

തന്ഥേവാർത്ഥം തരുണസഹിതാസ്താമ്രപാദാരവിന്ദാ-
സ്താമ്യന്മധ്യാസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജനീയാളകാഢ്യാ-
സ്തത്രസ്യാഃ സ്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ

കവി : **ലക്ഷ്മീദാസൻ**, കൃതി : *ശുകസന്ദേശം*

## 3.150 തീരത്തിതാ നിൻ വദനം. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തീരത്തിതാ നിൻ വദനം പ്രസന്നം
നീരത്തിലത്താമരയും പ്രബുദ്ധം
കണ്ടിട്ടിതാ തേൻ നുകരാൻ തുനിഞ്ഞ
വണ്ടിണ്ട മണ്ടുന്നിതു രണ്ടിടത്തും.

---

[32] [*ഉമേഷ്*] **ശ്ലോകം 3.149 :** പദ്യപരിഭാഷ (**മഠം പരമേശ്വരൻ നമ്പൂതിരി**) :

ആരാധിപ്പാ, നരുണപദമാ, രൻപരൊ, ത്താരമാണ്ടോ,-
രാരായേണ്ടോരരയൊ, ടടിപെട്ടാരവാർകൊങ്കവായ്പ്പാൽ,
ആരാജശ്രീമുഖവ്യ, മലസാ, ക്ഷ്യഭ്രകേശങ്ങളും ചേർ,-
ന്നാരാൽക്കാണാ, മബലകളെയ, ങ്ങാലവട്ടങ്ങളോടും.

മൂലത്തിലുള്ള ആദ്യക്ഷരപ്രാസം ഈ വൃത്താനവൃത്തപരിഭാഷയിലും പകർത്തിയിരിക്കുന്നതു ശ്രദ്ധിക്കുക.

കവി : **എ. ആർ. രാജരാജവർമ്മ**

### 3.151 കാവ്യം സുഗേയം. . . (രാജേഷ്)[33]

ഇന്ദ്രവജ്റ/ഉപേന്ദ്രവജ്റ

കാവ്യം സുഗേയം, കഥ രാഘവീയം,
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ,
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി,-
ലാനന്ദലബ്ധിയ്ക്കിനിയെന്തു വേണം?

കവി : **വള്ളത്തോൾ**, കൃതി : *ഒരു തോണി യാത്ര (സാഹിത്യമഞ്ജരി)*

### 3.152 ചേലക്കള്ളൻ ചിലപ്പോൾ. . . (ഉമേഷ്)

സ്രഗ്ദ്ധര

ചേലക്കള്ളൻ ചിലപ്പോൾ, ചില സമയമൊട്ടങ്ങാതരക്കെട്ടു ചുറ്റാൻ
നീളത്തിൽപ്പട്ടു നൽകുന്നവ; നിടയനിട, യ്യെപ്പൊഴും രാജരാജൻ;
ലീലാലോലൻ ചിലപ്പോ, ളഖിലസമയവും നിർഗ്ഗുണബ്രഹ്മ; - മെന്നെ-
പ്പോലുള്ളോരെന്തറിഞ്ഞൂ പുരഹരവിധിമാർ പോലുമോരാത്ത തത്ത്വം!

കവി : **വി. കെ. ജി.**

### 3.153 ലക്ഷണാ പരവശീകൃത. . . (കർത്താ)

സ്വാഗത

ലക്ഷണാ പരവശീകൃതചിത്താ-
നാവിദൻ ക്ഷിതിഭൃതോധ്വനി വൃത്തം
ഹന്ത! തേ ബുബുധിരേ ന കഥം വാ
സ്വാഭിലാഷവിഷയാനുപപത്തിം?

കവി : **എണ്ണയ്ക്കാട്ടു രാജരാജവർമ്മത്തമ്പുരാൻ**, കൃതി : *ലക്ഷണാസ്വയംവരം ചമ്പു*

### 3.154 ഹേമാങ്ഗനാദിവിഷയാംബുധിയിൽ. . . (ഹരി)

വസന്തതിലകം

ഹേമാങ്ഗനാദിവിഷയാംബുധിയിൽപ്പതിച്ചു
കാമാദി വൈരിവശരായ്ക്കുഷണിച്ചിടാതെ
നാമിപ്രപഞ്ചപരമാർത്ഥമറിഞ്ഞു ചുമ്മാ
നാമം ജപിക്ക ജനതേ, ജനിയാതിരിപ്പാൻ

കവി : **ശീവൊള്ളി**

### 3.155 നിൽക്കട്ടേ ജാരനായ്. . . (കർത്താ)

സ്രഗ്ദ്ധര

നിൽക്കട്ടേ ജാരനായ് നീയതുമിതുമുരചെയ്തിട്ടു ഞാൻ കേട്ട, തെന്നെ-
ല്ലിക്കട്ടിന്മേൽ കിടക്കുന്നവനെയരികിൽ ഞാൻ കണ്ടതും കൂട്ടിടേണ്ട;
ധിക് കഷ്ടം! ദുഷ്ടശീലേ! പറക പറക നീ; നിന്റെ കോളാമ്പിയിൽത്താ-
നിക്കട്ടത്തുപ്പലിത്രയ്ക്കനവധി നിറവാനെന്തഹോ! ഹന്ത! ബന്ധം?

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ** , കൃതി : *തുപ്പൽക്കോളാമ്പി*

[33] കുഞ്ഞുവൃത്തങ്ങളുടെ അഭ്യാസത്തിലെ അവസാനശ്ലോകം.

## 3.156 ധിഗ്ധിഗ് രാക്ഷസരാജ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ധിഗ്ധിഗ് രാക്ഷസരാജ! ദുഷ്പരിഭവം വായ്പിച്ച നിൻ ദോർബ്ബലം
വിദ്യുജ്ജിഹ്വവിപത്തി മാത്രമെളുതാമങ്ങേയ്ക്കു നീചപ്രഭോ!
കഷ്ടം, നിസ്ത്രപ! നോക്ക, കണ്ണിരുപതും ചേർക്കു, വെറും താപസൻ
കുട്ടിക്രീഡയിൽ വാലിളക്കിയതിനാൽ നിൻ പെങ്ങളീ മട്ടിലായ്!

കൃതി : *നിരനുനാസികപ്രബന്ധം തർജ്ജമ*

## 3.157 ക്ഷിപ്രപ്രസാദി ഭഗവാൻ. . . (രാജേഷ്)

വസന്തതിലകം

ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം
സർവത്ര കാരിണി സരസ്വതി ദേവി വന്നെൻ
നാവിൽക്കളിക്ക കുമുദേഷു നിലാവുപോലെ

## 3.158 സ്മൃതിധാര,യുപേക്ഷയാം. . . (കർത്താ)

വിയോഗിനി

സ്മൃതിധാര,യുപേക്ഷയാം തമോ-
വൃതിനീങ്ങിച്ചിലനാൾ സ്മരിക്കയാം
ഋതുവിൽ സ്വയമുല്ലസിച്ചുടൻ
പുതുപുഷ്പം കലരുന്ന വല്ലി പോൽ.

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.159 ഋതുവിലംഗജദീപനമാം. . . (ഉമേഷ്)[34]

ദ്രുതവിളംബിതം

ഋതുവിലംഗജദീപനമാം സുമ-
പ്പുതുമ പോലെയശോകതരുക്കളിൽ
സുതളിർ കാതിലതാ പ്രിയ ചേർത്ത ചാ-
രുത വിടാതവിടാർത്തി വിടർത്തിടും

കവി : **കുണ്ടൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ (9:28)*

## 3.160 സീതാദേവിയെ രാക്ഷസേന്ദ്രൻ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സീതാദേവിയെ രാക്ഷസേന്ദ്രനതുപോലിഗ്രന്ഥവും വ്യാജമാ-
യേതാനും ചിലരോടു ചേർന്നൊരു പുമാൻ തൻ കൈക്കലാക്കീടിനാൻ;
പിന്നെത്തന്നുടെയാക്കുവാൻ പദമതിൽ ചേർത്തീടിലോ നിന്ദ്യമാ-
യെന്നും സീതയെയെന്നപോലിതിനെയും ശങ്കിക്കുമല്ലോ ജനം.

കവി : **ഉത്തരരാമചരിതം തർജ്ജമ**, കൃതി : *ചാത്തുക്കുട്ടി മന്നാടിയാർ*

---

[34] [*ഉമേഷ്*] **ശ്ലോകം 3.159 :** മൂലശ്ലോകം (കാളിദാസൻ):

കുസുമമേവ ന കേവലമാർത്തവം
നവമശോകതരോഃ സ്മരദീപനം
കിസലയപ്രസവോ$\int$പി വിലാസിനാം
മദയിതാദയിതാശ്രവണാർപ്പിതഃ

## 3.161 പാമ്പുണ്ടൊന്നു തലയ്ക്കു ചുറ്റി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പാമ്പുണ്ടൊന്നു തലയ്ക്കു ചുറ്റിയിയലുന്നൻപോടു കണ്ഠത്തിലും
പാമ്പാണുള്ളതു, കൈയ്ക്കുമുണ്ടു വളയായ് തോളോളമപ്പാമ്പുകൾ
അമ്പാ! പാമ്പുകൾതന്നെ നിന്നരയിലും കാൽക്കും, സമസ്താങ്ഗവും
പാമ്പേ പാമ്പുമയം! തദാഭരണനാം പാമ്പാട്ടി മാം പാലയ.

കവി : **ശീവൊള്ളി**

## 3.162 അമ്മേ ഞാൻ മണ്ണുതിന്നീല. . . (ഹരി)

സ്രഗ്ദ്ധര

“അമ്മേ ഞാൻ മണ്ണുതിന്നീലതുമനസി നിനക്കില്ല വിശ്വാസമെങ്കിൽ
ചെമ്മേ കാൺ”കെന്നു ചൊല്ലി, ച്ചെറിയ പവിഴ വായ് കാട്ടിയമ്മക്കൊരുന്നാൾ
അന്നേരം വിശ്വമെല്ലാമതിലനവധികണ്ടമ്മ മോഹിക്കുമപ്പോ-
“ലമ്മേ! അമ്മിഞ്ഞനൽ”കെന്നൊരു നിപുണത ഞാൻ കണ്ടിടാവൂ മുകുന്ദ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

## 3.163 അല്ലേ ഭാരതസൂര്യ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അല്ലേ! ഭാരതസൂര്യ! ദുർവിധിബലത്താൽ നിന്നെയും ഹന്ത നിൻ
ചൊല്ലേറും പ്രജയേയുമുന്നതതരുക്കൂട്ടത്തെയും നിത്യവും
ഫുല്ലേന്ദീവരകാന്തി പൂണ്ട ഗഗനത്തിൽപ്പൂത്തിണങ്ങുന്നതാം
നല്ലോരാക്കുസുമോൽക്കരത്തെയുമിതാ കൈവിട്ടു പോകുന്നു ഞാൻ

കവി : **കുമാരനാശാൻ**, കൃതി : *’ഒരു യാത്രാവഴങ്ങൽ’*

## 3.164 ഫലകഥ മറയത്തുപോട്ടെ. . . (ഋഷി)

പുഷ്പിതാഗ്ര

ഫലകഥ മറയത്തുപോട്ടെ പൂവി,-
ല്ലലിയുമതിങ്കൽ; മറിഞ്ഞു താഴെ വീഴാൻ
ചില ഞൊടിയിട വേണമെന്ന മട്ടായ്,
നില; ചെടി വാടി വരണ്ടു പട്ടുപോയി

കവി : **ഉള്ളൂർ** , കൃതി : *കോമൻ*

## 3.165 ചിരിക്കും മദ്ധ്യത്തിൽ. . . (വിശ്വപ്രഭ)

ശിഖരിണി

ചിരിക്കും മദ്ധ്യത്തിൽ കരയു,മിതിനേതും നിയമമി-
ല്ലരയ്ക്കും തെറ്റിക്കൊണ്ടമൃതസമമസ്പഷ്ടമൊഴിയെ,
സ്ഫുരിച്ചല്പം കാണാം ചില ചെറിയ പല്ലിങ്ങിനെ ലസി-
ച്ചിരിക്കും ബാല്യേ നിൻ മുഖകമലമോർക്കുന്നിതതു ഞാൻ.

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.166 സ്ഫാരദ്യുതിസ്ഫടിക. . . (കർത്താ)

വസന്തതിലകം

സ്ഫാരദ്യുതിസ്ഫടികദർപ്പണദർപ്പഹാരി-
ഗണ്ഡോല്ലസദ്ഭുജഗ കുണ്ഡല ലോഭനീയം
ബിംബാധരച്ഛവികരംബിതദന്തപങ്ക്തി-
കാന്തിച്ഛടാച്ഛുരിതസുന്ദരമന്ദഹാസം

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *വ്യാഘ്രാലയേശ ശതകം*

## 3.167 ബോധിപ്പിക്കാം സുഖമൊട്. . . (രാജേഷ്)

മന്ദാക്രാന്ത

ബോധിപ്പിക്കാം സുഖമൊടറിവില്ലാതെയുള്ളോരെ നന്നായ്
ബോധിപ്പിക്കാമതിസുഖമൊടേ നല്ല സാരജ്ഞരേയും
ബോധം ചെട്ടുള്ളതിലതിമദം ചേർന്ന ദുർബ്ബുദ്ധിതന്നെ-
ബ്ബോധിപ്പിക്കുന്നതിനു വിധിയും തെല്ലുമാളല്ല നൂനം

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.168 ബുധനാം ഭവാന്റെ. . . (ഉമേഷ്)

മഞ്ജുഭാഷിണി

ബുധനാം ഭവാന്റെ സഹധർമ്മിണീപദം
മുധയെന്നു മന്നിലൊരു മുഗ്ദ്ധയോർക്കുമോ?
ക്ഷുധ കൊണ്ടു ചാവുമൊരുവന്റെ വായിൽ നൽ
സുധ വന്നു വീഴിലതു തുപ്പിനിൽക്കുമോ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.169 ക്ഷീണിക്കാത്ത മനീഷയും . . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ് നേടീ ഭവാൻ സിദ്ധികൾ
കാണിച്ചു വിവിധാത്ഭുതങ്ങൾ വിധിദൃഷ്ടാന്തങ്ങളായ്, വൈരിമാർ
നാണിച്ചു, സ്വയമംബ കൈരളി തെളിഞ്ഞീക്ഷിച്ചു മോക്ഷത്തെയും

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.170 കഷ്ടം സ്ഥാനവലിപ്പമോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ വംശമോ
ദൃഷ്ടശ്രീ തനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെപ്പുക്കസ്തമിക്കുന്നിത-
ങ്ങിഷ്ടന്മാർ പിരിയുന്നു, ഹാ! ഇവിടമാണദ്ധ്യാത്മവിദ്യാലയം!

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

## 3.171 സ്പഷ്ടം ഭ്രമിമറയ്ക്കിൽ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്പഷ്ടം ഭ്രമിമറയ്ക്കിലിന്ദു തെളിയും, വീണ്ടും മുഹൂർത്തത്തില-
പ്പുഷ്ടശ്രീരവി മൂടിയാലുമുയരും, പക്ഷം കഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയായീ "രാജരാജേ"ന്ദു! ഹാ!
കഷ്ടം "രോഹിണി" യക്കലേശനെയിനിക്കാണില്ല കേണാലുമേ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

## 3.172 ദുഷ്കർമ്മത്തിന്റെയൂക്കാൽ. . . (രഘുരാജ്)

സ്രഗ്ദ്ധര

ദുഷ്കർമ്മത്തിന്റെയൂക്കാൽ ചതിയുടെ കുഴിയിൽ പെട്ടുഴന്നേ,നസംഖ്യം
മുഷ്കന്മാരോടു ചേർന്നെൻ സഹജഗജഗണം ചെയ്ത ഭേദ്യം സഹിച്ചേൻ;
ഗർവ്വം തീർന്നിട്ടു താഴും മമ ശിരസി ഹരേ! പൊൽത്തിടമ്പേറ്റവാനാ–
യെത്തീ നിന്നുമ്പി - ലിന്നാട്ടുക കനിവൊടു നീ ഹസ്തിരാജേന്ദ്രമോക്ഷം!

കവി : പി. സി. രഘുരാജ്

## 3.173 ഗ്രഹിക്കേണം നീയി. . . (കർത്താ)

ശിഖരിണി

ഗ്രഹിക്കേണം നീയിദ്ദുരിതനിരയാം ഗ്രാഹമതിനാൽ
ഗ്രഹിക്കപ്പെട്ടീടുന്നടിയനെ യമധ്വംസന! വിഭോ!
ഗ്രഹിക്കും മൂവർക്കും ഗതികളരുളും കൽപ്പകതരോ!
ഗ്രഹിക്കേണം വേഗാലഗതി പറയും സങ്കടമഹോ.

കവി : കുമാരനാശാൻ, കൃതി : *അനുഗ്രഹപരമദശകം*

## 3.174 ഗ്രഹിക്കണം വന്നണയുന്ന. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ഗ്രഹിക്കണം വന്നണയുന്നതെല്ലാം
ത്യജിക്കണം പോവതുമപ്രകാരം
രസിക്ക, ദുഃഖിക്കയുമെന്തിനോർത്താൽ?
വിധിക്കു നീക്കം വരികില്ല തെല്ലും.

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

## 3.175 രണ്ടായിരം രസന. . . (ഹരി)

വസന്തതിലകം

രണ്ടായിരം രസന കണ്ഠതലത്തിലുള്ള
തണ്ടാർദളാക്ഷനുടെ തല്പമതാം ഫണിക്കും
ഉണ്ടാകയില്ലിതുകണക്കു സദസ്യരാകെ
കൊണ്ടാടുമാറൊരു നിരർഗള വാഗ് വിലാസം

കവി : ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ

## 3.176 ഉമ്മ വെച്ചിടണമെങ്കിൽ. . . (ജ്യോതി)

കുസുമമഞ്ജരി

ഉമ്മ വെച്ചിടണമെങ്കിൽ നീ തരിക വെണ്ണ, മാലയിതുചൂടുവാൻ
സമ്മതിപ്പതിനു വെണ്ണ, ഞാൻ മുരളിയൂതുവാനുമുള്ള വേറെയും
അമ്മയോടു മണിവർണ്ണനോതിയതറിഞ്ഞു ദേവമുനിസംകുലം
ബ്രഹ്മസാധന വെടിഞ്ഞു വല്ലവഴി തേടി വല്ലവികളാകുവാൻ!

കവി : **പി. സി. മധുരാജ്**

## 3.177 അകരുണത്വമകാരണ. . . (ഹരി)

ദ്രുതവിളംബിതം

അകരുണത്വമകാരണവിഗ്രഹം
പരധനേ പരയോഷിതി ച സ്പൃഹാ
സുജന ബന്ധുജനേഷ്വസഹിഷ്ണുതാ
പ്രകൃതിസിദ്ധമിദം ഹി ദുരാത്മനാം

കവി : **ഭർത്തൃഹരി**

## 3.178 സമയമതിലുയർന്ന . . . (കർത്താ)

വസന്തമാലിക

സമയമതിലുയർന്ന ഘോരവാരി-
ഭ്രമമൊടകാലികവൃദ്ധി രേവയാർന്നു,
ഘുമഘുമരയഘോഷമേറ്റിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ

കവി : **കുമാരനാശാൻ**, കൃതി : *ലീല*

## 3.179 ഘ്രാണിച്ചും മുത്തിയും. . . (രാജേഷ്)

സ്രഗ്ദ്ധര

ഘ്രാണിച്ചും മുത്തിയും പിന്നെയുമുടനവലേഹിച്ചുമേറ്റം ചുവച്ചും
നാണിക്കാതുറ്റ വൈരസ്യമൊടു ഭുവി കളഞ്ഞെന്നതിൽ കേണിടൊല്ല
ചേണേറും രത്നമേ! നിന്നുടെയകമതു കണ്ടീടുവാൻ കീശനശ്മ-
ക്കോണാൽ നിന്നെപ്പൊടിക്കാഞ്ഞതു പരമുപകാരം നിനക്കെന്നുറയ്ക്ക.

കവി : **കേ സി കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

## 3.180 ചക്കിപ്പെണ്ണേ ചടുലനയനേ. . . (കർത്താ)

മന്ദാക്രാന്ത

ചക്കിപ്പെണ്ണേ! ചടുലനയനേ! ചത്തു ഞാനെന്നിവണ്ണം
ദുഃഖിക്കൊല്ലേ! ചതിയരുടെയച്ചപ്പടാച്ചിക്കു ചെറ്റും
തർക്കം വച്ചും തകൃതി പറകിൽത്താമസിക്കാതെകണ്ടാ-
ത്തക്കം നോക്കി പ്രിയതമയെ ഞാൻ വേൾക്കുവൻ കേൾക്ക ബാലേ!

കവി : **കെ. സി. നാരായണൻ നമ്പിയാർ**, കൃതി : *ചക്കീചങ്കരം നാടകം*

## 3.181 തന്റെ കാര്യമഖിലം നടക്കണം. . . (ഹരി)

രഥോദ്ധത

തന്റെ കാര്യമഖിലം നടക്കണം
തന്റെ ദാരസുതരും സുഖിക്കണം
അന്യരാകെയതിഖിന്നരാകണം
തന്നെവന്നനുദിനം വണങ്ങണം

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണ ചരിതം മണിപ്രവാളം*

## 3.182 അസ്മദേ വപുഷി തേ. . . (രഘുരാജ്)[35]

രഥോദ്ധത

അസ്മദേ വപുഷി തേ പ്രയത്നതോ
ധാരയേമ ധിഷണാം മുഹുർമുഹുഃ
തേന ഭക്തിരസമന്തരാർദ്രതാ-
മുദ്വഹേമ ഭവദങ്ഘ്രിചിന്തകാഃ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (4:4)*

## 3.183 തന്നതില്ല പരനുള്ളു. . . (ഉമേഷ്)

രഥോദ്ധത

തന്നതില്ല പരനുള്ളുകാട്ടുവാൻ
ഒന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ,
വന്നുപോം പിഴയുമർത്ഥശങ്കയാൽ.

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.184 ഇവിടെ മഴ ചുരുങ്ങീ. . . (കർത്താ)

മാലിനി

ഇവിടെ മഴ ചുരുങ്ങീ; വാപിയൊട്ടൊട്ടുണങ്ങീ;
ദിവി ബഹുപൊടി പൊങ്ങീ; ഭാനുമാൻ കൂടി മങ്ങീ;
വിവശതയൊടു തെങ്ങിൻ കുമ്പുപോലും വഴങ്ങീ;
ശിവ! ശിവ! കൃഷി മങ്ങീ; കർഷകന്മാർ കുഴങ്ങീ.

കവി : **കുമ്മനം ഗോവിന്ദപ്പിള്ള**, കൃതി : *ശ്രീചിത്രോദയം മഹാകാവ്യം (സർഗ്ഗം 33)*

## 3.185 വെണ്മതികലാഭരണൻ. . . (രാജേഷ്)

ഇന്ദുവദന

വെണ്മതികലാഭരണ, നംബിക, ഗണേശൻ,
നിർമ്മലഗുണാ കമല, വിഷ്ണുഭഗവാനും,
നാന്മുഖനുമാദി കവിമാരു ഗുരുഭൂതർ
നന്മകൾ വരുത്തുക നമുക്കു ഹരിരാമ!

കവി : **എഴുത്തച്ഛൻ**, കൃതി : *രാമായണം ഇരുപത്തിനാലുവൃത്തം*

---

[35] [*ഉമേഷ്*] ശ്ലോകം **3.182 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

അസ്മദംതവ സുരൂപമൊന്നിലെൻ
ഹൃത്തടം ദൃഢമണച്ചു നിർത്തിടാം;
അപ്പൊഴുള്ളലിവു ഭക്തിദാർഢ്യവും
ത്വത്പദസ്മരണയാർന്നു നേടുവൻ.

## 3.186 നാരായണൻ നമ്പിയെ. . . (കർത്താ)

ഇന്ദ്രവജ്ര

നാരായണൻ നമ്പിയെ നമ്പരിന്നായ്
നേരായയച്ചിട്ടെഴുതാൻ തുടങ്ങി;
നാരായണൻ ചക്രമെടുത്തു ചാടു-
ന്നോരോ സ്ഥലം വൃത്ത വിചിത്രമത്രേ

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

## 3.187 നരനു നരനശുദ്ധ വസ്തു. . . (രാജേഷ്)

പുഷ്പിതാഗ്ര

നരനു നരനശുദ്ധവസ്തു പോലും!
ധരയിൽ നടപ്പതു തീണ്ടലാണു പോലും!
നരകമിവിടമാണു ഹന്ത കഷ്ടം!
ഹര ഹര ഇങ്ങനെ വല്ല നാട്ടുമുണ്ടോ?

കവി : **കുമാരനാശാൻ**

## 3.188 നാമാമൃതം നാവിൽ. . . (ഋഷി)

ഇന്ദ്രവജ്ര

നാമാമൃതം നാവിലിരിക്കുമപ്പോൾ
സോമാമൃതം വിസ്മൃതമായ് വരുന്നു
നാമാമൃതം പാർത്തു നിറച്ചു കണ്ടാൽ
നാമാമൃതം കാണമൃതം മൃതാനാം

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണ കർണ്ണാമൃതം*

## 3.189 നിരയാംബുധി നീന്തി. . . (കർത്താ)

തോടകം

നിരയാംബുധി നീന്തി നിറഞ്ഞഴലെ-
ന്നിരുപാധിക നിന്നെ നിനച്ചടിയൻ
ഉരുമോദമിനിക്കരുണാംബുരസം
കരവിട്ടു കവിഞ്ഞൊഴുകും കടലേ!

കവി : **കുമാരനാശാൻ**, കൃതി : *ശാങ്കര ശതകം*

## 3.190 ഉഡുരാജമുഖീ. . . (രാജേഷ്)[36]

തോടകം

ഉഡുരാജമുഖീ മൃഗരാജകടീ
ഗജരാജ വിരാജിത മന്ദഗതീ
യദി സാ യുവതീ ഹൃദയേ വസതീ
ക്വ ജപഃ? ക്വ തപഃ? ക്വ സമാധി വിധി?

[36] *[ജ്യോതി]* **ശ്ലോകം 3.190 :** ഈ ശ്ലോകത്തിന്റെ ഒരു അനുകരണം (**പി. സി. മധുരാജ്**) :

യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
ക്വ സഖേ തരുണീ കബരീ വിപിനം?

## 3.191 യവനീ രമണീ. . . (ഉമേഷ്)

തോടകം

യവനീ രമണീ വിപദഃ ശമനീ
കമനീയതമാ നവനീതസമാ
"ഉഹി ഊഹി" വചോമൃത പൂർണമുഖീ
സ സുഖീ ജഗതീഹ യദങ്കഗതാ

കവി : **ജഗന്നാഥപണ്ഡിതർ**

## 3.192 ഉണ്ടായിമാറുമറിവുണ്ടായി. . . (കർത്താ)

മത്തേഭം

ഉണ്ടായിമാറുമറിവുണ്ടായി മുന്നമിതു കണ്ടാറ്റുമംഗമകവും
കൊണ്ടായിരം തരമിരുണ്ടാശയം പ്രതി ചുരുണ്ടാ മഹസ്സിൽ മറയും
കണ്ടാലുമീ നിലയിലുണ്ടാകയില്ലറിവഖണ്ഡാനുഭൂതിയിലെഴും
തണ്ടാരിൽ വീണ മധുവുണ്ടാരമിക്കുമൊരു വണ്ടാണു സൂരി സുകൃതി!

കവി : **ശ്രീനാരായണ ഗുരു**, കൃതി : *നവരത്നമഞ്ജരി*

## 3.193 കുലാതിഗാമിഭയതൂലാവലീ. . . (ഉമേഷ്)

മത്തേഭം

കുലാതിഗാമിഭയതൂലാവലീജ്വലനകീലാ, നിജസ്തുതിവിധൗ
കോലാഹലക്ഷപണകാലാമരീകുശലകീലാലപോഷണനഭാ,
സ്ഥൂലാ കുചേ, ജലദനീലാ കചേ, കലിതലീലാ കദംബവിപിനേ,
ശൂലായുധപ്രണതിശീലാ, വിഭാതു ഹൃദി, ശൈലാധിരാജതനയാ.

കവി : **ശങ്കരാചാര്യർ**

## 3.194 സരിഗമപധ കൊച്ചുവീണ. . . (ജ്യോതി)

പുഷ്പിതാഗ്ര

'സരിഗമപധ' - കൊച്ചുവീണ ഞാനി-
ന്നമരുവതുന്നതഗായകന്റെ കയ്യിൽ
ഒരു നിമിഷവുമെന്നെയെങ്ങു മേവി-
ട്ടകലുവതങ്ങു സഹിയ്ക്കയില്ല നൂനം.

കവി : **സിസ്റ്റർ മേരി ബെനീഞ്ജ**

## 3.195 ഒരു വേള പഴക്കമേറിയാൽ. . . (ഹരി)

വിയോഗിനി

ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.196 ശമമാം സുമഗന്ധം. . . (രാജേഷ്)[37]

തോടകം

ശമമാം സുമഗന്ധമുതിർന്നിട്ടുമെൻ
ഹൃദയത്തിലെ ഭക്തിരസം നുകരാൻ
സരസൻ ഹരിയാമളിയെത്തിടുകിൽ
തരുണീ കബരീ വനമെന്തിനവന്?

പി. സി. മധുരാജിന്റെ ഒരു സംസ്കൃതമുക്തകത്തിനു രാജേഷ് വർമ്മയുടെ അതേ വൃത്തത്തിലുള്ള പരിഭാഷ.

## 3.197 സാരാനർഘപ്രകാശ. . . (കർത്താ)[38]

സ്രഗ്ദ്ധര

സാരാനർഘപ്രകാശ പ്രചുരിമ പുരളും ദിവ്യരത്നങ്ങളേറെ-
പ്പാരാവാരത്തിനുള്ളിൽപ്പുരമിരുൾ നിറയും കന്ദരത്തിൽ കിടപ്പൂ
ഘോരാരണ്യച്ചുഴൽക്കാറ്റടികളിലിളകും ളുമണം വ്യർത്ഥമാക്കു-
ന്നോരപ്പൂവെത്രയുണ്ടാമവകളിലൊരു നാളൊന്നു കേളിപ്പെടുന്നൂ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

## 3.198 ഘോരായുധവ്രണിത. . . (ജ്യോതിഷി)

വസന്തതിലകം

ഘോരായുധവ്രണിതകാന്തകളേബരം കൈ-
ത്താരാൽക്കനിഞ്ഞഹഹ, തൊട്ടുതലോടിടുമ്പോൾ
ശ്രീരാജകന്യകൾ കൊതിച്ചുവരുന്ന വീര-
ദാരാസ്പദത്തിലുമുഷയ്ക്കു വിരക്തി തോന്നി!

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.199 ശൃങ്ഗാരത്തിന്റെ നാമ്പോ. . . (കർത്താ)

സ്രഗ്ദ്ധര

ശൃങ്ഗാരത്തിന്റെ നാമ്പോ, രസികതയൊഴുകിപ്പോകുവാനുള്ള തുമ്പോ,
സൗന്ദര്യത്തിന്റെ കാമ്പോ, മദനരസചിദാനന്ദ പൂന്തേൻകുഴമ്പോ,
ബ്രഹ്മാവിൻ സൃഷ്ടിവമ്പോ, നയനസുഖലതയ്ക്കുന്നു നൽകുന്ന കമ്പോ,
കന്ദർപ്പൻ വിട്ടൊരമ്പോ, ത്രിഭുവനവിജയത്തിന്നിവൻ? തോഴി! യമ്പോ!

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ, കൃതി : *രസസ്വരൂപ നിരൂപണം*

[37] [*ഉമേഷ്*] ശ്ലോകം **3.196 :** മൂലശ്ലോകം (പി. സി. മധുരാജ്) :
യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
ക്വ സഖേ തരുണീ കബരീ വിപിനം?

[38] [*ഉമേഷ്*] ശ്ലോകം **3.197 : Thomas Gray**-യുടെ *Elegy Written in a Country Churchyard* എന്ന കവിതയിലുള്ള

Full many a gem of purest ray serene,
The dark unfathom'd caves of ocean bear:
Full many a flow'r is born to blush unseen,
And waste its sweetness on the desert air.

എന്ന പദ്യത്തിന്റെ ആശയാനുവാദം.

## 3.200 ബ്രഹ്മാവിന്റെയും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാവിന്റെയുമന്തകന്റെയുമഹോ ഡിപ്പാർട്ടുമെന്റിൽക്കിട-
ന്നമ്മേ ഞാൻ തിരിയുന്നിതെത്ര യുഗമായ്, എന്നാണിതിൻ മോചനം?
ധർമ്മാധർമ്മ പരീക്ഷണത്തിനിനിമേൽ കാലന്റെ കച്ചേരിയിൽ
ചെമ്മേ ഹാജരെനിക്കിളച്ചു തരണേ! തദ്ദർശനം കർശനം!

കവി : ഒറവങ്കര

## 3.201 ധനിയ്ക്കും ധനം തെല്ലും. . . (ജ്യോതി)

ഭുജംഗപ്രയാതം

ധനിയ്ക്കും ധനം തെല്ലുമില്ലാത്തവർക്കും
മുനിയ്ക്കും മനസ്സെത്ര പുണ്ണായവർക്കും
പഴിയ്ക്കുന്നവർക്കും നിനയ്ക്കിൽജ്ജനിക്കെ-
ട്ടഴിയ്ക്കാൻ തുണയ്ക്കും ഹരിയ്ക്കായ് നമിക്കാം

കവി : **പി. സി. മധുരാജ്**

## 3.202 പുഷ്ടപ്രേമമൊടെന്നൊട്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പുഷ്ടപ്രേമമൊടെന്നൊടൊത്തു വിളയാടീട്ടുള്ള ശിഷ്ടാഗ്രാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമിതിനെക്കേട്ടീടിൽ ഞെട്ടിപ്പരം
ദൃഷ്ടിത്തെല്ലതിൽ നിന്നു മന്ദമൊഴുകുന്നശ്രുക്കൾ പൂണ്ടെത്രയും
"കഷ്ടം കഷ്ട"മിതെന്നു ചൊല്ലിയധികം ഖേദിച്ചു രോദിച്ചിടും.

കവി : **കെ. സി. കെശവ പിള്ള**, കൃതി : *ആസന്നമരണചിന്താശതകം*

## 3.203 ദേവന്മാർക്കമൃതം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ദേവന്മാർക്കമൃതം, മുകുന്ദനു രമാം, ധാത്രിയ്ക്കു മര്യാദയും
ദേവേന്ദ്രന്നു സുരദ്രുമം, ഗിരിജ തൻ കാന്തന്നു ചന്ദ്രക്കല
ഏവം പ്രീതിദമായ്ക്കൊടുത്തു ശരണം ഭുഭുത്തുകൾക്കും തദാ-
പ്യുണ്ടായീലൊരുവൻ തുണപ്പതിനഗസ്ത്യൻ നമ്മെ മോന്തും വിധൗ.

കവി : **ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ**

## 3.204 എന്നാലുമിങ്ഗ്ലീഷരിയും. . . (കർത്താ)

ഇന്ദ്രവജ്ര

എന്നാലുമിങ്ഗ്ലീഷരിയും ജനങ്ങൾ
നന്നായിയെന്നായ് പറയും ചിലേടം
ഒന്നാണെനിക്കീയിതിൽ മെച്ച, മിങ്ഗ്ലീ-
ഷിൻ നാറ്റമേൽക്കാതിതു ചെയ്തുവല്ലോ.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരൻ**

## 3.205 ഓർക്കിലാക്കിഴവനാം. . . (ജ്യോതി)

രഥോദ്ധത

ഓർക്കിലാക്കിഴവനാം ജടായു പോയ്
സ്വർഗ്ഗമെത്തിയതിലെന്തഴൽപ്പെടാൻ
ജർജ്ജരാങ്ഗമുടൽ നൽകി നേടിനാൻ
ചന്ദ്രികാധവളമാം യശസ്സവൻ

കവി : **പി. ചന്ദ്രശേഖരവാരിയർ, അഷ്ടമിച്ചിറ**, കൃതി : *കൈരളീഭൂഷണം*

## 3.206 ജാതിത്തത്തിന്നു. . . (കർത്താ)

സ്രഗ്ദ്ധര

ജാതിത്തത്തിന്നു രാജൻ, ദ്രുതകവിതയതിൽക്കുഞ്ഞഭ്രജാനി, ഭാഷാ-
രീതിക്കൊക്കും പഴക്കത്തിന്ന നടുവ, മിടയ്ക്കച്ച്യുതൻ മെച്ചമോടേ
ജാതപ്രാസം തകർക്കും, ശ്രുചിമണി രചനാഭങ്ഗിയിൽ പൊങ്ങിനിൽക്കും,
ചേതോമോദം പരക്കെത്തരുവതിനൊരുവൻ കൊച്ചു കൊച്ചുണ്ണി ഭൂപൻ!

കവി : **വെണ്മണി അച്ഛൻ**

## 3.207 ജഗന്നിവാസാ. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ജഗന്നിവാസാ കരുണാംബുരാശേ
മുകുന്ദ, ഭക്തപ്രിയ, വാസുദേവ,
വരുന്ന രോഗങ്ങളകന്നു പോകാൻ
വരം തരേണേ ഗുരുവായുരപ്പാ

## 3.208 വളഞ്ഞോരച്ചില്ലിക്കൊടി. . . (കർത്താ)

ശിഖരിണി

വളഞ്ഞോരച്ചില്ലിക്കൊടിയുടനിളക്കിപ്പുരമകം
തെളിഞ്ഞപ്പോളൂഴീസുരനൊട്ടുരചെയ്താൾ വിധുമുഖി
വളം ഞാൻ നൽകുന്നു വിഷമവിശിഖന്നെങ്കിലുടനേ
കളഞ്ഞാലും നന്നായധരമധുനാ താപമധുനാ.

കവി : **കുണ്ടൂർ**, കൃതി : *അജാമിള മോക്ഷം*

## 3.209 വല്ലവീകര. . . (ജ്യോതി)

രഥോദ്ധത

വല്ലവീകരസരോരുഹങ്ങളിൽ
പ്രോല്ലസിച്ചു മരുവുന്ന വണ്ടിനെ
വല്ലവണ്ണവുമിവന്റെ മാനസ-
ക്കല്ലറയ്ക്കക മണച്ചിടാവതോ!

## 3.210 വിലയാർന്ന വിശിഷ്ട. . . (കർത്താ)

വിയോഗിനി

വിലയാർന്ന വിശിഷ്ട വസ്ത്രവും
വിലസും പൊന്മണിഭൂഷണങ്ങളും
ഖലരാം വനകൂപപംക്തിമേൽ
കലരും പുഷ്പലതാവിതാനമാം

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

## 3.211 ഖേദിയ്ക്കകൊണ്ടു. . . (രാജേഷ്)

വസന്തതിലകം

ഖേദിയ്ക്കകൊണ്ടു ഫലമില്ല, നമുക്കതല്ല
മോദത്തിനും ഭുവി വിപത്തു വരാം ചിലപ്പോൾ
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വര വൈഭവത്താൽ

കവി : **കുമാരനാശാൻ**, കൃതി : *വീണ പൂവ്*

## 3.212 ചന്തം ചിന്തുന്ന ചന്ദ്രോത്സവം. . . (ജ്യോതി)

സ്രഗ്ദ്ധര

ചന്തം ചിന്തുന്ന ചന്ദ്രോത്സവ, മനുഭവരാസിക്യ സമ്പന്നമുക്താ-
വൃന്ദം നാരായണീയം, പുനമഹിഷകൃതോൽകൃഷ്ട ചമ്പൂകദംബം,
സന്ദേശച്ചാർത്തു മേഘഭ്രമരശുകമയൂരാദി സാഹിത്യമൂല്യം
സ്പന്ദിച്ചീട്ടും തരംഗോജ്ജ്വലതരളിതമാണക്ഷരശ്ലോകസിന്ധു!

കവി : **വി.കെ. ഗോവിന്ദൻ നായർ**, കൃതി : *അവിൽപ്പൊതി*

## 3.213 സന്താപത്തിനു തോണിയായ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

സന്താപത്തിനു തോണിയായ കവിതേ, നീ പുത്രദുഃഖത്തിനോ
പൂന്തേനായ്? തളർവാതരോഗമുടനേ മാറ്റുന്ന ഭൈഷജ്യമായ്!
മീൻതൊട്ടിട്ടു സുഗന്ധമായ്, കനകധാരാദ്വൈതി തൻ ചെപ്പിലെ-
പ്പന്തായ്, കാലടികൂപ്പുമെൻ കരളിലെപ്പൊന്നോമനപ്പീലിയായ്?

കവി : **രമേശൻ നായർ** , കൃതി : *സോപാനഗീതം*

## 3.214 മുന്നേ ഞാൻ നിരുപിച്ചപോൽ. . . (ജ്യോതി)[39]

ശാർദ്ദൂലവിക്രീഡിതം

മുന്നേ ഞാൻ നിരൂപിച്ചപോൽ സദൃശനായുള്ളോരു ഭർത്താവിനെ-
ത്തന്നേ ഭാഗ്യവശേന മൽപ്രിയസുതേ പ്രാപിച്ചു നീ സാമ്പ്രതം
ഔന്നത്യം കലരും രസാലവരനമ്മുല്ലയ്ക്കുമായ് വല്ലഭൻ
നിന്നെച്ചൊല്ലിയുമില്ല കില്ലിനിയെനി, യ്ക്കിമ്മുല്ലയെച്ചൊല്ലിയും

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ഭാഷാശാകുന്തളം*

## 3.215 ഔദാര്യവാനരചനന്നു. . . (കർത്താ)

വസന്തതിലകം

ഔദാര്യവാനരചനന്നു ധനാന്നവസ്ത്ര-
ഗോദാനപൂർവകമശേഷജനങ്ങളേയും
മോദാർണവത്തിൽ മുഴുകിച്ചു മുറയ്ക്കുവന്ന
ഗോദാനകർമ്മവുമനാകുലമായ്ക്കഴിച്ചു

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.216 മുട്ടുകുത്തിമണിമണ്ഡനസ്വനം. . . (ജ്യോതി)

കുസുമമഞ്ജരി

മുട്ടുകുത്തി, മണിമണ്ഡനസ്വനമുയർന്നിടാതെ, യതിസാഹസ-
പ്പെട്ടിഴഞ്ഞു, കതകൊച്ചയറ്റവിധമായ് ഉറന്നു, ചരിതാർത്ഥനായ്
കട്ടിലിൻ മുകളിലെത്തിനിന്നുറിയിൽ വെച്ച വെണ്ണ മലർവായ്ക്കക-
ത്തിട്ടു കട്ടുപുലരുന്ന തസ്കരകലാവിശാരദനു കൈതൊഴാം

കവി : **വി. കെ. ജി.**, കൃതി : *അവിൽപ്പൊതി*

---

[39] [*ഉമേഷ്*] ശ്ലോകം **3.214 :** മൂലശ്ലോകം (കാളിദാസൻ):

സങ്കല്പിതം പ്രഥമമേവ മയാ തവാർത്ഥേ
ഭർത്താരമാത്മസദൃശം സുകൃതൈർഗതാ ത്വം
ചൂതേന സംശ്രിതവതീ നവമാലികേയ-
മസ്യാമഹം ത്വയി ച സമ്പ്രതി വീതശോകഃ

## 3.217 കുന്നിയ്ക്കും കുറയാതെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കുന്നിയ്ക്കും കുറയാതെ കുന്നൊടു കുശുമ്പേറും കുചം പേറിടും
കുന്നിൻനന്ദിനി കുന്ദബാണനു കൊലക്കേസൊന്നു പാസ്സായതിൽ
ഒന്നാം സാക്ഷിണിയായ നീ കനിവെഴും വണ്ണം കടക്കണ്ണെടു-
ത്തൊന്നെന്നിൽ പെരുമാറണേ പെരുവനത്തപ്പന്റെ തൃപ്പെൺകൊടീ!

കവി : **ശീവൊള്ളി**

## 3.218 ഓണക്കോടി ഞൊറിഞ്ഞുടുത്തു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഓണക്കോടി ഞൊറിഞ്ഞുടുത്തു കമുകിൻ പൊൻപൂക്കുലചാർത്തുമായ്
പ്രാണപ്രേയസി കാവ്യകന്യ കവിളത്തൊന്നുമ്മവെച്ചീടവേ
വീണക്കമ്പികൾ മീട്ടി മാനവ മനോരാജ്യങ്ങളിൽ ച്ചെന്നു ഞാൻ
നാണത്തിന്റെ കിളുന്നുകൾക്കു നിറയെപ്പാദസ്വരം നൽകുവാൻ

കവി : **വയലാർ രാമവർമ്മ**, കൃതി : *സർഗ്ഗസങ്ഗീതം*

## 3.219 വെള്ളം വെട്ടിത്തിളച്ചാൽ. . . (ഹരി)

സ്രഗ്ദ്ധര

വെള്ളം വെട്ടിത്തിളച്ചാൽ പൊടിയിടണ, മടച്ചാവി പോവാതെ വാങ്ങി-
പ്പൊള്ളാതായാൽ തുറന്നൂറ്റണ, മതിനു സമം വെന്തപാൽ ചേർത്തിടേണം
വെള്ളപ്പൻസാരയും ചേർത്തലിവതിനു നാലഞ്ചുവട്ടം പകർത്തി-
ക്കൊള്ളുന്നേരം പതഞ്ഞാലവനിയിലമൃതില്ലെന്നു വല്ലായ്മ തീരും.

## 3.220 വക്കത്തുത്കണ്ഠയാലുത്കട. . . (ജ്യോതി)

സ്രഗ്ദ്ധര

വക്കത്തുത്കണ്ഠയാലുത്കടരുജ തടവും വല്ലവസ്നേഹിതന്മാ-
രാക്രന്ദിയ്ക്കെ, ക്കടക്കൺനനവൊടു പശുവൃന്ദങ്ങളങ്ങമ്പരക്കേ
അർക്കാപത്യാന്തരാളാദുപരിയുയരുമക്കാളിയപ്പത്തി തന്മേ-
ലക്കാർവർണ്ണൻ നടത്തീടിന നടനകലാവിപ്ലവം വെൽവുതാക!

കവി : **വി. കെ. ജി**, കൃതി : *അവിൽപ്പൊതി*

## 3.221 അഗ്രേപശ്യാമി തേജോനിബിഡ. . . (ഋഷി)[40]

സ്രഗ്ദ്ധര

അഗ്രേ പശ്യാമി തേജോനിബിഡതരകളായാവലീ ലോഭനീയം
പീയൂഷാപ്ലാവിതോഹം തദനുതദുദരേ ദിവ്യ കൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാസ്വാദരോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈർവിലസദുപനിഷത്സുന്ദരീ മണ്ഡലൈശ്ച

കവി : **മേല്പത്തൂർ**, കൃതി : *നാരായണീയം (100:1)*

[40] *[ഉമേഷ്]* ശ്ലോകം **3.221** : പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

കായാമ്പൂവിന്റെ കാന്തിപ്രചുരിമ തിരളും മുഗ്ദ്ധതേജസ്സു കണ്ടേൻ;
പീയൂഷത്തിൽ കുളിച്ചേ; നതിനു നടുവിലായ് ദിവ്യബാലസ്വരൂപം
തോയും സച്ചിദ്രസത്തേൻ പുളകമൊടു നുകർന്നുള്ള ദേവർഷിവൃന്ദം
സ്ഥായത്കാന്താങ്ഗിമാരാം നിഗമതരുണിമാരൊത്തു നിൽക്കുന്നു ചുറ്റും.

## 3.222 തന്നിഷ്ടക്കാരനാകും യമനൊരു. . . (ജ്യോതി)

സ്രග്ധര

തന്നിഷ്ടക്കാരനാകും യമനൊരു നിയമം നോക്കലില്ലാനയേയും
തന്നുള്ളിൽ ചേർപ്പു സൗദാമിനിയുടെ കനകക്കയ്യു പെട്ടെന്നു നീട്ടി
എന്നാലീ വൃദ്ധനാമെന്നുടലുയിരുകളെ പ്രത്യഹം നുള്ളി നുള്ളി–
ത്തിന്നുന്നൂ ചൂട്ടു കൂട്ടും കറിയൊരു കൊതിയൻ കുട്ടിപോലക്കൃതാന്തൻ

കവി : **വി. കെ.ജി.**, കൃതി : *അവിൽപ്പൊതി*

## 3.223 ഏന്തില്ലായുധമെന്ന തന്റെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഏന്തില്ലായുധമെന്ന തന്റെ ശപഥം തെറ്റിച്ചു, ഞാൻ ചെയ്തതാ-
മേന്തിച്ചീടുമതെന്ന സത്യമൂതമാക്കുംമാറു ചക്രായുധം
ഏന്തി, ബ്ഭൂമികുലുക്കി, മേൽപ്പുടവയൂർന്നെൻനേർക്കു തേർത്തട്ടിൽ നി-
ന്നേന്തിച്ചാടിയണഞ്ഞ പാർത്ഥസഖനിൽ പ്രേമം ഭവിക്കാവു മേ!

കവി : **പ്രേംജി**, കൃതി : *നാൽക്കാലികൾ*

## 3.224 എന്റേതെന്നു നിനച്ചതൊക്കെ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

എന്റേതെന്നു നിനച്ചതൊക്കെ വെടിവേൻ; ഒന്നാഗ്രഹം; വാങ്മനഃ-
കർമ്മാകാരമെടുത്തു വിശ്വമഖിലം വ്യാപിച്ച ഹേ വാമന!
വാഗർത്ഥങ്ങൾ മരന്ദമേകുവതിനായ് വർണ്ണാഭ പൂ, ണ്ടക്ഷര-
ശ്ലോകപ്പൂ വിരിയിപ്പതാവണമെനിയ്ക്കേതാണ്ടുമീ ശ്രാവണം!

കവി : **പി. സി. മധുരാജ്**

## 3.225 വാരാളുന്നീ വേടരോ. . . (കർത്താ)

ശാലിനി

വാരാളുന്നീ വേടരോ, വിന്ധ്യകേതു-
പ്പേരാർന്നാത്മസ്വാമിതൻ ശാസനത്താൽ,
ഘോരാരണ്യേ പൂരുഷന്മാരെയങ്ങി-
ങ്ങാരായുന്നോരാണു, ദേവീബലിക്കായ്.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.226 ഘോരാകാരാട്ടഹാസ. . . (ഉമേഷ്)

സ്രഗ്ധര

ഘോരാകാരാട്ടഹാസപ്രകടിതകലഹം മൃത്യു വന്നെത്തി നോക്കും
നേരം നാരീജനത്തിൻ കളികളുമിളിയും നോക്കുമൂക്കുള്ള വാക്കും
പോരാ പോരിൽത്തടുപ്പാൻ; പരമശിവപദാംഭോജരേണുപ്രസാദം
പോരും പോരും കൃതാന്തപ്രതി ഭയമകലത്താക്കുവാനാർക്കുമെന്നും!

കവി : **കുമാരനാശാൻ**

## 3.227 പീലിക്കാർകൂന്തൽ കെട്ടീട്ടഴകൊട്ടു. . . (ഋഷി)

സ്രഗ്ദ്ധര

പീലിക്കാർകൂന്തൽ കെട്ടീട്ടഴകൊട്ടു നിടിലേ ചാരുഗോരോചനം ചേർ-
ത്തേലസ്സും പൊൻചിലമ്പും വളകളുമണിയിച്ചമ്മതന്നങ്കഭാഗേ
ലീലാഗോപാലവേഷത്തൊട്ടു മുരളിയുമായ് കാലി മേയ്ക്കുന്ന കോലും
ചലേ കൈക്കൊണ്ടു മന്ദസ്മിതമൊട്ടു മരുവും പൈതലേ, കൈതൊഴുന്നേൻ!

കവി : പൂന്തോട്ടത്തു നമ്പൂതിരി

## 3.228 ലളിതം ഫണി തന്നുടെ. . . (ഉമേഷ്)[41]

തോടകം

ലളിതം ഫണി തന്നുടെ പത്തികളിൽ
തളിർ തന്നൊളി വെന്നൊരു ചേവടിയാൽ
തളയും വളയും കളസുസ്വനമോ-
ടിളകം വിധമാടി വിളങ്ങി ഭവാൻ.

കവി : സി. വി. വാസുദേവ ഭട്ടതിരി, കൃതി : *നാരായണീയം പരിഭാഷ (55:9)*

## 3.229 തിണ്ണം ചെന്നിട്ടു തീയിൽ. . . (ഋഷി)[42]

സ്രഗ്ദ്ധര

തിണ്ണം ചെന്നിട്ടു തീയിൽ തെളിവിനൊട്ടു തിളയ്ക്കുന്ന പാലൊട്ടു പൊന്നിൻ
കിണ്ണം കൊണ്ടമ്മ കാണാതളവില്ലടനടൻ മുക്കി, മുക്കിൽ പതുങ്ങി
കർണ്ണം പാർത്തങ്ങു നിന്നിട്ടു ചൊടിയിണകൊണ്ടൂതിയൂതിക്കുടിക്കും
കണ്ണൻ കാരുണ്യപൂർണൻ കളകമലദളക്കണ്ണനെൻ കണ്ണിലാമോ?

കവി : കാത്തുള്ളിൽ അച്യുതമേനോൻ

## 3.230 ക്ഷണപ്രഭാഗണ. . . (കർത്താ)

പഞ്ചചാമരം

ക്ഷണപ്രഭാഗണപ്രഭാസമപ്രഭാലസൽപ്രഭാ-
കരപ്രഭാധികസ്ഫുരന്മണിപ്രദീപ്തഭൂഷണാ
ഹരിപ്രിയാദ്യശേഷഖേചരപ്രിയാനഭാവിതാ
ഹരപ്രിയാ ജഗൽപ്രിയാ വരപ്രദാസ്തു മേ സദാ

കവി : കുട്ടിക്കുഞ്ഞു തങ്കച്ചി

## 3.231 ഹാസം പോലെ വെളുപ്പു ചേർന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഹാസം പോലെ വെളുപ്പു ചേർന്നു, മനരാഗാവിഷ്ട തൻ ദീർഘനി-
ശ്വാസം പോലെ കനപ്പു ചേർന്നു, മവൾ തൻ കണ്ണിൻ കറുപ്പാർന്നുമേ
മാസം വാസരമെന്നതല്ല നിമിഷം തോറും വിഭിന്നാത്മകോ-
ല്ലാസം പൂണ്ടുപരന്ന കാർമുകിൽ രസം ഉുകുന്നിതെല്ലാടാവും.

---

[41] [*ഉമേഷ്*] ശ്ലോകം **3.228 :** തെറ്റിപ്പോയ ഒരു ല-ത ശ്ലോകത്തിനു പകരം വെച്ചത്. ഇതിന്റെ മൂലശ്ലോകം (**മേൽപ്പത്തൂർ**):

അധിരുഹ്യ തതഃ ഫണിരാജഫണാൻ
നനൃതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളത്-
കരകങ്കണസങ്കുലസങ്ക്വണിതം

[42] [*ഉമേഷ്*] ശ്ലോകം **3.229 :** *കർണ്ണം പാർത്തങ്ങു നിന്നായതു* എന്നും *കണ്ണൻ കല്യാണപൂർണ്ണൻ* എന്നും പാഠഭേദം.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.232 മേലേ മേലേ പയോധൗ. . . (കർത്താ)

സ്രഗ്ദ്ധര

മേലേ മേലേ പയോധൗ തിരനിരയതുപോൽ ഗദ്യപദ്യങ്ങളോർക്കും
കാലേ കാലേ ഭവിപ്പാൻ ജഗമതിലൊളിവായ് ചിന്നിടും തേൻ കുഴമ്പേ!
ബാലേ ബാലേ മനോജ്ഞേ പരിമൃദുലതനോ! യോഗിമാർ നിത്യമുണ്ണും
പാലേ! ലീലേ വസിക്കെൻ മനസി സുകൃതസന്താനവല്ലീ സുചില്ലീ!

കവി : ചട്ടമ്പി സ്വാമികൾ

## 3.233 ബാണൻ തൻ കോട്ട കാത്തു. . . (ഉമേഷ്)

സ്രഗ്ദ്ധര

ബാണൻ തൻ കോട്ട കാത്തു ഭഗവതി, ഭുവനാധീശനാം നിൻ മണാളൻ;
ബാണം വർഷിച്ചു മെയ് മൂടിയ രണപടുവാം ഫൽഗുനന്നിഷ്ടമേകീ;
വേണം തൻ ഭക്തരോടിത്രയുമകമലിവങ്ങെങ്കിൽ നിൻ ഭക്തനാമെൻ
ത്രാണത്തിന്നെന്തമാന്തം തവ? സതി പതിസാധർമ്മ്യമേൽക്കേണ്ടതല്ലോ.

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

## 3.234 വൃത്തം വൃത്തികുറഞ്ഞതായി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വൃത്തം വൃത്തികുറഞ്ഞതായി, പദവിന്യാസം ക്രമം വിട്ടതായ്
അത്യന്താധുനികത്വനാട്യബഹുലം രൂപം ചിതംകെട്ടതായ്,
കഷ്ടം കൈരളിമങ്കയാൾക്കെഴുമലങ്കാരങ്ങളും നഷ്ടമായ്,
അർത്ഥം തന്നെയനർത്ഥമായ്, വിരസമായ് ഭാവത്തിനാവർത്തനം!

കവി : ഡോക്ടർ എം.ജി.എസ്സ്. നാരായണൻ, കൃതി : *മലയാളകവിത*

## 3.235 കൃതമിദം ഹരിണശ്ചരിതം. . . (കർത്താ)

ദ്രുതവിളംബിതം

കൃതമിദം ഹരിണശ്ചരിതം ശുഭം
സകലപാപഹരം പഠതാം നൃണാം
ഗുരുഗൃഹാലയഹൈമവതീകൃപാ-
ലവയുതേന തു ഭാസ്കരശർമണാ

കവി : വട്ടപ്പള്ളി ഭാസ്കരൻ മൂസ്സത്, കൃതി : *ശ്രീകൃഷ്ണോദന്തം*

## 3.236 ഗേയം നിൻ തിരുനാമകീർത്തനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗേയം നിൻ തിരുനാമകീർത്തനമൊഴിച്ചെന്തുള്ളു ഹേ ശ്രീപതേ!
പേയം നിൻ മുരളീരവാമൃതമൊഴിച്ചെന്തുള്ളു ഗീതാംബുധേ!
ധ്യേയം നിൻ പദപദ്മമൊന്നൊഴികെ മറ്റെന്തുള്ളു ദാമോദരാ!
ജ്ഞേയം നിൻ മഹിമാവൊഴിച്ചു പരമെന്താനന്ദരത്നാകര!

കവി : യൂസഫ് അലി കേച്ചേരി, കൃതി : *അഹൈന്ദവം*

## 3.237 ധരാധരേന്ദ്രനന്ദിനീ. . . (ജ്യോതി)

പഞ്ചചാമരം

ധരാധരേന്ദ്രനന്ദിനീവിലാസബന്ധുബന്ധുര-
സ്ഫുരദ്ദിഗന്തസന്തതിഃ പ്രമോദമാനമാനസേ
കൃപാകടാക്ഷധോരണീ നിരുദ്ധദുർധരാപതിഃ
ക്വചിദ്ദിഗംബരേ മനോവിനോദമേതുവസ്തുനി

കവി : രാവണൻ (ഐതിഹ്യം), കൃതി : *ശിവതാണ്ഡവസ്തോത്രം*

## 3.238 കൃതാന്തബന്ധബന്ധനൈക. . . (ഉമേഷ്)

പഞ്ചചാമരം

കൃതാന്തബന്ധബന്ധനൈകകൃന്തനം മുരാന്തകം
നിതാന്തഭാസുരം വരം വരേണ്യമീശ്വരം ഹരിം
കൃപാകദംബമാധുരീരസപ്രവാഹനിർഗ്ഗള-
ന്മുഖാരവിന്ദമച്യുതം നമാമി ലോകനായകം.

കവി : ഇലത്തൂർ നാരായണൻ വൈദ്യർ

## 3.239 കരാളഫാലപട്ടികാ. . . (ജ്യോതി)

പഞ്ചചാമരം

കരാളഫാലപട്ടികാധഗദ്ധഗദ്ധഗജ്ജ്വല-
ദ്ധനഞ്ജയാധരീകൃതപ്രചണ്ഡപഞ്ചസായകേ
ധരാധരേന്ദ്രനന്ദിനീകുചാഗ്രചിത്രപത്രക-
പ്രകല്പനൈകശില്പിനി ത്രിലോചനേ മതിർമ്മമ

കവി : രാവണൻ (ഐതിഹ്യം), കൃതി : *ശിവതാണ്ഡവസ്തോത്രം*

## 3.240 ധന്യാഭാനോഃ പുലരിവഴി. . . (കർത്താ)

മന്ദാക്രാന്ത

ധന്യാഭാനോഃ പുലരിവഴിവെള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻ ചൂൽകൊണ്ടിരുൾമയമടിക്കാട്ടടിച്ചങ്ങു നീക്കി
ഇമ്പം ചേരും ഗഗനഭവനം ചുറ്റുമുറ്റത്തളിപ്പാ-
നംഭോരാശൗ ശശധരകുടം കാൺക മുക്കിന്റവാറ്

കൃതി : *ചക്രവാകസന്ദേശം*

## 3.241 ഇന്ദ്രത്വം പണ്ടു ഗോവർദ്ധന. . . (ജ്യോതി)

സ്രഗ്ദ്ധര

ഇന്ദ്രത്വം പണ്ടു ഗോവർദ്ധനഗിരിയിലുറപ്പിച്ചു, വേഗം പിണങ്ങും
വൃന്ദാരാമത്തുടിപ്പാം പശുപയുവതി തൻ താപമാറ്റിക്കൊടുത്തും
സന്ദേഹം തീർത്തുമിന്ദ്രാത്മജ,നൊരു ദിനവും ദുഷ്ടനീതിജ്ഞരോടായ്-
സ്സന്ധിയ്ക്കാതേ ജയിയ്ക്കും മൊഴിയുടയവനെൻ വാക്കു മുത്താക്കിടട്ടെ!

കവി : പി.സി. രഘുരാജ്

## 3.242 സ്രവന്തീ പാഷാണേ പഥി. . . (കർത്താ)

ശിഖരിണി

സ്രവന്തീ പാഷാണേ പഥി പഥി ഘൃമിങ്കാരസുരവൈഃ
സ്ഖലന്തീ കാന്താരേ സ്വപതിമരമണ്ഢിം നിപതിതും
ഭ്രമന്തീ പശ്യത്വം വിരഹവിവശാ സാതികലുഷാ
തദന്തീ ധാനന്തീ വ്യഥിതദമയന്തീതി സുമുഖീ

കവി : കുമാരനാശാൻ

## 3.243 ഭുവനത്രയഭാരഭൃതോ. . . (ജ്യോതി)[43]

തോടകം

ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികമ്പിവിജൃംഭി ജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം
തടിനീ ഝടിതി സ്ഫുടഘോഷവതീ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (55:3)*

## 3.244 പൂമാതല്ലേ കളത്രം?. . . (ഋഷി)

സ്രഗ്ദ്ധര

പൂമാതല്ലേ കളത്രം? ചപലകളിലവൾക്കഗ്രഗണ്യത്വമില്ലേ?
പൂമെയ് പാമ്പിന്മെലല്ലേ? വിഷമെഴുമവനൊന്നൂതിയാൽ ഭസ്മമല്ലേ?
ഭീമഗ്രാഹാദിയാദോഗണമുടയ കടൽക്കുള്ളിലല്ലേ നിവാസം?
സാമാന്യം പോലെയെന്തുള്ളതു പറക നിനക്കത്ര പൂർണ്ണത്രയീശ!

കവി : ഒറവങ്കര

## 3.245 ഭാഷാരീതിപ്പഴക്കത്തിനു. . . (കർത്താ)

സ്രഗ്ദ്ധര

ഭാഷാരീതിപ്പഴക്കത്തിനു നടുവ, മതിപ്രാസമെണ്ണിപ്പെറുക്കി-
ശ്ശോഷിച്ചീടാതെ കുത്തിത്തിരുകിവിടുവതിന്നച്യുതൻ മെച്ചമോടേ,
ഘോഷിക്കും കുഞ്ഞുഭൂപൻ, ലഘുരസഫലിതം രാജവിപ്രൻ ചമയ്ക്കും,
തോഷം സർവ്വർക്കുമൊപ്പം തരുവതിനൊരുവൻ കൊച്ചുകൊച്ചുണ്ണിഭൂപൻ!

കവി : വെണ്മണി മഹൻ

## 3.246 ഘനനീലവർണ്ണ കരുണാർണ്ണവം. . . (രഘുരാജ്)

മഞ്ജുഭാഷിണി

ഘനനീലവർണ്ണ കരുണാർണ്ണവം ജഗത്-
ഭ്രമണൈകചക്രധരവിക്രമാർണ്ണവം
പ്രണവാക്ഷരധ്വനിതസച്ചിദർണ്ണവം
പ്രണതാർത്തിഹാരി ഹരി തീർക്ക സങ്കടം

കവി : വി. കെ. ജി. , കൃതി : *അവിൽപ്പൊതി*

---

[43] [*ഉമേഷ്*] ശ്ലോകം **3.243 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

ഉലകങ്ങളെയുള്ളിലൊതുക്കിയ നിൻ
വലുതായൊരു മെയ്യല ചേർത്തു ഇലോം
ഒലി പൂണ്ടൊരു നൂറു ധനുസ്സകലം
ജലമഗ്നമതായ് കര രണ്ടുമഹോ!

### 3.247 പ്രാണായാമക്രമത്തിൽ. . . (ജ്യോതി)

സ്രഗ്ധര

പ്രാണായാമക്രമത്തിൽ പവനവിധൃതിചെയ്താനന ശ്രോത്രനേത്ര-
ഘ്രാണം രോധിച്ചു, ദക്ഷശ്രുതിയിലകമണച്ചുജ്ജ്ഡിത സ്ഥൂലഘോഷം
വാണീടുന്നോർക്കു നീയാമൊരു ചെറുരണിതം കേട്ടിടാമപ്രണാദ-
ത്രാണം നാദാനുസന്ധാന, മതമൃതമയം തല്ലയം ത്വല്ലയം പോൽ

### 3.248 വാടീരസാലാഗത. . . (കർത്താ)

ഇന്ദ്രവജ്ര

വാടീരസാലാഗതവായുസങ്ഗാ-
ലാടീ രസാലാശു ലതാവധൂടീ
പാടീരസാലാശ്രിതകോകിലാളി
പാടീ രസാലംബിവിയോഗിപാളീ

കവി : **കടത്തനാട്ട് കൃഷ്ണ വാര്യർ**, കൃതി : *സീമന്തിനീചരിതം*

### 3.249 പരമ കിമു ബഹുക്ത്യാ. . . (ജ്യോതി)[44]

മാലിനി

പരമ! കിമു ബഹുക്ത്യാ, ത്വത്പദാംഭോജഭക്തിം
സകലഭയവിനേത്രീം സർവ്വകാമോപനേത്രീം
വദസി ഖലു ദൃഢം ത്വം, തദ് വിധൂയാമയാൻ മേ
ഗുരുപവനപുരേശ! ത്വയ്യുപാധത്സ്വ ഭക്തിം.

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (15:10)*

### 3.250 വെണ്ണയ്ക്കിരന്നു വഴിയേ. . . (ഋഷി)

വസന്തതിലകം

വെണ്ണയ്ക്കിരന്നു വഴിയേ മണിയും കിലുക്കി-
ക്കുഞ്ഞിക്കരങ്ങളുമുയർത്തി നടന്ന നേരം
കണ്ണിൽ തെളിഞ്ഞ പുതുവെണ്ണ ലഭിച്ചു നില്പോ-
രുണ്ണിക്കിടാവു ചിരിപൂണ്ടതു കണ്ടിതാവൂ

കവി : **പൂന്താനം**

### 3.251 കരുതാം കമനീയമീ. . . (ഉമേഷ്)[45]

വിയോഗിനി

കരുതാം കമനീയമീ സദ-
സ്സിരുനൂറ്റമ്പതിലെത്തി നിൽക്കയാൽ

---

[44] **[*ഉമേഷ്*] ശ്ലോകം 3.249 :** "വ" എന്ന അക്ഷരത്തിനു രണ്ടു പേർ ശ്ലോകങ്ങളയച്ചപ്പോൾ അവയ്ക്കിടയിൽ തിരുകാൻ വേണ്ടി ചൊല്ലിയത്. പദ്യതർജ്ജമ (**സി. വി. വാസുദേവഭട്ടതിരി**):

പരമ, പലതുരച്ചിട്ടെന്തു? നിൻ ഭക്തിയൊന്നേ
നരനഭയമണയ്ക്കും, നൽകിടും കാമമെല്ലാം;
ഗുരുപവനപുരേശാ, നീയിതോതുന്നു തിട്ടം;
ഗുരുഗദപരിതാപം നീക്കി നീ ഭക്തി നൽക!

[45] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. E-sadass 250 ശ്ലോകങ്ങൾ തികച്ചതിനെപ്പറ്റി എഴുതിയത്. "ആയിരം ശ്ലോക മറിഞ്ഞാൽ അരക്കവിയായി" എന്നൊരു ചൊല്ലുണ്ടല്ലോ.

പെരുതായ കവിത്വമെട്ടിലൊ-
ന്നൊരുമിച്ചിന്നു കരസ്ഥമാക്കി നാം!

കവി : **ഉമേഷ് നായർ**

## 3.252 പോരുമ്പോഴമ്മചുറ്റിച്ചൊരു. . . (ജ്യോതി)

സ്രഗ്ദ്ധര

പോരുമ്പോഴമ്മചുറ്റിച്ചൊരു ചെറുവസനത്തിന്റെ തുമ്പിൽച്ചവിട്ടി-
ച്ചേറാക്കി, ത്തെല്ലഴിഞ്ഞെങ്കിലുമിടതുകരംകൊണ്ടു താങ്ങിപ്പിടിച്ച്
ഭാരം തോന്നും സ്സെയിറ്റക്കുടയുടെ പകരം ചാരു മൂർദ്ധാവിലേറ്റി
സ്വൈരം പോകുന്ന വിദ്യാലയമണയുവതിന്നിക്കിടാവുത്ക്കടാഭം.

കവി : **വി. കെ. ജി.** , കൃതി : *അവിൽപ്പൊതി*

## 3.253 ഭർത്തൃത്വേ കേരളാനാം. . . (കർത്താ)

സ്രഗ്ദ്ധര

ഭർത്തൃത്വേ കേരളാനാം മണിതവിലസിതേ പാണ്ഡ്യഭ്രപണ്ഡിതാനാം
ചോളാനാം ചാരുഗീതേ യവനകുലഭുവാം ചുംബനേ കാമുകാനാം
ഗൗദാനാം സീൽകൃതേഷു പ്രതിനവവിവിധാലിങ്ഗനേ മാളവാനാം
ചാതുര്യം ഖ്യാതമേതത്ത്വയി സകലമിദം ദൃശ്യതേ വല്ലഭാദ്യ.

കവി : **കോഴിക്കോട് മാനവിക്രമ ഏട്ടൻ തമ്പുരാൻ** , കൃതി : *ശൃങ്ഗാരമഞ്ജരി*

## 3.254 ഗ്രാമത്തിന്നരികിൽച്ചിരിച്ചു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗ്രാമത്തിന്നരികിൽച്ചിരിച്ചു രസമായ് നിൽക്കുന്ന കന്നിന്നട-
ത്താനന്ദത്തികവാർന്നു, ചോലകൾ നറും രാഗം ചൊരിഞ്ഞീടവേ,
ഗാനത്തിന്നു പികങ്ങൾ, പയ്യുകല്യവാൻ മാകന്ദ, മേവം സുഖ-
സ്തോമത്തിന്റെ നടുക്കിണങ്ങിയ വസന്തം ഹാ മനോഹാരി താൻ!

കവി : **ഡി. ശ്രീമാൻ നമ്പൂതിരി**

## 3.255 ഗന്ധം ചേർന്നിതളുള്ള. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ഗന്ധം ചേർന്നിതളുള്ള പൂനിര ചൊരിഞ്ഞീടട്ടെ കാറെപ്പൊഴും,
ചിന്നും സ്വർനദിവീചിശീതളമലം വീശട്ടെ മന്ദാനിലൻ;
ചന്തം ചേർത്തണയട്ടെയാറൃതുവുമൊത്തുദ്യാനശോഭയ്ക്കിനി
സ്വന്തം രശ്മി സുഖം വിരിച്ചു ശശിയും ചുറ്റട്ടെ ദിക്കൊക്കെയും.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, കൃതി : *ആശ്ചര്യചൂഡാമണി തർജ്ജമ*

## 3.256 ചിത്തം മേ വാസുദേവ. . . (കർത്താ)

സ്രഗ്ദ്ധര

ചിത്തം മേ വാസുദേവ! പ്രചുരകരുണയാ ശോധയ പ്രീതിപൂർവം
നിത്യം സങ്കർഷണാഹങ്കരണജപരിതാപാംശ്ച ദൂരീകുരുഷ്വ
ബുദ്ധേഃ പ്രദ്യുമ്ന! സക്തിം ഹര ഭവവിഷയാം മാനസം ചാനിരുദ്ധ!
ത്വത്തത്ത്വജ്ഞാനയുക്തം കുരു; നിഖിലസുഖം ദേഹി നാരായണ ത്വം

കവി : **കൊച്ചി വലിയ ഇക്കു അമ്മത്തമ്പുരാൻ** , കൃതി : *സൗഭദ്രസ്തവം*

## 3.257 ബാലേന്ദുശേഖര മഹേശ്വര. . . (ബാലേന്ദു)

വസന്തതിലകം

ബാലേന്ദുശേഖര മഹേശ്വര ദേവദേവ
ഫാലേന്ദു മദ്ധ്യനയനേന കടാക്ഷമേകി
രാകേന്ദു രാത്രി മുഴുവൻ പകരും പ്രകാശം
പോലേന്തുകാഭ മമ ജീവിതമാം തമസ്സിൽ

കവി : **ബാലേന്ദു**

## 3.258 രണ്ടാൾ ചേർന്നൊരു പാപകർമ്മം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

രണ്ടാൾ ചേർന്നൊരു പാപകർമ്മമിവിടെച്ചെയ്താ, ലതിൻശിക്ഷയാ
രണ്ടാൾക്കും സമമല്ലിവേണ്ടു? സുരതം ദണ്ഡാർഹമെന്നെണ്ണുകിൽ.
രണ്ടായ്ഗ്ഗർഭഭരപ്രയാസവുമൊരീപ്പേറ്റിന്റെ നോവും സമം
ഖണ്ഡം ചെയ്തു കൊടുക്കു പൂരുഷനു, മെന്തിപ്പക്ഷപാതം, പ്രഭോ?

കവി : **ടി.എം.വി**

## 3.259 രമ്യാ സാ വനിതാ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

രമ്യാ സാ വനിതാ പുരോഭ്യുപനതാ യാ ഭർത്തുരന്തർഹിതം
ഹൃദ്യാവിഷ്കുരുതേ ശ്രുതിപ്രണയവൽസാരസ്യവച്ചാരുദൃക്
യോഗാഭ്യാസബലേന യത്ര ഭവതി ത്രൈവർഗ്ഗികീ ധന്യതാ
നിസ്സാരസ്വധരാശയൈകവശഗാ സമ്യഗ്വിവിക്തേ രതിഃ

കവി : **എലത്തൂർ രാമസ്വാമി ശാസ്ത്രികൾ**

## 3.260 യക്ഷാധീശ്വരപട്ടമോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

യക്ഷാധീശ്വരപട്ടമോ, മഹിതമാം സ്വാരാജ്യസാമ്രാജ്യമോ,
ത്ര്യക്ഷാദിത്രിദശാധികാരനിലയോ വേണ്ടാ നമുക്കെൻ വിഭോ!
ലക്ഷാദിത്യസമാനമായൊരനഘജ്യോതിസ്സു ചിന്നുന്ന നി-
ന്നക്ഷാമാദ്ഭുതചിത്സ്വരൂപമകമേ കാണായ് വരേണം സദാ!

കവി : **വള്ളത്തോൾ**, കൃതി : *നാരായണാഷ്ടകം*

## 3.261 ലാലസിപ്പതു സമുദ്ര. . . (കർത്താ)

രഥോദ്ധത

ലാലസിപ്പതു സമുദ്രവീചികാ-
മാലയിൽപ്പതിതമർക്കമണ്ഡലം
ലോലമായടിയിൽ നിന്നു ബാഡബ-
ജ്വാല തെല്ലുടനുയർന്നതിൻ വിധം

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.262 ലോലനാര്യനരുവിട്ടു. . . (ഉമേഷ്)

രഥോദ്ധത

ലോലനാര്യനരുവിട്ട കേട്ടൊരാ
ബാലപാഠമഖിലം മനോഹരം
കാലമായധിക, മിന്നൊരക്ഷരം
പോലുമായതിൽ മറപ്പതില്ല ഞാൻ

കവി : **കുമാരനാശാൻ**, കൃതി : *നളിനി*

## 3.263 കണ്ടാൽ സൂര്യകുലേ ജനിച്ച. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

കണ്ടാൽ സൂര്യകുലേ ജനിച്ച ശിശുവോയെന്നുള്ള സന്ദേഹമി-
ന്നുണ്ടാക്കും മുനി ബാലനേഷ തനിയേ കുംഭീന്ദ്രകുംഭങ്ങളിൽ
ടണ്ടാങ്കാരഭയങ്കരദ്ധ്വനി വളർത്തത്യുഗ്രബാണങ്ങളെ-
ക്കൊണ്ടെൻ സൈന്യശരീരസന്ധികൾ പിളർന്നേകുന്നു മേ കൗതുകം!

കവി : **ചാത്തുക്കുട്ടി മന്നാടിയാർ**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.264 ടിക്കറ്റിന്നു തപസ്സുചെയ്യണം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ടിക്കറ്റിന്നു തപസ്സുചെയ്യണ, മൊരോ കഷ്ടം സഹിക്കേണ, മ-
പ്പെട്ടിക്കെട്ടുകൾ, മെത്ത, കൂജ, പലതും കെട്ടിപ്പെറുക്കീടണം;
മുട്ടിത്തട്ടി മുഷിഞ്ഞു, കാശു മുഴുവൻ ദീപാളി, കോമാളിയായ്
നാട്ടിൽപ്പോക്കു നടത്തിടുന്ന മലയാളത്താന്റെ കൈക്കുപ്പണം!

കവി : **ഏവൂർ പരമേശ്വരൻ**, കൃതി : *മോഡേൺ മുക്തകങ്ങൾ*

## 3.265 മുറ്റത്തീണത്തിലോടി. . . (ഹരി)

സ്രഗ്ദ്ധര

മുറ്റത്തീണത്തിലോടി, ക്കുസൃതികൾ പലതും കാട്ടി, ഞാൻ വാടിവീഴ്കെ-
ത്തെറ്റെന്നെത്തിക്കരത്താലുടനടി നെടുതായ് താങ്ങി മെയ്യിൽത്തലോടി,
മുറ്റം മുത്തങ്ങളേകി, ത്തിറമൊടു മടിയിൽ വെച്ചു, മമ്മിഞ്ഞ തന്നും
മറ്റും പാലിച്ചൊരമ്മേ, തവ പദമലർ വിട്ടില്ല മറ്റാശ്രയം മേ

## 3.266 മാനം ചേർന്ന മനീഷികൾക്കു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

മാനം ചേർന്ന മനീഷികൾക്കു സുജനദ്രോഹേ മഹോത്സാഹമാം
ഹീനന്മാരുടെ ദുഷ്പ്രവാദമണുവും ചേർക്കില്ല ദുഷ്കീർത്തിയെ.
മാനം പൂക്കലമമ്പിളിക്കല വിളങ്ങുമ്പോൾ കുശുമ്പാൽ കുറെ
ശ്വാനന്മാർ കുര കൂട്ടിയാൽ നിറനിലാവെങ്ങാൻ നിറം മങ്ങുമോ?

കവി : **ടി.എം.വി.**

## 3.267 മെയ്യാകെച്ചാമ്പൽ തേച്ചും. . . (ബാലേന്ദു)

സ്രഗ്ദ്ധര

മെയ്യാകെച്ചാമ്പൽ തേച്ചും, നെറുകയിലണിരുദ്രാക്ഷഹാരം പിണച്ചും,
കയ്യിൽ ശൂലം പിടിച്ചും, പലവടിവിലിരപ്പാളിവേഷങ്ങൾ കാൺകെ
ഇയ്യുള്ളോനമ്പരപ്പാ, ണവരിലൊരുവനെൻ കണ്ണുകാണാൻ കൊതിക്കും
നീയാകാമാരുകണ്ടു തവകളിവിളയാട്ടങ്ങൾ കൈലാസവാസിൻ!

കവി : എൻ. കെ. ദേശം

## 3.268 ഈരും പേനും പൊതിഞ്ഞീടിന. . . (കർത്താ)

സ്രഗ്ദ്ധര

ഈരും പേനും പൊതിഞ്ഞീടിന തലയുമഹോ! പീള ചേർന്നോരു കണ്ണും
പാരം വാനാറ്റവും കേളിളിയുമൊളിയളിഞ്ഞൊട്ടു മാറൊട്ടു ഞാന്നും
ക്രുറോടയ്യൻ കൊട്ടത്തീടിന ത്തണിമുറിയും കൊഞ്ഞലും കൊട്ടുകാലും
നേരമ്പോക്കല്ല ജാത്യം പലതുമിനിയുമുണ്ടെങ്കിലും മങ്കയല്ലേ?

കവി : വെണ്മണി മഹൻ

## 3.269 കന്യാകുബ്ജത്തിലല്ലായ്കയൊ. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

കന്യാകുബ്ജത്തിലല്ലായ്കയൊ ജനനമതോ ദാസിയെക്കാമിയാഞ്ഞോ,
ത്വന്നാമത്തിന്നുമിപ്പോൾ കലിയുഗമതുകൊണ്ടുള്ള വീര്യം കുറഞ്ഞോ,
എന്തോ നാലക്ഷരം താൻ മുഴുവനരുതതിൽ കുറ്റമെന്നിൽ പിണഞ്ഞോ
ത്വന്നാമം ഞാനറിഞ്ഞിട്ടനുദിനമുരചെയ്യന്നതോ വാസുദേവ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.270 എനനായതു ഭുവനേ. . . (കർത്താ)

ശങ്കരചരിതം

എനനായതു ഭുവനേ നനു ദിനനായകനിവനേ
ജനനാവനഹനനാദികൾ തുനിയുന്നതു തനിയേ
തുണയായതു വിധിമാധവഗിരിശാദികൾ പലരും
വിനതാപതി സവിതാപദി സവിതാ മമ ശരണം

## 3.271 തണ്ടാർമാതിൻ മുലക്കുങ്കുമരസം. . . (ഉമേഷ്)[46]

സ്രഗ്ദ്ധര

തണ്ടാർമാതിൻ മുലക്കുങ്കുമരസമിഴുകും ചാരുദോരന്തരാളേ
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും വന്യമാലാഭിരാമം
കൊണ്ടാടിത്താപസന്മാരഹരനതിരയും സച്ചിദാനന്ദരൂപം
കണ്ടാവൂ ഞാൻ കളായദ്യുതി കഴൽ പണിയുന്നോരു കാന്തിപ്രവാഹം.

## 3.272 കേട്ടോളം നൈഷധത്തിൽ. . . (ബാലേന്ദു)[47]

സ്രഗ്ദ്ധര

കേട്ടോളം നൈഷധത്തിൽക്കലിയുടെ വരവൊന്നുണ്ടു രണ്ടാം ദിനത്തിൽ
വിട്ടീടും മൂന്നിലെന്നാണിതുവരെയെതിരായ്ക്കണ്ടതില്ലെന്നുമെങ്ങും
കേട്ടേൻ ന്യൂറ്റാണ്ടൊടുക്കം കവിയുടെ കരയിൽത്തന്നെ നാലാം ദിനത്തിൽ
ചട്ടം തെറ്റിച്ചുകേറീ കലി നള(ട)നകമേ പെപ്സിതൻ കുപ്പിമാർഗ്ഗം.

കവി : ബാലേന്ദു

---

[46] അക്ഷരക്രമം തെറ്റിയപ്പോൾ ഇടയ്ക്കു തിരുകിയത്.

[47] [*ബാലേന്ദു*] ശ്ലോകം **3.272 :** 1999-ൽ ഒരു കഥകളിക്ക് നളന്റെ വേഷമെടുത്ത ഒരു നടൻ പെപ്സിയിൽ മദ്യം ചേർത്തു കഴിക്കുകയാൽ കളി അലങ്കോലമായതിനെപ്പറ്റി.

## 3.273 കാണം വിറ്റോണമുണ്ണും പതിവു. . . (ജ്യോതി)

സ്രഗ്ദ്ധര

കാണം വിറ്റോണമുണ്ണും പതിവു പടി തുറന്നു വിദേശിയ്ക്കു, പിന്നീ-
ടാണത്തം രാജ്യവും വെച്ചടിയറവു പറഞ്ഞോണമുണ്ടു മഹാന്മാർ
കാണം തീർന്നു തിരിച്ചു ധ്വര, ദ്ദുര തറവാടോരിവെച്ചുണ്ടു നാമി-
ന്നോണം വിറ്റുണ്ടിടാം, പാട്ടുക പശികെട്ടുവാൻ "ടൂറിസം വെൽവൃതാക"!

കവി : പി.സി.മധുരാജ്

## 3.274 കുഴച്ചക്ക കലത്തിലിട്ടു. . . (ബാലേന്ദു)[48]

ശാർദ്ദൂലവിക്രീഡിതം

കുഴച്ചക്ക കലത്തിലിട്ടു കറിയായ് മാറ്റുന്ന സൂത്രങ്ങളു-
ണ്ടോമല്ലെങ്കിളിമാർക്കു നോവലെഴുതിത്തീർ<u>ത്തുള്ള</u> പൃഷ്ഠങ്ങളും
കൂടെക്കുളികൾ കോറിവെച്ച കരളിൽത്തട്ടാത്ത കാർട്ടൂണമായ്
മാടപ്പീടികതന്റെ തട്ടുവഴിയായെത്തുന്ന 'മ'പ്പുസ്തകം

കവി : ബാലേന്ദു

## 3.275 കേയസ്സാറു കടക്കുവാൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കേയസ്സാറു[49] കടക്കുവാൻ കഠിനമായ് നീന്തിക്കുഴങ്ങുന്ന ഞാ-
നേയീയോ[50] നില കൈവരും വിധമിതിന്നങ്ങേക്കരയ്ക്കെ<u>ത്തു</u>കിൽ
ആയർപ്പെൺ തുണിമോഷണോത്സുക!, തുലാഭാരം നടത്താമിളം-
പ്രായക്കാരികൾ ടീച്ചർമാരുടെയടിപ്പാവാടയാലന്നു ഞാൻ!

കവി : ടി.എം.വി

## 3.276 ആരമ്യാംബരചുംബികൾക്കിടയിലെ. . . (ബാലേന്ദു)[51]

ശാർദ്ദൂലവിക്രീഡിതം

ആരമ്യാംബരചുംബികൾക്കിടയിലെച്ചേരികൂപിന്നാമ്പുറ-
ത്തോരോ നാറി ദുഷിച്ചിടുന്ന നഗരോപാന്തപ്രദേശങ്ങളിൽ
ആരണ്ടർവെയർ മാത്രമിട്ടു റയിൽവേപ്പാളത്തിലങ്ങിങ്ങു ന-
ല്ലോരം തേടിയലഞ്ഞിടുന്നു; പുലരിക്കാദ്യം തരും ദർശനം.

---

[48] *[ഉമേഷ്]* ശ്ലോകം **3.274 :** ഇത് വയലാർ രാമവർമ്മയുടെ

കാടത്തത്തെ മനസ്സിലിട്ടു കവിയായ് മാറ്റുന്ന വല്മീകമു-
ണ്ടോടപ്പുൽക്കുഴലിന്റെ ഗീതയെഴുതിസ്സൂക്ഷിച്ച പൊന്നോലയും
കോടക്കാർനിര കൊണ്ടുവന്ന മനുജാത്മാവിന്റെ കണ്ണീരുമായ്
മൂടൽമഞ്ഞിൽ വിരിഞ്ഞു നിൽക്കുമിവിടെപ്പൂക്കും വനജ്യോത്സ്നകൾ.

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്. മലയാളത്തിലെ 'മ'പ്രസിദ്ധീകരണങ്ങളെപ്പറ്റി.

[49] K.S.R. = Kerala Service Rule

[50] A.E.O. = Assistant Educational Officer

[51] *[ഉമേഷ്]* ശ്ലോകം **3.276 :** വയലാർ രാമവർമ്മയുടെ

ആരണ്യാന്തരഗഹ്വരോദരതപസ്ഥാനങ്ങളിൽ സൈന്ധവോ–
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആരന്തർമുഖമിപ്രപഞ്ചപരിണാമോദ്ഭിന്നസർഗ്ഗക്രിയാ–
സാരം തേടിയലഞ്ഞു പണ്ടവരിലെച്ചൈതന്യമെൻ ദർശനം

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം. മുംബെയിൽ രാവിലെ റെയിൽപ്പാളങ്ങളിൽ മലവിസർജ്ജനത്തിനു സ്ഥലം തേടുന്ന പാവങ്ങളെപ്പറ്റി.

കവി : **ബാലേന്ദു**

## 3.277 അങ്കത്തട്ടിലിരുത്തിയമ്മ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

അങ്കത്തട്ടിലിരുത്തിയമ്മയലിവാർന്നമ്മിഞ്ഞനൽകുമ്പൊഴാ-
ത്തങ്കക്കട്ടയിതാദ്യമായി മുള പൊട്ടും കൊച്ചരിപ്പല്ലിനാൽ
കൊങ്കക്കണ്ണിലൊരല്പമാർന്ന കുസൃതിത്തത്താൽക്കടിച്ചീടവേ
മങ്കത്തയ്യൊരുനോവിലൊന്നു പുളയുന്നേരം ചിരിച്ചാനവൻ.

കവി : **ടി.എം.വി**

## 3.278 കാണിയ്ക്കു കഷ്ടമെവനും. . . (കർത്താ)

വസന്തതിലകം

കാണിയ്ക്കു കഷ്ടമെവനും നിജസദ്ഗുണൗഘം
കാണിക്കുവാൻ കഠിനതാപമുദിച്ചിടേണം;
ഘ്രാണിക്കുവാൻ മണമുയർത്തണമെങ്കിലോ സാ-
മ്പ്രാണിക്കു തീയതു പിടിക്കണമെന്നു നൂനം.

കവി : **കൊട്ടാരത്തിൽ ശങ്കുണ്ണി** , കൃതി : *ലക്ഷ്മീഭായി ശതകം*

## 3.279 ഘ്രാണിക്കാത്ത സുമം. . . (ഉമേഷ്)[52]

ശാർദ്ദൂലവിക്രീഡിതം

ഘ്രാണിക്കാത്ത സുമം, നഖൈരദലിതം ബാലപ്രവാളം, തുളയ്-
ക്കാണിക്കോലണയാത്ത നന്മണി, നവം താർത്തേനനാസ്വാദിതം,
ക്ഷീണിക്കാത്ത തപഃഫലം തദനഘം രൂപം മഹാഭാഗ്യനാം
പ്രാണിക്കേവനു ദൈവമേകുമനുഭോഗ്യത്തി, നറിഞ്ഞീല ഞാൻ!

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ / കാളിദാസൻ**, കൃതി : *മണിപ്രവാളശാകുന്തളം*

## 3.280 ക്ഷേമം നൽകുന്ന വർണ്ണാശ്രമ. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

ക്ഷേമം നൽകുന്ന വർണ്ണാശ്രമവിധി നിലനിൽക്കേണമാചന്ദ്രതാരം,
പ്രേമത്തോടും നൃപന്മാർ പ്രജകളുടെ ഹിതം പോലെ രക്ഷിച്ചിടേണം,
ക്ഷാമം കൂടാതെ വേണ്ടും വിധമിഹ മഴയും പെയ്യണം, ലോകരെല്ലാ-
മാമോദം പൂണ്ടസൂയാകലഹരുചികൾ വിട്ടൊത്തു വാണീട വേണം

കവി : **ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

## 3.281 ക്ഷീണാപാണ്ഡുകപോലമാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്, തൻ മന്ദിരത്താഴ്‌വര-

[52] [*ഉമേഷ്*] **ശ്ലോകം 3.279 :** മൂലശ്ലോകം (**കാളിദാസൻ**) :

അനാഘ്രാതം പുഷ്പം, കിസലയമലൂനം കരരുഹൈ-
രനാവിദ്ധം രത്നം, മധു നവമനാസ്വാദിതരസം,
അഖണ്ഡം പുണ്യാനാം ഫലമിവ ച തദ്രൂപമനഘം,
ന ജാനേ ഭോക്താരം കമിഹ സമുപസ്ഥാസ്യതി വിധിഃ

ഇത് ഔത്തരാഹപാഠമാണ്. ***"അനാവിദ്ധം രത്നം"*** എന്നതിനു പകരം ***"അനാമുക്തം രത്നം"*** (***"മെയ്യിൽച്ചാർത്താത്ത രത്നം"*** എന്ന് ഏ. ആറിന്റെ തർജ്ജമ.) എന്ന പാഠമുള്ള ദാക്ഷിണാത്യപാഠമാണ് ഭൂരിപക്ഷം പണ്ഡിതരും അംഗീകരിച്ചിട്ടുള്ളത്.

ത്തുണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം വീർപ്പിട്ടുകൊണ്ടങ്ങനെ
“കാണാം താമസിയാതെ” യെന്നൊരുവിധം ബന്ധുക്കളോടോതിടും
പ്രാണാധീശനെ, യശ്രുപൂർണ്ണമിഴിയായ് നോക്കുന്ന മൈക്കണ്ണിയാൾ.

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.282 കൊണ്ടാടിക്കാവ്യമോതും. . . (കർത്താ)[53]

സ്രഗ്ദ്ധര

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോവല്ലരീസാരഭാരം
തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം രണ്ടു വണ്ടിൻ കിടാങ്ങൾ
ഉണ്ടീടുന്നമുഖപ്പെട്ടുനവരസമെന്നുള്ളിലീർഷ്യാസുബന്ധം–
കൊണ്ടാണല്ലീ! ചുവന്നു ജനനി! കൊതിയോടും ചെറ്റു നിൻ നെറ്റിനേത്രം

കവി : **കുമാരനാശാൻ**, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

## 3.283 ഉത്സർപദ്വലിഭങ്ഗ. . . (വിശ്വപ്രഭ)[54]

ശാർദ്ദൂലവിക്രീഡിതം

ഉത്സർപദ്വലിഭങ്ഗഭീഷണഹനഹ്രസ്വസ്ഥവീയസ്തര–
ഗ്രീവം പീവരദോശ്ശതോദ്ഗതനഖ ക്രൂരാംശുദൂരോല്ബണം
വ്യോമോല്ലങ്ഘിഘനാഘനോപമഘനപ്രധ്വാനനിർദ്ധാവിത–
സ്പർദ്ധാലുപ്രകരം നമാമി ഭവതസ്തന്നാരസിംഹം വപുഃ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം (25:4)*

## 3.284 വിജയസി യശസാ. . . (കർത്താ)

പുഷ്പിതാഗ്ര

വിജയസി യശസാ നരേന്ദ്ര, കാന്ത്യാ
മദനസി, കർണ്ണസി നിത്യദാനരീത്യാ,
ബലസി ഭുജബലേന, രാമവർമ്മ–
ക്ഷിതിവര! ധർമ്മബലേന ധർമ്മസി ത്വം.

**മേടയിൽക്കൊട്ടാരത്തിൽ പൂയം തിരുനാൾ രവിവർമ്മത്തമ്പുരാൻ എഴുതി സ്വാതി തിരുനാളിനു സമർപ്പിച്ചത്.**

## 3.285 ബാഷോച്ചാരണസുദ്ദിയില്ല. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

“ബാഷോച്ചാരണസുദ്ദിയില്ല പൊതുവേ” കേഴുന്ന ഭാഷഗുരു –
“ദോഷം കണ്ടു തിരുത്തുവേണ്ടതരുളാനജ്ഝാഹമില്ലാർക്കുമേ”

---

[53] *[ഉമേഷ്]* ശ്ലോകം **3.282** : മൂലശ്ലോകം (ശങ്കരാചാര്യർ) :

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകളഭൗ കർണ്ണയുഗളം
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരളാ–
വസൂയാസംസർഗ്ഗാദളികനയനം കിഞ്ചിദരുണം.

[54] *[ഉമേഷ്]* ശ്ലോകം **3.283** : പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

അത്യുഗ്രം ഞെറിയാർന്ന താടി, കറുകിച്ചീർത്തുള്ളതാം കണ്ഠവും,
തത്തും തീപ്പൊരി ചിന്തിടും നഖമെഴും സാലോഗ്രബാഹുക്കളും,
തട്ടിട്ടിക്കുകൾ പൊട്ടുമുഗ്രമിടി പോൽ രൂക്ഷാട്ടഹാസങ്ങളും
ദുഷ്ടക്കൂട്ടരെയാട്ടിമാറ്റിയകലേസ്സാ നിന്റെ കാൽ കൂപ്പുവൻ.

രോഷം പൂണ്ടു പറഞ്ഞിടുന്നു മഹിതൻ ഹെഡ്മാസ്റ്റർ ഗംഭീരനായ്
"മാഷന്മാർക്കു കുറച്ചുകൂടിയതിലും നിർബ്ബന്ധമുണ്ടാവണം."

കവി : **ബാലേന്ദു**

## 3.286 രണ്ടുകയ്യിലുമുരുണ്ടവെണ്ണയും. . . (ജ്യോതി)

കുസുമമഞ്ജരി

രണ്ടുകയ്യിലുമുരുണ്ടവെണ്ണയുമിരുണ്ടു നീണ്ട കചഭാരവും
കണ്ഠദേശമതിൽ വണ്ടണഞ്ഞ മലർകൊണ്ടു തീർത്ത വനമാലയും
പൂണ്ടു, പായസവുമുണ്ടുകൊണ്ടഴകിലണ്ടർകോൻനദിയിലാണ്ടെഴും
കൊണ്ടൽവർണ്ണ ജയ! മണ്ടിവന്നു കുടികൊണ്ടുകൊൾക മനമേറി മേ.

കവി : **വെണ്മണി മഹൻ**

## 3.287 പുറ്റൂടും പാവുമായി. . . (ബാലേന്ദു)

സ്രഗ്ധര

പുറ്റൂടും പാവുമായിട്ടൊരുകവിനിലയം രാമനെക്ഷേമനാക്കീ;
പെറ്റൂ മീൻകാരിയഞ്ചാമതുമൊരുമറ പണ്ടായതോ കൃഷ്ണനേയും
ചെറ്റൂഴിക്കോർമ്മനിൽക്കുംപടി മുനിസുത തൻ വൃത്തമന്യൻ കഥിച്ചാൻ
അറ്റൂ പിന്നെക്കവിത്വം; ച്യുതസുമകവിതാകാരനിൽപ്പൂത്തു വീണ്ടും.

**രമേശൻ നായർ** മഹാകവി കുമാരനാശാനെപ്പറ്റിയെഴുതിയത്. (ച്യുതസുമം = വീണ പൂവ്)

## 3.288 ചേലഞ്ചും നവപരിണീതം. . . (കർത്താ)

പ്രഹർഷിണി

ചേലഞ്ചും നവപരിണീതമാർക്കുചേരും
വൈലക്ഷ്യപ്രണയഭയാദി മേളനത്താൽ
ലീലപ്പൂമണിയറയിൽപ്പരുങ്ങി നിൽക്കും
ബാലപ്പെണ്മണിയെ ഹഠേന പൂണ്മനോ ഞാൻ!

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.289 ലാവണ്യൈകനിധാനമായ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ലാവണ്യൈകനിധാനമായ മഴവില്ലുണ്ടാക്കുവാൻ വാർഷിക–
ശ്രീയും സന്ധ്യ രചിയ്ക്കുവാൻ തപനനും ക്ലേശം സഹിപ്പീലയോ?
രാവാകും കവയിത്രിയെത്രസമയം കുത്തിക്കുറിച്ചാണഷഃ–
കാവ്യം തീർപ്പതു! ഭാവുകർക്കവ രസം നൽകീടിലെന്തത്ഭുതം!

കവി : **വി. കെ. ജി**

## 3.290 രാവിൽ സ്വൈരമനിദ്രയായ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

രാവിൽ സ്വൈരമനിദ്രയായ്, ത്വയി ലയിച്ചാനീലപത്രാഭമാം
ദ്യോവിൽ പൊന്മഷി കൊണ്ടു തന്നെ പലതും കുത്തിക്കുറിക്കുന്ന താൻ,
ആവില്ലെന്നഥ മായ്ച്ചിടുന്നു, കുതുകാൽ വീണ്ടും തുടങ്ങുന്നു - പേർ–
ത്തീ വിശ്വപ്രകൃതിക്കുമത്ര വശയായിട്ടില്ല ദുഷ്പ്രാപ നീ!

കവി : **വള്ളത്തോൾ**, കൃതി : *കവിത (സാഹിത്യമഞ്ജരി)*

### 3.291 അനർഘമിച്ഛാമി. . . (കർത്താ)

വംശസ്ഥം

അനർഘമിച്ഛാമി ശുചിത്വമാത്മനഃ
സദാ മനസ്സീദതി വാച്യകാതരം
ഖലോ ഹി ലോകോപ്യപവാദകൗതുകീ
കഥം ന ജീവാമ്യഥവാ കൃതം ഭിയാ.

കവി : കുമാരനാശാൻ

### 3.292 ഖം വായുമഗ്നിം. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഖം വായുമഗ്നിം സലിലം മഹീം ച
ജ്യോതീംഷി സത്ത്വാനി ദിശോ ദ്രുമാദീൻ
സരിത്സമുദ്രാംശ്ച ഹരേഃ ശരീരം
യത് കിഞ്ച ഭൂതം പ്രണമേദനന്യഃ

കൃതി : *ശ്രീമഹാഭാഗവതം 11.2.41*

### 3.293 സ്മരാസ്ത്രംകൊണ്ടേറ്റം. . . (കർത്താ)

ശിഖരിണി

സ്മരാസ്ത്രംകൊണ്ടേറ്റം പരവശത പൂണ്ടന്യവധുവിൻ
ഭുജാകാണ്ഡം ഭോഗിപ്രവരസുഭഗം തൻ ഗളതലേ
ദൃഢം ചുറ്റീ; പോകാൻ തുടരുമസുവായുക്കളെയുടൻ
പണിപ്പെട്ടും നിർത്തുന്നതിനു മതിരുന്നെന്നുവിധം.

കവി : എം.കുഞ്ഞൻ വാര്യർ / മാനവേദരാജാ, കൃതി : *കൃഷ്ണാട്ടം തർജ്ജമ*

### 3.294 ദാരിദ്ര്യം കടുതായ് ദഹിച്ച. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ദാരിദ്ര്യം കടുതായ് ദഹിച്ച തൃണവും ദാരുക്കളും ദൈവമേ!
നീരില്ലാതെ നിറഞ്ഞു സങ്കടമഹോ! നീയൊന്നുമോർത്തീലയോ?
ആരുള്ളിത്ര കൃപാമൃതം ചൊരിയുവാനെന്നോർത്തിരുന്നോരിലീ-
ക്രൂരത്തീയിടുവാൻ തുനിഞ്ഞതഴകോ? കൂർദ്ധനാരീശ്വരാ!

കൃതി : *അർദ്ധനാരീശ്വരസ്തവം*

### 3.295 ആറ്റുവഞ്ചികളിലാർത്തു. . . (കർത്താ)[55]

കുസുമമഞ്ജരി

ആറ്റുവഞ്ചികളിലാർത്തു പൈങ്കിളികൾ വാഴ്കയാലലർ കൊഴിഞ്ഞുവീ-
ണേറ്റവും പുതുമണം പുലർന്ന തെളിവാർന്ന നല്ല കുളിർനീരൊടും
ചെറ്റു കായകൾ പഴുത്തിരുണ്ട നിറമാർന്ന ഞാവലുകൾ തന്നുടി-
ക്കേറ്റു ചോലകളിരമ്പലോടവിടെയങ്ങുമിങ്ങുമൊഴുകുന്നിതാ.

കവി : പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ഛൻ / ഭവഭൂതി, കൃതി : *മഹാവീരചരിതം തർജ്ജമ*

## 3.296 ചന്ദ്രാഗൃഹേ കിമുത. . . (വിശ്വപ്രഭ)[56]

വസന്തതിലകം

ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ നു
രാധാഗൃഹേ നു ഭവനേ കിമു മൈത്രവിന്ദേ
ധൂർത്തോ വിളംബത ഇതി പ്രമദാഭിരുച്ചൈ-
രാശങ്കിതോ നിശി മരുത്പുരനാഥ, പായാഃ

കവി : **മേൽപ്പത്തൂർ**, കൃതി : *നാരായണീയം*

## 3.297 ധീമച്ചിത്താബ്ജവാടീ. . . (കർത്താ)

സ്രഗ്ദ്ധര

ധീമച്ചിത്താബ്ജവാടീവിഹരണവരടീഭാവഭാഗംബരാടീ
കോടീകോടീരകോടീമണിഘൃണിപരിദീപ്താങ്ഘ്രിരാമ്നായവാടീ
പാടീരപ്രൗഢഗന്ധിജ്വലിതകുചതടീലംബിതാനർഘശാടീ
കൂടീഭൂതാ ശ്രിയാം മേ ധൃതവിധുമകുടീ ഭാതു ധാതുർവധൂടീ.

കവി : **കുട്ടമത്തു ചെറിയ രാമക്കുറുപ്പ്**, കൃതി : *ദേവീസ്തോത്രം*

## 3.298 പച്ചക്കള്ളം വിതറ്റി. . . (വിശ്വപ്രഭ)

സ്രഗ്ദ്ധര

പച്ചക്കള്ളം വിതറ്റിപ്പഴവിന കുടികെട്ടിക്കിടക്കുന്നൊരിമ്മെ-
യ്യെച്ചിൽച്ചോറുണ്ടിരപ്പോടൊരുവടിയുമെടുത്തോടിമൂടറ്റിട്ടും മുൻ-
പച്ചപ്പൊന്മൈലിലേറിപ്പരിചിനൊടെഴുനള്ളിപ്പടിക്കൽ കിടക്കും
പിച്ചക്കാരന്നു വല്ലോമൊരു ഗതിതരണേ മറ്റെനിക്കാരുമില്ലേ!

കവി : **ശ്രീനാരായണഗുരു**, കൃതി : *സുബ്രഹ്മണ്യസ്തുതി*

## 3.299 പട്ടിൻ കുപ്പായമൊന്നങ്ങ്. . . (ബാലേന്ദു)

സ്രഗ്ദ്ധര

പട്ടിൻ കുപ്പായമൊന്നങ്ങഴകൊട്ടു പണിയുന്നമ്മ മോനൊട്ടു ചൊല്ലീ
“കുട്ടാ നീ കേൾക്കു ചൊല്ലാം വെറുമൊരു പുഴുവിപ്പട്ടു നമ്മൾക്കു തന്നൂ”;
വീട്ടിൽക്കാണുന്ന നിത്യക്കശപിശയഖിലം പുത്രനോർത്തിട്ടു ചൊല്ലീ,
“സത്യം തന്നാണു മമ്മീ പറയുവതറിയാം, ഡാഡിതൻ കാര്യമല്ലേ?”

കവി : **ബാലേന്ദു**

## 3.300 വീണക്കമ്പി മുറുക്കിടുന്നു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

വീണക്കമ്പി മുറുക്കിടുന്ന മൃദുകൈത്താരാലൊരാരോമലാൾ,
ചാണക്കല്ലിലൊരുത്തി ചന്ദനമരയ്ക്കുന്നൂ ചലശ്രോണിയായ്,
ശോണശ്രീചഷകത്തിൽ നന്മധുനിറയ്ക്കുന്നൂ ശരിക്കന്യയാ-
മേണപ്പെണ്മിഴി, സർവ്വതോ മധുരമീ മണ്ഡോദരീ മന്ദിരം!

---

[55] ഇതു് ഒരു സംസ്കൃതശ്ലോകത്തിന്റെ *പച്ചമലയാള*ത്തിലുള്ള തർജ്ജമയാണ്.

[56] [*ഉമേഷ്*] ശ്ലോകം **3.296 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):
ആ രാധ, ചന്ദ്രഭഗ, ചന്ദ്ര, യതല്ലയെങ്കിൽ
പാരാതെ വാഴ്ലിതവനൊത്തിഹ മൈത്രവിന്ദ
ആ രാവിൽ നാരികളിലീവിധശങ്ക ചേർത്ത
നാരായണാ, ഗുരുപുരേശ്വര, കാക്കുകെന്നെ.

കവി : **വള്ളത്തോൾ**, കൃതി : *ഔഷധാഹരണം ആട്ടക്കഥ ആട്ടപ്രകാരം*

## 3.301 ശൈത്യം, കാകോളദൗഷ്ട്യം. . . (ബാലേന്ദു)

സ്രഗ്ദ്ധര

ശൈത്യം, കാകോളദൗഷ്ട്യം, വ്രജകലപരിഷ്യക്കാർത്തികൾ തീർത്തു, വൻവൈ-
രൂപ്യം കൂനിക്കു തീർത്തു, വെറുമൊരു നൊടിയിൽ സ്നേഹിതന്നാർത്തി തീർത്തു,
ക്ലൈബ്യം പാർത്ഥന്നു തീർത്തു, കവിയുടെ വലുതാം വാതരോഗാർത്തി തീർത്തു;
വൈദ്യം താനേ മറന്നോ കഴലിലൊരു കണത്തുമ്പുകൊണ്ടേതൊരുനേരം?

കവി : **ബാലേന്ദു**

## 3.302 കഷ്ടമിക്കലിയിൽക്കിടന്ന്. . . (വിശ്വപ്രഭ)

മല്ലിക

കഷ്ടമിക്കലിയിൽക്കിടന്നുഴലുന്നതൊക്കെയുമങ്ങു സ-
ന്തുഷ്ടനായ് സുഖമോടു കണ്ടു രസിച്ചിരിക്കുക യോഗ്യമോ?
ക്ലിഷ്ടതയ്ക്കൊരിടം കൊടുക്കണമെന്നു നിന്തിരുവുള്ളില-
ണ്ടിഷ്ടമെങ്കിലടിക്കടുത്തിടുമെന്നിലോ, ഗുഹ പാഹിമാം.

കവി : **ശ്രീനാരായണഗുരു** , കൃതി : *ഷണ്മുഖസ്തോത്രം*

## 3.303 കോലേന്തിവന്നൊരിടയൻ. . . (ബാലേന്ദു)

വസന്തതിലകം

കോലേന്തിവന്നൊരിടയൻ പരിരക്ഷയേകം
പോലല്ല ദൈവമരുളുന്ന നരന്നു ശർമ്മം;
പാലിപ്പതിന്നു കനിയുമ്പൊളവന്നു താനേ
ചേലൊത്ത ബുദ്ധിയകമേ തെളിയിച്ചിടുന്നു.

കവി : **ബാലേന്ദു.**

## 3.304 പിനാകം രഥാങ്ഗം. . . (വിശ്വപ്രഭ)

ഭുജംഗപ്രയാതം

പിനാകം രഥാങ്ഗം വരം ചാഭയം ച
പ്രഫുല്ലാംബുജാകാര ഹസ്തൈർദ്ദധാനം
ഫണീന്ദ്രാതപത്രം ശുചീനേന്ദുനേത്രം
നമസ്കുർമഹേ ശൈലവാസം നൃസിംഹം!

കൃതി : *ദശാവതാരസ്തോത്രങ്ങൾ - നരസിംഹം*

## 3.305 ഫാലം ചാരു ലലന്തികാവിലസിതം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലം ചാരു ലലന്തികാവിലസിതം ബാലേന്ദുമൗലിസ്ഥലം
ലോലംബാളകചുംബികുങ്കുമലസത്കസ്തൂരികാസുന്ദരം
നീലത്താമരലോചനം നിഖിലനിർമ്മാണത്തിൽ നിഷ്ണാതമാം
ഭ്രൂലാസ്യങ്ങളുമംബ! കാണണമെനിക്കനന്ദസന്ദായകം.

കവി : **കുട്ടമത്ത്**, കൃതി : *മൂകാംബികാകടാക്ഷമാല (മരണശയ്യയിൽക്കിടന്നെഴുതിയ അവസാനകൃതി)*

## 3.306 നന്ദന്നോ കർണ്ണപുണ്യം. . . (ബാലേന്ദു)

സ്രഗ്ദ്ധര

നന്ദന്നോ കർണ്ണപുണ്യം, സഘന ഗുരുമുഖം, രാധികാഹർഷധാമം,
വൃന്ദാരണ്യപ്രജാനാം കളകളമമൃതം പെയ്ത സങ്ഗീതമേഘം,
നിന്ദ്യൻ കംസന്ന കാലപ്രവചന, മതുപോൽ പൂതനാമോക്ഷവാടം,
ഭ്രാന്ത്യാ ബ്രഹ്മാണ്ഡമമ്മയ്, ക്കിദമിഹ ഹരിതൻ വക്ത്രമുദ്ഭാസതാം മേ

കവി : ബാലേന്ദു, കൃതി : *പൂതനാമോക്ഷം*

## 3.307 നിത്യം നശ്ചിത്തപദ്മേ. . . (കർത്താ)[57]

സ്രഗ്ദ്ധര

നിത്യം നശ്ചിത്തപദ്മേ പരിലസതു കപാലീ കപാലീകപാലീ-
മാലാധാരീ സമസ്തപ്രമദജനകലാപഃ കലാപഃ കലാപഃ
ഭൃത്വാ നിർഭാതി യസ്യാധികമസൂസമരീണാമരീണാമരീണാ-
മുത്പേഷ്ടാ യശ്ച ദൂരീകൃതകമലമഹസ്തോമഹസ്തോമഹസ്തഃ

കവി : കൊടുങ്ങല്ലൂർ വിദ്വാൻ ഇളയ തമ്പുരാൻ, കൃതി : *രസസദനം*

## 3.308 ഭക്തർക്കിഷ്ടം കൊടുക്കും. . . (ഉമേഷ്)

സ്രഗ്ദ്ധര

ഭക്തർക്കിഷ്ടം കൊടുക്കും ഭുവനജനനി, നിൻ ചെഞ്ചൊടിക്കും, ചൊടിക്കും
ദൈത്യന്മാരെപ്പൊടിക്കും വിരുതിന, മിരുളിൻ പേർ മുടിക്കും മുടിക്കും,
അത്താടിക്കും തടിക്കും രുചിയുടെ ലഹരിക്കുത്തടിക്കും തടിക്കും
നിത്യം കുപ്പാമടിക്കും, ഗണപതി വിട്ടുവാനായ് മടിക്കും മടിക്കും.

കവി : ശീവൊള്ളി

## 3.309 അശ്വത്ഥത്തിന്നിലയ്ക്കും. . . (കർത്താ)

സ്രഗ്ദ്ധര

അശ്വത്ഥത്തിന്നിലയ്ക്കും തൊഴുക ശിശുനിലയ്ക്കും നിലയ്ക്കും നിലയ്ക്കും
വിശ്വം താനാഹരിയ്ക്കും വ്രജഭുവി വിഹരിക്കും ഹരിക്കും ഹരിക്കും
ശശ്വദ്ഭക്തങ്കലാപത്സമയമണികലാപത്കലാപത്കലാപത്-
പാർശ്വം സ്വഃ പാദപായാസകരശുഭദ! പായാദപായദപായാഃ

കവി : ശങ്കുണ്ണിക്കുട്ടൻ

## 3.310 ശരണത്തിനീദൃശ. . . (ബാലേന്ദു)

മഞ്ജുഭാഷിണി

ശരണത്തിനീദൃശ രണത്തിലുത്തമാ-
ചരണത്തിനെത്തി ചരണത്തിലിന്നു ഞാൻ
തിരയേറ്റുലഞ്ഞു തിരയേ ഭവാംബുധൗ
തരണം നമുക്കു തരണം ഭവപ്രിയേ

കവി : അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ

## 3.311 തിരിയാതിരിയാതിരിയായ്. . . (കർത്താ)

ഗീതി

തിരിയാതിരിയാതിരിയായ്
തിരിയാദരിയാതെയെരിയുമെരിയായി
പിരിയാപിരിയാപിരിയായ്
പിരിയാതരുളുന്ന പിടിയെ വന്ദിക്കാം

കവി : **കുമാരനാശാൻ**, കൃതി : *പരമപഞ്ചകം*

## 3.312 പാതിരാത്രി, പതിതൻ. . . (ബാലേന്ദു)

രഥോദ്ധത

പാതിരാത്രി, പതിതൻ തലയ്ക്കുമേൽ
പാതിരാത്രിപതി, തൻ തലയ്ക്കുമേൽ
വാണിതൻപതി വരച്ചുവച്ചപോൽ
വാണിതാ പഥി വരച്ചു വച്ചപോൽ.

കവി : **അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ**

## 3.313 വിമലമാമലമാനിനി. . . (ഉമേഷ്)

ദ്രുതവിളംബിതം

വിമലമാമലമാനിനി, ബാലനാം
മമ ഹിതം മഹി തന്നിൽ വിളങ്ങുവാൻ
ഇനി ഭവാനി ഭവാഭിധസിന്ധു തൻ
സുതരണം തരണം തവ നോക്കുകൾ

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**

## 3.314 ഇളകാത്ത ഹൃത്തൊടിളകാത്തവന്റെ. . . (ബാലേന്ദു)[58]

മഞ്ജുഭാഷിണി

ഇളകാത്ത ഹൃത്തൊടിളകാത്തവന്റെ വൻ
കളവാണിതെന്ന കളവാണി കേൾക്കവേ
പരമാർത്ഥമോർ<u>ത്തു</u> പരമാർത്തചിത്തനാ–
യരി ക<u>ത്തു</u>മുള്ളൊടരിക<u>ത്തു</u> നിന്നുപോയ്.

കവി : **അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ**

## 3.315 പിതുരനന്തരം. . . (ഉമേഷ്)[59]

ദ്രുതവിളംബിതം

പിതുരനന്തരമുത്തരകോസലാൻ
സമധിഗമ്യ സമാധിജിതേന്ദ്രിയഃ
ദശരഥഃ പ്രശശാസ മഹാരഥോ
യമവതാമവതാം ച ധുരി സ്ഥിതഃ

കവി : **കാളിദാസൻ**, കൃതി : *രഘുവംശം (9:1)*

## 3.316 ദയിതനായിത. . . (രാജേഷ്)[60]

ദ്രുതവിളംബിതം

ദയിതനായിത നാളുകളെന്നുമെ–
ന്നകമിതാ കമിതാവിനെയോർക്കവേ
പെരിയ മാരിയമർത്തിയ മാറെഴും
ഘനസമാനസമാധിയിലാണ്ടുപോയ്

കവി : രാജേഷ്

## 3.317 പണിക്കുവന്നും. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

പണിക്കുവന്നും വിപണിക്കുവന്നും
ഹരിച്ചിടുന്ന വിഹരിച്ചിടുന്ന
ധരാസുരൻ കണ്ണധരാസുരൻ കാൺ
തവാലയത്തിൽ കിതവാലയത്തിൽ.

കവി : **അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ**

## 3.318 ധ്വജപടം മദനസ്യ. . . (ഉമേഷ്)[61]

ദ്രുതവിളംബിതം

ധ്വജപടം മദനസ്യ ധനുർഭൃത–

---

[57] ഈ ശ്ലോകം മുതൽ യമകശ്ലോകങ്ങൾ മാത്രം ചൊല്ലുന്ന ഒരു അഭ്യാസം നടന്നു.

[58] [*ഉമേഷ്*] ശ്ലോകം **3.314 :** ഇളകാത്ത (അചഞ്ചലമായ) ഏത്തൊട്ട് (ഹൃദയത്തോടുകൂടി) ഇള കാത്തവന്റെ (ഭൂമിയെ കാത്തുരക്ഷിച്ചവന്റെ - രാജാവിന്റെ) വൻ കളവ് ആണ് ഇത് എന്നു കളവാണി (നല്ല ശബ്ദമുള്ളവൾ) കേൾക്കവേ പരമാർത്ഥം ഓർത്തു പരം ആർത്തചിത്തൻ (ദുഃഖിച്ച മനസ്സോടു കൂടിയവൻ) ആയ് അരി (ശത്രു) കത്തും ഉള്ളൊട്ട് (മനസ്സോട്) അരികത്തു നിന്നുപോയ് എന്ന് അന്വയം.

[59] [*ഉമേഷ്*] ശ്ലോകം **3.315 :** പദ്യതർജ്ജമ (**കുണ്ടൂർ നാരായണമേനോൻ** ):

പ്രശമിതേന്ദ്രിയനായ് രസയന്നു കൈ–
വശമണഞ്ഞു പിന്നെ മഹാരഥൻ
ദശരഥൻ നൃവരപ്രഭു കാത്തുതേ
ഭൃശമവൻ, ശമവനുമെഴുന്നവൻ

[60] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ദ' എന്ന അക്ഷരത്തിനു ദ്രുതവിളംബിതത്തിൽ നാലു വരിയിലും യമകത്തോടു കൂടി.

[61] [*ഉമേഷ്*] ശ്ലോകം **3.318 :** പദ്യപരിഭാഷ (**കുണ്ടൂർ നാരായണ മേനോൻ**):

സ്മരകൊടിപ്പടമായ് ഋതു ലക്ഷ്മി തൻ
വരമുഖപ്പൊടിയായ് മലർവാടിയിൽ
പരമലർപ്പൊടി പൊങ്ങുവതോർത്തു വ–
ണ്ടരമുദാരമുദാ ബത ചെന്നതേ.

ശ്ശരവികരം മുഖചൂർണ്ണമൃതുശ്രിയഃ
കുസുമകേസരരേണുമളിവ്രജാഃ
സപവനോപവനോത്ഥിതമന്വയുഃ

കവി : **കാളിദാസൻ**, കൃതി : *രഘുവംശം (9:45)*

## 3.319 കല്യാ കല്യാണദാനേ. . . (കർത്താ)

സ്രഗ്ദ്ധര

കല്യാ കല്യാണദാനേ ജഗതി ഖലു രമാ യസ്യ കാന്താതികാന്താ
ലോകാലോകായ ഹേതു ബഹുലതരതമോമോചനേ ലോചനേ ച
സാരം സാരങ്ഗചഞ്ചദ്ദരമപി ദരഹാസം ദധാനഃ പ്രധാനം
ഭൂയോ ഭൂയോപി ഭദ്രം വിതരതു സ കൃപാസദ്മ വഃ പദ്മനാഭഃ

കവി : **കടത്തനാട്ട് ശങ്കരവർമ്മത്തമ്പുരാൻ**, കൃതി : *ദമയന്തീകല്യാണം നാടകം*

## 3.320 സതി വിദർഭജ. . . (ഉമേഷ്)[62]

ദ്രുതവിളംബിതം

സതി വിദർഭജ രുക്മിണി നിങ്കലേ
മതിയുറച്ചുവസിച്ചു; സഹോദരൻ
കരുതി തത്പതി ചേദിപനായിടാൻ
കുമതി തൻ മതി തൻ ഖലസക്തിയാൽ

കവി : **സി. വി. വാസുദേവ ഭട്ടതിരി / മേൽപ്പുത്തൂർ**, കൃതി : *നാരായണീയം തർജ്ജമ (78:3)*

## 3.321 ക്വചിൽ പദനമന്മഹി. . . (കർത്താ)

പൃഥ്വി

ക്വചിത് പദനമന്മഹി, ക്വചന മന്ദപാദക്രമം
ക്വചിജ്ജയിജടാഭ്രമി, ക്വചന കമ്പമാനാളകം
ക്വചിത് സഫണിഫൂൽകൃതി, ക്വചന കങ്കണക്വാണവൽ
കരോതു ശിവയോസ്സുഖം നടനകർമ്മ തത്താദൃശം

കവി : **ദിവാകരകവി**, കൃതി : *ലക്ഷ്മീമാനവേദം നാടകം*

## 3.322 കുളവരമ്പിൽ മുളച്ചു. . . (ഹരി)

ദ്രുതവിളംബിതം

കുളവരമ്പിൽ മുളച്ചുവളർന്നതും
വളരെ നീണ്ടു വെളുത്തു തടിച്ചതും
പുളിയൊഴിച്ചു കറിക്കുവിശേഷമാം
ഇളയ 'താളു' മഹാരസികൻ സഖേ!

## 3.323 പുറ്റിൻ മൗനത്തിൽ വാചാലത. . . (ഉമേഷ്)

സ്രഗ്ദ്ധര

പുറ്റിൻ മൗനത്തിൽ വാചാലതയുടെ നിധി നീ തേടിയെത്തിപ്പിടിച്ചും,

---

[62] [*ഉമേഷ്*] **ശ്ലോകം 3.320 :** മൂലശ്ലോകം (**മേൽപ്പുത്തൂർ**) :
അഥ വിദർഭസുതാം ഖലു രുക്മിണീം
പ്രണയിനീം ത്വയി ദേവ, സഹോദരഃ
സ്വയമദിത്സത ചേദിമഹാഭുജേ
സ്വതമസാ തമസാധുമുപാസയൻ.

നെറ്റിക്കണ്ണന്റെ ഢക്കാരവതടിനിയിൽ നീരാടി നീന്തിത്തുടിച്ചും,
മുറ്റിപ്പീയൂഷമോലും മുരഹരമുരളീരന്ധ്രകല്പം കഴിച്ചും,
ചെറ്റിമ്പം ശാരദേ! നീ തരുമളവിളയിൽ ജീവിതം ജീവിതവ്യം!

കവി : **യൂസഫ് അലി കേച്ചേരി**

## 3.324 മാരൻ പൂമെയ് കരിക്കാം. . . (ബാലേന്ദു)

സ്രഗ്ദ്ധര

മാരൻ പൂമെയ് കരിക്കാ, മരിയ പുരമെരിക്കാ, മെരിക്കും ധരിക്കാം,
പാരീരെഴും ഭരിക്കാം, പരിചിനൊട്ടുമുടിക്കാം, നടിക്കാം ചിതായാം,
ഗൗരിക്കങ്ഗം പകുക്കാം, ഝടിതി കുടുകുടെക്കാളകൂടം കുടിക്കാ,-
മോരോന്നേ വിസ്മയം നിൻ തിരുവുരു തിരുവൈക്കത്തെഴും തിങ്കൾമൗലേ!

## 3.325 ഗായം ഗായം തദനു. . . (കർത്താ)

മന്ദാക്രാന്ത

ഗായം ഗായം തദനു സ മുനിർന്നാമധേയാനി ശൗരേഃ
സ്മാരം സ്മാരം സജലജലദശ്യാമളം കോമളാങ്ഗം
പായം പായം ഭവഭയഹരം തസ്യ ചിത്രം ചരിത്രം
ലാഭം ലാഭം പ്രമദമമിതം വിഷ്ടപേ സഞ്ചചാര.

കൃതി : *നാരദമോഹനം*

## 3.326 പിച്ചക്കാരൻ ഗമിച്ചാൻ. . . (രാജേഷ്)[63]

സ്രഗ്ദ്ധര

“പിച്ചക്കാരൻ ഗമിച്ചാനെവിടെ?”,
“ബലിമഖം തന്നിൽ”;
“എങ്ങിന്നു നൃത്തം?”,
“മെച്ചത്തോടാച്ചിമാർ വീടതിൽ”;
“എവിടെ മൃഗം?”,
“പന്നി പാഞ്ഞെങ്ങു പോയോ?”;
“എന്തേ കണ്ടില്ല മൂരിക്കിഴടിനെ?”,
“ഇടയൻ ചൊല്ലുമക്കാര്യമെല്ലാം”
സൗന്ദര്യത്തർക്കമേവം രമയുമുമയുമായുള്ളതേകട്ടെ മോദം.

കവി : **എ. ആർ. രാജരാജവർമ്മ**

## 3.327 ഏകഭാവനയൊടേതിനത്തിലും. . . (ബാലേന്ദു)

രഥോദ്ധത

ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൗശലം
ഹാ! കനിഞ്ഞു വെളിവാക്കിടുന്നു കാൺ-
കാകമാനമഴകാർന്ന കോഴിയെ.

---

[63] [*ഉമേഷ്*] **ശ്ലോകം 3.326 :** മൂലശ്ലോകം (**കാളിദാസൻ**):

“ഭിക്ഷാർത്ഥീ സ ക്വ യാതഃ, സുതനു?” - “ബലിമഖേ”; “താണ്ഡവം ക്വാദ്യ ഭദ്രേ?” -
“മന്യേ വൃന്ദാവനാന്തേ”; “ക്വനു സ മൃഗശിശുർ?” - “നൈവ ജാനേ വരാഹം”;
“ബാലേ, കച്ചിന്ന ദൃഷ്ടോ ജരഠവൃഷപതിർ?” - “ഗ്ഗോപ ഏവാത്ര വേത്താ”
ലീലാസല്ലാപ ഇത്ഥം ജലനിധിഹിമവത്കന്യയോസ്ത്രായതാം വഃ

കവി : വള്ളത്തോൾ

### 3.328 ഹാ! വാഴേണ്ടിയിരുന്നയേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഹാ! വാഴേണ്ടിയിരുന്നയേ വിദിതവൃത്താന്തൻ ഭവത്താതനി-
ന്നാ വിദ്യാപ്രണയിക്കെഴും രസവുമാർക്കെത്തും കൃതാർത്ഥത്വവും
ഭ്രുവിൽ ധീഗതിപോലെയോ പിണയുമാശാതന്തുവെപ്പോലെയോ
ജീവൻ നീളുവതില്ല മർത്ത്യനയി, കഷ്ടം! പോട്ടെ ദൈവേഷ്ടമാം.

കവി : കുമാരനാശാൻ, കൃതി : *വനമാല*

### 3.329 ഭസിത ഭുജഗഭൂഷം. . . (രാജേഷ്)

മാലിനി

ഭസിത ഭുജഗഭൂഷം ഭക്തദത്താഭിലാഷം
ശമിത സകലദോഷം ശാന്തമിഷ്ടപ്രദോഷം
ഹൃദയ തിമിരമോഷം ഹൃദ്യവാമാങ്കയോഷം
നടനകലിതഘോഷം നൗമി തേജോവിശേഷം

കവി : കടത്തനാട്ടു വാസുനമ്പി

### 3.330 ഹ്രീങ്കാരക്ഷീരവാരാന്നിധി. . . (കർത്താ)

സ്രഗ്ദ്ധര

ഹ്രീങ്കാരക്ഷീരവാരാന്നിധിപരമസുധേ, പാണിചഞ്ചൽകൃപാണീ-
ഭാങ്കാരത്രാസിതാഖണ്ഡലവിമതകലേ, വിശ്വവല്ലിക്ക വേരേ!
ഞാൻ കാലിൽ കൂപ്പിടുന്നേൻ, യതിഹൃദയമിളിന്ദാളി മേളിക്കുമോമൽ-
പ്പൂങ്കാവേ നിന്റെപേരിൽ ഭഗവതി, ലളിതേ, ഭക്തി സിദ്ധിക്കണം മേ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം (ഭക്ത്യാശംസ)*

### 3.331 ഞെരിയുമാറകമക്ഷിനിറഞ്ഞു. . . (ബാലേന്ദു)

ദ്രുതവിളംബിതം

ഞെരിയുമാറകമക്ഷിനിറഞ്ഞു ഹാ!
കരയുവാൻ ചെറുപൈതൽ വിതുമ്പവേ
ത്വരിതമമ്മ മുകർന്നു തദാനനം
സുരുചിരം ചിരിയായിനിരന്തരം

കവി : കെ. വി. പി. നമ്പൂതിരി

### 3.332 താതാതാതതയാ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

താതാതാതതയാ തനോഷി വിരഹേ വാരാങ്ഗനാനാം ശതം
സാസാസാസസരാസമാനരസമപ്യേതദ് ദ്രശോസ്ത്വന്മുഖം
മീമീമീമിമിയാമിനീശനിടിലപ്രോദ്യച്ഛിഖാബന്ധനം
മാമാമാമമ! നിമ്നകാനനഭുവാം മാമാശു സഞ്ജീവയ

കവി : കിളിമാനൂർ രാജരാജവർമ്മകോയിത്തമ്പുരാൻ

## 3.333 മയ്യൽക്കണ്ണാൾ മനോജ്ഞാകൃതി. . . (ബാലേന്ദു)

സ്രഗ്ദ്ധര

മയ്യൽക്കണ്ണാൾ മനോജ്ഞാകൃതി മിഥിലസുതാ രാമനെക്കേട്ടു മാര-
ത്തീയിൽച്ചാടിച്ചിരം വെന്തഴലൊടുമൊരുനാളുച്ചയായോരു നേരം
പയ്യെപ്പയ്യെപ്പതുങ്ങി രഘുവരഭവനം തേടിയൊടീയിടത്തേ-
ക്കയ്യിൽ ത്രൈയംബകം മറ്റതിലൊരുമഴവും കൊണ്ടയോദ്ധ്യയ്ക്കുനേരേ.

കവി : **രാമക്കുറുപ്പു മുൻഷി** , കൃതി : *ചക്കീചങ്കരം*

## 3.334 പുരം ഭ്രാമം ഭ്രാമം. . . (കർത്താ)

ശിഖരിണി

പുരം ഭ്രാമം ഭ്രാമം മലയശിഖരിണ്യേഷ പവനഃ
പുനഃ സ്പർശം സ്പർശം വനജവനമാത്താൻ പരിമളാൻ
ഇദാനീം തന്വീനാമുപഹരതി സംസ്വിന്നവപുഷാം
പ്രതിദ്രവ്യം ലിപ്സുർമ്മുഖപരിമളാഖ്യം ദ്രുഢമിവ.

കവി : **മുത്തുകറിശ്ശി ഭാസ്കരൻ നമ്പൂതിരി**, കൃതി : *ശൃങ്ഗാരലീലാതിലകം*

## 3.335 ഈരണ്ടുപൂവുകൃഷിചെയ്തിടവും. . . (ബാലേന്ദു)

വസന്തതിലകം

ഈരണ്ടുപൂവുകൃഷിചെയ്തിടവും പറമ്പും
പാരം തഴച്ചുവളരുന്നതു ജാതി, കൊക്കോ;
കേരം കഴിഞ്ഞു, പകരം റബറായി മുഖ്യം
പേരിങ്ങു ഹാ! 'റബറളം' മതിയിന്നി മേലിൽ.

കവി : **ബാലേന്ദു**

## 3.336 കാലകാലമഥ. . . (കർത്താ)

കുസുമമഞ്ജരി

കാലകാലമഥ ഫാലലാലസദരാളബാലശശിജാലകം
കാലകൂടഗരകാളശോഭിഗളനാളലോലഫണിജാലകം
ബാലയാ ലളിതമാലയാ മിളിതമേത്യ ശൈലകുലകന്യയാ
പാലകം ധൃതകപാലകം ത്രിദശപാലകഃ സ്തുതിഗിരാലപൽ

കവി : **ഇലത്തൂർ രാമസ്വാമി ശാസ്ത്രീകൾ**, കൃതി : *ജലന്ധരാസുരവധം ആട്ടക്കഥ*

## 3.337 ബാലേന്ദുസ്മിതഭങ്ഗിചേരുമധരം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ബാലേന്ദുസ്മിതഭങ്ഗിചേരുമധരം ത്രൈലോക്യരക്ഷാകരം
ഫാലേന്ദുസ്ഫുടമൂർദ്ധ്വപുണ്ഡ്രലസിതം നീലാരവിന്ദം മുഖം
മാലേലുന്ന മനസ്സുകൾക്കു കുളിരപ്രാലേയമന്ദാനിലൻ
പോലേലും പദമാശ്രയിക്ക ധരണീപാലം മുദാ മാധവം.

കവി : **ബാലേന്ദു**

### 3.338 മന്ദാരത്തളിർ പോലെ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

മന്ദാരത്തളിർ പോലെ, മന്മഥ ശരം പോലേ, വസന്തത്തിലെ-
പ്പൊൻതാരക്കട ചൂട്ടമിന്ദുകലയെപ്പോലേ മനോജ്ഞാങ്ഗിയായ്
വിണ്ണാറിൻ കടവിങ്കൽ നിന്നൊരഴകിൻ മന്ദസ്മിതത്തോണിയിൽ
വന്നാളിന്ദ്രസദസ്സിലെ പ്രിയകലാരോമാഞ്ചമാം മേനക.

കവി : **വയലാർ രാമവർമ്മ**, കൃതി : *ശകുന്തള* എന്ന ചലച്ചിത്രത്തിലെ ശ്ലോകം.

### 3.339 വൃക്ഷോദഞ്ചിതപാണിയായ്. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വൃക്ഷോദഞ്ചിതപാണിയായ് മുദിതയായ് നില്പൂ വനശ്രീ തെളി-
ഞ്ഞിക്ഷോണിക്കു മുകിൽക്കുടത്തെളിജലം താഴത്തിറക്കിത്തരാൻ
വിക്ഷോഭം ലവമേശിടാതടിമുറിക്കാനെത്തുവോർക്കും ഭൃശം
വക്ഷോജാദ്രിപയസ്സിനാൽ കുളിരണച്ചീടുന്നിതദ്ദേവിയാൾ.

കവി : **യൂസഫലി കേച്ചേരി**

### 3.340 വാനവപ്പുഴ കളിന്ദകന്യക. . . (കർത്താ)

കുസുമമഞ്ജരി

വാനവപ്പുഴ കളിന്ദകന്യകയൊടെന്നപോലമലവേഷമാം
മാനവേന്ദ്രനുടെ സൈന്യമാശ്ശബരസേനതന്നൊടിടചേരവേ
യാനഖിന്നതുരഗത്തിൽനിന്നവനിറങ്ങി, യിഷ്ടജനയുക്തനായ്-
ത്താനണഞ്ഞഥ രഥാവരൂഢപിതൃപാദസീമനി വണങ്ങിനാൻ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

### 3.341 യാവത്തോയധരാധരാ. . . (ബാലേന്ദു)[64]

ശാർദ്ദൂലവിക്രീഡിതം

യാവത്തോയധരാധരാധരധരാ ധാരാധരാ ശ്രീധരാ
യാവച്ചാരുതചാരുചാരുചമരം ചാമീകരം ചാമരം
യാവദ് ഭോഗവിഭോഗഭോഗവിമുഖൈർ ഭോഗീകവൽസത്യയം
യാവദ്രാവണരാമരാവണവധം രാമായണം സൂയതേ.

### 3.342 യദ്വക്ത്രം ചന്ദ്രഭം യോ. . . (കർത്താ)

സ്രഗ്ദ്ധര

യദ്വക്ത്രം ചന്ദ്രഭം യോ ധൃതമകരമണീകുണ്ഡലോയോതിഗോമാം
ശാർങ്ഗം ചാപം ദധദ്യോ മിളദളിവനമാലോജഹര്യാശ്രിതോ യഃ
യോ ദേവോങ്ഗശ്രിയാപ്തോ ഝഷദ്വഗളിതുലാം രാധികോരോജകുംഭാ-
ശ്ലേഷീ യസ്സ്യാന്മുദേ വോ ബുധശരനപദസ്സോഖിലക്ഷേമരാശിഃ

കവി : **കുട്ടമത്തു് ചെറിയ രാമക്കുറുപ്പ്** , കൃതി : *ഗോവിന്ദശതകം*

### 3.343 യാ കുന്ദേന്ദുതുഷാര. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

യാ കുന്ദേന്ദുതുഷാരഹാരധവളാ യാ ശുഭ്രവസ്ത്രാവൃതാ

[64] ഇതു മുതലുള്ള എട്ടു ശ്ലോകങ്ങൾ യയ്ക്കു യ കൊടുക്കുന്നവയാണ്.

യാ വീണാവരദണ്ഡമണ്ഡിതകരാ യാ ശ്വേതപദ്മാസനാ
യാ ബ്രഹ്മാച്യുതശങ്കരപ്രഭൃതിഭിർദ്ദേവൈസ്സദാ പൂജിതാ
സാ മാം പാതു സരസ്വതീ ഭഗവതീ നിശ്ശേഷജാഡ്യാപഹാ.

## 3.344 യസ്യാസ്തുമധ്യേധികം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

യസ്യാസ്തുമധ്യേധികമുന്നതാഗ്രോ
ജാഗർത്തി ഘണ്ടാഞ്ചിതസൗധ ഏകഃ
യേന സ്വനാദൈർദ്ദിവിഷജ്ജനോപി
വിജ്ഞപ്യതേ കാലകലാവിഭാഗാൻ

കവി : **എം. കുഞ്ഞൻ വാര്യർ**, കൃതി : *ശ്രീരാമവർമ്മ വിജയം*

## 3.345 യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാ:. . . (ഉമേഷ്)[65]

സ്രഗ്ദ്ധര

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാഃ, വഹതി വിധിഹുതം യാ ഹവിർ, യാ ച ഹോത്രീ,
യേ ദ്വേ കാലം വിധത്തഃ, ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യവിശ്വം,
യാമാഹുഃ സർവ്വഭൂതപ്രകൃതിരിതി, യയാ പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശഃ

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം (നാന്ദി)*

## 3.346 യാദവർക്കു പല. . . (ബാലേന്ദു)

രഥോദ്ധത

യാദവർക്കു പല കക്ഷിയുള്ളതിൽ
ഭേദമെന്തു നിജലാഭമോർക്കുകിൽ
യോഗ്യമായ പരിപാടിയൊന്നുമാ-
യാദ്യമാരുവരുമങ്ങു ചേരണം.

കവി : **ബാലേന്ദു**

## 3.347 യുക്തിയുള്ള വചനങ്ങൾ. . . (രാജേഷ്)

രഥോദ്ധത

യുക്തിയുള്ള വചനങ്ങൾ ബാലനോ
തത്തയോ പറവതും ഗ്രഹിച്ചിടാം

---

[65] [*ഉമേഷ്*] **ശ്ലോകം 3.345 : അർത്ഥം:** യാ സ്രഷ്ടുഃ ആദ്യാ സൃഷ്ടിഃ (സ്രഷ്ടാവിന്റെ ആദ്യത്തെ സൃഷ്ടി – വെള്ളം), യാ വിധിഹുതം ഹവിസ് വഹതി (ഹവിസ്സിനെ വിധിഹുതമായി വഹിക്കുന്ന ആൾ – അഗ്നി), ഹോത്രി, യേ ദ്വേ കാലം വിധത്തഃ (കാലത്തെ ഉണ്ടാക്കുന്ന രണ്ടുപേർ – സൂര്യനും ചന്ദ്രനും), യാ ശ്രുതിവിഷയഗുണാ വ്യാപ്യവിശ്വം സ്ഥിതാ (ശ്രുതിവിഷയഗുണയായി വിശ്വം മുഴുവൻ വ്യാപിച്ചതു് – ആകാശം), യാം സർവഭൂതപ്രകൃതിഃ ഇതി ആഹുഃ (എല്ലാ ഭൂതങ്ങളുടെയും പ്രകൃതി എന്നു പറയപ്പെടുന്നതു് - ഭൂമി), യയാ പ്രാണിനഃ പ്രാണവന്തഃ (ജീവികൾക്കു ജീവൻ കൊടുക്കുന്ന ആൾ – വായു) – താഭിഃ പ്രത്യക്ഷാഭിഃ അഷ്ടാഭിഃ തനുഭിഃ (ഈ പ്രത്യക്ഷങ്ങളായ എട്ടു ശരീരങ്ങളെക്കൊണ്ടു്) പ്രപന്നഃ (വ്യാപിച്ച) ഈശഃ (ഈശൻ - അഷ്ടമൂർത്തിയായ ശിവൻ) അവതു (രക്ഷിക്കട്ടേ.). ഈ ശ്ലോകത്തിനു വ്യാഖ്യാതാക്കൾ വളരെയധികം അർത്ഥം പറഞ്ഞിട്ടുണ്ടു്. ശ്ലോകത്തെ മാത്രമല്ല, വ്യാഖ്യാനത്തെയും കൂടി പരിഭാഷപ്പെടുത്തിയ **കേരള വർമ്മ വലിയകോയിത്തമ്പുരാന്റെ** ശ്ലോകം താഴെച്ചേർക്കുന്നു:

ധാതാവാദൗ ചമച്ചോരുദക, മഥ ഹവിർവാഹിയാം വീതിഹോത്രൻ,
ഹോതാ താനും, ദിനേശൻ, നിശയുടെ പതിയും, നാദലക്ഷ്യം നഭസ്സും,
ഭൂതാളിക്കാകെയേകപ്രകൃതി പൃഥിവിയും, പ്രാണദൻ മാരുതൻ താൻ,
ഏതാവദ്വ്യക്തമൂർത്ത്യഷ്ടകനലകടയോൻ നിങ്ങളെക്കാത്തിടട്ടേ!

യുക്തിഹീന മൊഴിയെ ഗ്രഹിക്കൊലാ
ദേവദേശികനരച്ചുവെങ്കിലും

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

## 3.348 യദജ്ഞാനാദ്വിശ്വം. . . (കർത്താ)

ശിഖരിണി

യദജ്ഞാനാദ്വിശ്വം ഭവതി ഫണിവദ്രജ്ജുശകലേ
നിലീനം യജ് ജ്ഞാനാജ്ഝടിതി സനിദാനം ത്രിഭുവനം
യദുച്ചൈരാമ്നായൈർവിശദമവഗമ്യം മുനിജനൈ-
സ്തദേതദ്ബ്രഹ്മാഹം സഹജപരമാനന്ദമധുരം.

കവി : ഗോവിന്ദാമൃതയതി , കൃതി : *നാടകാഭരണം വ്യാഖ്യാനം (കൃഷ്ണമിശ്രമഹാകവിയുടെ പ്രബോധചന്ദ്രോദയം നാടകത്തിന്റെ വ്യാഖ്യാനം)*

## 3.349 യദാലോകേ സൂക്ഷ്മം. . . (ഉമേഷ്)

ശിഖരിണി

യദാലോകേ സൂക്ഷ്മം, വ്രജതി സഹസാ തദ്വിപുലതാം;
യദർദ്ധേ വിച്ഛിന്നം, ഭവതി കൃതസന്ധാനമിവ തത്;
പ്രകൃത്യാ യദ്വക്രം, തദപി സമരേഖം നയനയോർ;-
ന മേ ദൂരേ കിഞ്ചിത് ക്ഷണമപി, ന പാർശ്വേ രഥജവാത്.

കവി : കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം*

## 3.350 പോട്ടിന്നായതു പിന്നെയും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പോട്ടിന്നായതു പിന്നെയും പ്രിയ സഖേ പിറ്റേദ്ദിനം രാത്രിയിൽ
പേട്ടയ്ക്കായുമടുത്തനാളവിടവും വിട്ടും പുറപ്പെട്ടു ഞാൻ
ഡാക്ടർ ശ്രീയുതനാകുമപ്പുരുഷരത്നത്തോടുമിട്ടിക്കിൽ വ-
ന്നിട്ടഞ്ചാറുദിനം കഴിഞ്ഞുടനെയക്കാർഡും ഭവാനിട്ടു ഞാൻ.

കവി : കുമാരനാശാൻ

## 3.351 ഡംഭോടിത്ഥം ഭയം വിട്ട്. . . (ഉമേഷ്)

സ്രഗ്ദ്ധര

ഡംഭോടിത്ഥം ഭയം വിട്ടിടിയടിപെട്ടമാമ്മാറു സംഭാഷണം ചെയ്-
തംഭോധിപ്രൗഢി തേടും ഭടരൊട്ടുമുടനേ നീചനാം മേചകൻ താൻ
ജംഭപ്രദ്വേഷി വാഴും പുരമതിൽ വിലസും ഗോപുരദ്വാരി പുക്കാ-
സ്തംഭത്തേലിട്ടടിച്ചൊന്നലറി ഹരിയൊടായാഹവായാഹ വാചം.

കവി : വെണ്മണി മഹൻ

## 3.352 ജവാലവിജ്ഞാനഗദത്തെ. . . (കർത്താ)

വംശസ്ഥം

ജവാലവിജ്ഞാനഗദത്തെ നീളവേ
നിവാരണംചെയ്‌വതിനന്യൊരൗഷധം
ഭവാദൃശാഭ്യാഗമമല്പപുണ്യരാ-
ലവാപ്യമാമോ? ഭുവനാഭിപൂജിതേ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

## 3.353 ഭക്ത്യാ കൈക്കൊണ്ടു ചിത്തേ. . . (ഉമേഷ്)[66]

സ്രഗ്ധര

ഭക്ത്യാ കൈക്കൊണ്ടു ചിത്തേ ഭഗവതി, ഭവതീം കാമരാജാങ്കശയ്യാ-
മധ്യാസീനാം, പ്രസന്നാം, പ്രശിഥിലകബരീസൗരഭാപൂരിതാങ്ഗാം,
മെത്തും മാധ്വീമദാന്ധാം, ശ്രവണപരിലസത്സ്വർണ്ണതാടങ്കചക്രാ,
മുദ്യദ്ബാലാർക്കശോണാ, മുരസി നിഹിതമാണിക്യവീണാ, മുപാസേ.

## 3.354 മെല്ലെച്ചെന്നിട്ടു ഷെൽഫിൽ. . . (ബാലേന്ദു)[67]

സ്രഗ്ധര

മെല്ലെച്ചെന്നിട്ടു ഷെൽഫിൽത്തുണിയുടെ പുറകിൽക്കണ്ട റമ്മൊട്ടു ചില്ലിൻ
വെള്ളഗ്ലാസ്സിൽപ്പകർന്നിട്ടടവിലൊരുതുടം പൊക്കി മൂക്കിൽപ്പുതുങ്ങി
വെള്ളം പോലും തൊടാതങ്ങു ഞൊടിയിടകൊണ്ടൊറ്റവീർപ്പിൽക്കുടിക്കും
കള്ളൻ, സീമന്തപുത്രൻ, ബഹുവിധദുരിതം നൽകുവോൻ കയ്യിലാമോ?

കവി : **ബാലേന്ദു**

## 3.355 വെള്ളം ചേർക്കാതെടുത്തോരമൃതിനു. . . (ഉമേഷ്)

സ്രഗ്ധര

വെള്ളം ചേർക്കാതെടുത്തോരമൃതിനു സമമാം നല്ലിളം കള്ളു, ചില്ലിൻ
വെള്ളഗ്ലാസ്സിൽ പകർന്നങ്ങനെ രുചികരമാം മത്സ്യമാംസാദി കൂട്ടി
ചെല്ലം തോതിൽ ചെലുത്തി, ക്കളിചിരികൾ തമാശൊത്തു മേളിപ്പതേക്കാൾ
സ്വർല്ലോകത്തും ലഭിക്കില്ലപരിയൊരു സുഖം - പോക വേദാന്തമേ നീ!

കവി : **ചങ്ങമ്പുഴ**

## 3.356 ചുറ്റും നോക്കിച്ചിരിച്ചും. . . (രാജേഷ്)[68]

സ്രഗ്ധര

ചുറ്റും നോക്കിച്ചിരിച്ചും, പുനരതിനിടയിൽക്കണ്ണുനീരൊട്ടു വാർത്തും,
മറ്റുള്ളോരെശ്ശപിച്ചും, ചെളിയുടെ കുഴിയിൽ കാലുതെറ്റിപ്പതിച്ചും,
ചെറ്റാ റോഡിൽക്കിടന്നും, പലപടുതിയിഴഞ്ഞാലയം പൂകിടുമ്പോൾ
തെറ്റെന്നോർത്തിട്ടു വീണ്ടും മദിര നുകരുവാൻ പോകുവോരെത്തൊഴുന്നേൻ!

കവി : **രാജേഷ് വർമ്മ**

## 3.357 ചന്തയ്ക്കങ്ങല്പദൂരേ. . . (ബാലേന്ദു)

സ്രഗ്ധര

ചന്തയ്ക്കങ്ങല്പദൂരേ കവലയിൽ വരുവോർക്കന്തിയിൽച്ചെറ്റുമോന്താ-

---

[66] ഈ ശ്ലോകത്തിലെ *മെത്തും മാധ്വീമദാന്ധാം* എന്ന പ്രയോഗം കൊണ്ടു മത്തു പിടിച്ചിട്ടാണോ എന്തോ, അടുത്ത 14 ശ്ലോകങ്ങൾ *മദ്യശ്ലോകങ്ങൾ* ആയിരുന്നു.

[67] [*ബാലേന്ദു*] ശ്ലോകം **3.354 :** കാത്തുള്ളിൽ അച്യുതമേനോന്റെ

തിണ്ണം ചെന്നിട്ടു തീയിൽ തെളിവിനൊടു തിളയ്ക്കുന്ന പാലൊട്ടു പൊന്നിൻ
കിണ്ണം കൊണ്ടമ്മ കാണാതളവിലുടനടൻ മുക്കി, മൂക്കിൽ പതുങ്ങി
കർണ്ണം പാർത്തങ്ങു നിന്നിട്ടുഞ്ചൊടിയിണകൊണ്ടൂതിയൂതിക്കുടിക്കും
കണ്ണൻ കല്യാണപൂർണ്ണൻ കളകമലദളക്കണ്ണനെൻ കണ്ണിലാമോ?

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[68] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ച'യ്ക്കു സ്രഗ്ധരയിൽ മദ്യശ്ലോകം.

നന്തിക്കള്ളുള്ള ഷാപ്പുണ്ടതിനടെയരുകിൽപ്പൊന്തി ചാരായഷാപ്പം;
സന്താപം വേണ്ട വിസ്കിക്കടയതുമവിടങ്ങന്തികത്തുണ്ടൊരെണ്ണം;
ചിന്തിച്ചാലെന്തെളുപ്പം ലഹരിയിൽ മുഴുകാൻ – ഹന്ത, ഭാഗ്യം, ജനാനാം!

കവി : ബാലേന്ദു

## 3.358 സുരുചിരലഘുകാവ്യം. . . (ഉമേഷ്)[69]

മാലിനി

സുരുചിരലഘുകാവ്യം, കാനനച്ഛായ, പാത്രം
നിറയെ മധു, കഴിക്കാനിത്തിരിബ്ഭക്ഷണം കേൾ
അരികിൽ മധുരഗാനം പാടുവാനോമനേ നീ,
സുരപുരിയിവനെന്നാൽ കാനനം പോലുമാഹാ!

കവി : ഉമേഷ് നായർ, കൃതി : *ഉമർ ഖയ്യാമിന്റെ ചതുഷ്പദികൾ*

## 3.359 അരുതരുതു വിരോധം ഭിന്നമദ്യങ്ങൾ. . . (ബാലേന്ദു)[70]

മാലിനി

അരുതരുതു വിരോധം ഭിന്നമദ്യങ്ങളെല്ലാ-
മൊരുവന്ന വ്യഥ തീർക്കാനുള്ള വസ്തുക്കളല്ലോ;
കരുതുകയിവയും പണ്ടാഴിയെത്താൻ കടഞ്ഞി-
ട്ടരുളിയ നിധിയത്രേ വേണമെങ്കിൽക്കഴിപ്പിൻ.

കവി : ബാലേന്ദു

## 3.360 കിട്ടാനില്ലത്രയേറെപ്പണം. . . (ഉമേഷ്)

സ്രഗ്ദ്ധര

കിട്ടാനില്ലത്രയേറെപ്പണ, മനവധിയാണാഞ്ഞടുത്തെത്തി നിൽക്കും
നിത്യാവശ്യങ്ങൾ, രോഗാദികളകരുണമാസ്ഥിങ്ങിടുന്നുണ്ടു താനും,
ചിത്താനന്ദത്തിനെന്നാൽ പലതുമിവിടെയുണ്ടെങ്കിലും മർത്ത്യരെങ്ങും
മദ്യാസക്തിയ്ക്കു ഹാ! മാനസമടിയറ വയ്ക്കുന്നതാണദ്ഭുതം മേ.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.361 ചേരാ കള്ളിന്നു വെള്ളം. . . (ബാലേന്ദു)

സ്രഗ്ദ്ധര

ചേരാ കള്ളിന്നു വെള്ളം, ബിയറിലുമതുപോൽ, വീഞ്ഞിലും വർജ്ജ്യമേറ്റം,

---

[69] [*ഉമേഷ്*] ശ്ലോകം **3.358 :** മൂലപദ്യം (ഉമർ ഖയ്യാം) :

A Book of Verses underneath the Bough,
A Jug of Wine, a Loaf of Bread–and Thou
Beside me singing in the Wilderness–
Oh, Wilderness were Paradise enow!

[70] [*കർത്താ*] ശ്ലോകം **3.359 :** ഇതു പാലിയത്തു ചെറിയ കുഞ്ഞുണ്ണിയച്ചന്റെ

അരുതരുതു വിരോധം ഭിന്നവർഗ്ഗങ്ങളെല്ലാ–
മൊരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ;
പൊരുളിതു വെളിവാക്കിക്കേരളത്തിന്റെ നന്മ–
യ്ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരേ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്.

ചേരും ബ്രാണ്ടിയ്ക്കൊരല്പം, നരപതയിയലും സോഡ വിസ്കിയ്ക്കിണക്കം,
നീരം പോലുള്ള ജിന്നിൽ പിഴിയുക പഴമെന്നാകിലേറ്റം വിശേഷം,
ചേരും റമ്മിന്നിതെല്ലാം - ലഹരി പെരുകുവാൻ കോക്കെയിൽക്കൂട്ടു കേമം!

കവി : ബാലേന്ദു

## 3.362 നാട്ടിൽത്തല്ലു വഴക്കുഴക്കു. . . (ഉമേഷ്)

സ്രഗ്ദ്ധര

നാട്ടിൽത്തല്ലു, വഴ, ക്കുഴക്കു, ഭരണിപ്പാട്ടും, മനം നൊന്തു തൻ
വീട്ടിൽക്കുട്ടിനിരിപ്പവൾക്കു ഹൃദയത്തീ, യെന്നതും മാത്രമോ
നോട്ടിൻ പോ, ക്കഭിമാനനഷ്ട, മിവയും സൃഷ്ടിക്കുമാ മദ്യപ-
ക്കൂട്ടം മന്നിൽ മറഞ്ഞുപോകിലിവിടം സ്വർല്ലോകമാകില്ലയോ?

## 3.363 നീരാനായകനല്പദായ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

നീരാനായകനല്പദായ ധനവൻചോരായ ഹാലാഹല-
ച്ഛായാസുന്ദരമന്ദിരായ വനിതാസങ്ഗൈകശൃങ്ഗാരിണേ
സദ്യാമാഹരണേ ദൃശാമരുണിനേ നിശ്ശേഷമാരാസ്തിണേ
വേഗൈഃ സങ്കലനേ സുഖേന സുഖിനേ മദ്യായ നിത്യം നതിഃ

കവി : കെ. വി. പി. നമ്പൂതിരി

## 3.364 സരിത്തടമലംകൃതം. . . (ഉമേഷ്)[71]

പൃഥ്വി

സരിത്തടമലംകൃതം കുസുമസഞ്ചയത്താലയേ!
വരൂ, മണി പിഴിഞ്ഞൊരീ മദിരയാസ്വദിക്കു ക്ഷണാൽ.
ഒടുക്കമതിലും കറുത്തതു യമൻ നിനക്കേകുവാ-
നടുക്കിലുടനായതും മടി വെടിഞ്ഞു സേവിക്ക നീ!

കവി : സർദാർ കെ. എം. പണിക്കർ, കൃതി : *രസികരസായനം*

## 3.365 ഒന്നായതൊക്കെയിഹ കാണ്മതു. . . (ബാലേന്ദു)

വസന്തതിലകം

ഒന്നായതൊക്കെയിഹ കാണ്മതു രണ്ടുവീതം
നന്നായടിച്ച പിരികേറിയെനിക്കു പൊന്നേ
മുന്നെക്കണക്കുവരുവാനിനിയെന്തു മാർഗ്ഗം?
ഇന്നല്ലയെങ്കിലുടനെങ്ങിനെ വീട്ടിലെത്തും?

കവി : ബാലേന്ദു

## 3.366 മദ്യം നിന്ദ്യ, മതേതൊരാൾക്കും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മദ്യം നിന്ദ്യ, മതേതൊരാൾക്കുമപകർഷത്തെക്കൊടുക്കും, വെറും

[71] *[ഉമേഷ്]* ശ്ലോകം **3.364 :** മൂലപദ്യം (Omar Khayyam/Fitsgerald, Rubaiyat V:43) :
So when that Angel of the darker Drink
At last shall find you by the river-brink,
And, offering his Cup, invite your Soul
Forth to your Lips to quaff - you shall not shrink.

ക്ഷുദ്രം നീചമനർഹകർമ്മനിവഹം ചെയ്യാനിടം കൂട്ടിടും,
ചിത്തം പങ്കിലമാക്കിടും, മദമഹങ്കാരം വിതയ്ക്കും, നര-
ന്നൊട്ടും നന്മ വരുത്തുകി, ല്ലതിൽ ജനം മോഹിപ്പതാണദ്ഭുതം!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

## 3.367 ചാരായാദിക്രമത്തിൽ. . . (ബാലേന്ദു)[72]

സ്രഗ്ദ്ധര

ചാരായാദിക്രമത്തിൽ പലവിധ മധുപാനീയമുങ്ങുള്ളിലാക്കി-
'പ്പൂക്കുറ്റിപ്രായമായി', പ്പരിസരമറിയാതൊട്ടസഭ്യം പുലമ്പി
സ്വന്തം വീടെത്തുവനുള്ളിടവഴി പിടികിട്ടാതെ വട്ടം കറങ്ങും
തോഴൻ നേരിട്ടുവന്നാലുടനെയവനെ നാം തല്ലണോ തള്ളിടേണോ?

കവി : പി. രാമൻ എളയത്, മുംബൈ

## 3.368 സമ്പത്തായ് സംയമത്തെ. . . (ഉമേഷ്)[73]

സ്രഗ്ദ്ധര

സമ്പത്തായ് സംയമത്തെക്കരുതി മരുവുമീ നമ്മെയും, തൻ കുലത്തിൻ
വമ്പും, ബന്ധുക്തി കൂടാതിവൾ നിജഹൃദയം നിങ്കലർപ്പിച്ചതും നീ
നന്നായോർത്തിട്ടു ദാരപ്പരിഷയിലിവളെക്കൂടി മാനിച്ചിടേണം
പിന്നത്തേ യോഗമെല്ലാം വിധിവശ, മതിലിജ്ഞാതികൾക്കില്ല ചോദ്യം.

കവി : ഏ. ആർ. രാജരാജവർമ്മ/കാളിദാസൻ, കൃതി : *മലയാളശാകുന്തളം*

## 3.369 നിമ്നഞ്ഞപ്പുകലർന്ന. . . (ബാലേന്ദു)[74]

ശാർദ്ദൂലവിക്രീഡിതം

നിമ്നഞ്ഞപ്പുകലർന്ന ചെന്നിറമെരിഞ്ഞത്യുഗ്രമമാശയം
തന്നിൽ പ്രോജ്വലിതാർത്തി പാരമരുളും ഭാവസ്വഭാവങ്ങളും
ഉന്മാദാത്ഭുത വൻകടൽത്തിരകളലാടിച്ചപാടിച്ചിട്ടും
സമ്മോദോൽസവവും മനോഹരി, മുടിപ്പിക്കും കുടിപ്പിച്ചു നീ.

കവി : കെ. വി. പി. നമ്പൂതിരി

---

[72] മദ്യശ്ലോകപരമ്പരയിലെ അവസാനശ്ലോകം. മധുരാജ് പിന്നീട് ഇങ്ങനെ പറഞ്ഞു:

ശാസ്ത്രം പാടി, ല്ലാദ്യമാരോ ശഠിച്ചു
സ്തോത്രം വേണ്ടാ, (നമ്മളാരെ സ്തുതിക്കാൻ?)
വേദം പോലും വർജ്ജ്യമായ്, പിന്നെ ബോധം
കെട്ടാൽ നാറും മദ്യമായ് - ഈ-സദസ്സിൽ!

[73] [*ഉമേഷ്*] ശ്ലോകം **3.368 :** മൂലശ്ലോകം (കാളിദാസൻ) :

അസ്മാൻ സാധു വിചിന്ത്യ സംയമധനാ, നച്ചൈഃ കുലം ചാത്മന,–
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം സ്നേഹപ്രവൃത്തിം ച താം
സാമാന്യപ്രതിപത്തിപൂർവ്വകമിയം ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃ പരം ന ഖലു തദ്വാച്യം വധൂബന്ധുഭിഃ

[74] [*ഉമേഷ്*] ശ്ലോകം **3.369 :** ഇതു വി. കെ. ജി. യുടെ

നിന്നാദ്യസ്മിത, മാദ്യചുംബന, മനസ്യൂതസ്മരമാധുരീ–
മന്ദാക്ഷം, പുളകാഞ്ചിതസ്തനയുഗം, പ്രേമാഭിരാമാനനം,
കന്ദാസ്തോത്സവചഞ്ചലത്പൃഥുനിതംബശ്രീസമാശ്ലേഷസ–
മ്പന്നാനന്ദമഹോ മനോഹരി! മരിപ്പിക്കും സ്മരിപ്പിച്ചു നീ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്.

## 3.370 ഉണ്ടോ നേരത്തുടുക്കും. . . (കർത്താ)

സ്രഗ്ദ്ധര

ഉണ്ടോ നേരത്തുടുക്കും തളിരൊടമരടിക്കും ചൊടിക്കും, ചൊടിക്കും
കൊണ്ടല്ലേറെക്കുടുക്കുന്നഴകുമൊരു മിടുക്കും മുടിക്കും മുടിക്കും
കണ്ടാലുൾക്കാമ്പിടിക്കുന്നഴലു കിടപിടിക്കും പിടിക്കും പിടിക്കും
കൊണ്ടാടേണ്ടും നടയ്ക്കും മുടിയഴിയുമിടയ്ക്കൊന്നടിക്കുന്നടിക്കും.

കവി : **കുണ്ടൂർ നാരായണ മേനോൻ**, കൃതി : *പാക്കനാർ*

## 3.371 കൊണ്ടൽച്ചായൽക്കറുപ്പും. . . (ഉമേഷ്)

സ്രഗ്ദ്ധര

കൊണ്ടൽച്ചായൽക്കറുപ്പും, സ്തനയുഗമദനച്ചെപ്പുറപ്പും, വെടിപ്പും,
ചുണ്ടിൻ ചോപ്പും, കരിംകൂവളചകിതമിഴിച്ചഞ്ചലിപ്പും, നടപ്പും,
കൊണ്ടാടും പട്ടുടുപ്പും, സരസമിയലുമിപ്പെൺകിടാവിൻ പൊടിപ്പെ-
ക്കണ്ടാൽ തണ്ടാർശരന്നും സരഭസമുളവാം നെഞ്ചിടിപ്പും ചടപ്പും!

## 3.372 കൽക്കണ്ടം കളകണ്ഠമെന്നിവ. . . (ബാലേന്ദു)

സ്രഗ്ദ്ധര

കൽക്കണ്ടം കളകണ്ഠമെന്നിവകളുൾക്കുണ്ഠത്വമാർന്നു, കരി-
ങ്കൽക്കണ്ടം ഗുളഖണ്ഡമെന്ന നിലയായ്, ക്ഷീണിച്ച വീണാധരൻ,
ഉൾക്കൊണ്ടു മധു കണ്ഠിതം മധുരിപോ, വീഞ്ഞിൻകണം പൊക്കണം
കൈക്കൊണ്ടു, കലികൊണ്ടു തുള്ളിയമൃതം നീ വേണ്ട വായിക്കവേ.

കവി : **വി. കെ. ജി.**

## 3.373 ഉണ്ണിത്തൃക്കാലിണയ്ക്കും. . . (ഉമേഷ്)

സ്രഗ്ദ്ധര

ഉണ്ണിത്തൃക്കാലിണയ്ക്കും, പനിമതികിരണം പോന്നൊളിക്കുന്നൊളിക്കും,
വെണ്ണയ്ക്കൊക്കുന്ന മെയ്ക്കും, കനകമണിയരഞ്ഞാൺ തുടയ്ക്കും തുടയ്ക്കും,
എണ്ണം തീരാ വണക്കം, തിരുമരിയസുതപ്പൂഞ്ചൊടിക്കും, ചൊടിക്കും
കണ്ണിൻ കോണിൽക്കളിക്കും ഭുവനദുരിതമെല്ലാമൊഴിക്കും മൊഴിക്കും.

കവി : **കോതനല്ലൂർ ജോസഫ്**

## 3.374 എച്ചൈവിയെന്ന വിന. . . (ബാലേന്ദു)

വസന്തതിലകം

എച്ചൈവി[75]യെന്ന വിന വാനിലുമെത്തി നൂനം
അച്ചന്ദ്രനും ഗ്രസിതനായി മെലിഞ്ഞു പാവം
സ്വച്ഛന്ദമായി നിശ താരകനാരിമാരൊ-
ത്തച്ഛേതരം പലവിധം ചെലവിട്ട മൂലം.

കവി : **ബാലേന്ദു**

[75] എച്ചൈവി = HIV

## 3.375 സമ്പൽപ്പരമ്പര പരം. . . (രാജേഷ്)[76]

വസന്തതിലകം

സമ്പൽപ്പരമ്പര പരം പരിപുഷ്ടമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു ധരാനിലിമ്പൻ
ഉമ്പക്കു തുമ്പമെഴ, മമ്പിളി കമ്പിളിക്കും
കമ്പിയ്ക്കുമാരു,മിതി ചെമ്പകശേരി രാജാ

കവി : സാഹിത്യപഞ്ചാനനൻ പീ. കേ. നാരായണപിള്ള

## 3.376 തത്ത്വാർത്ഥമായി. . . (ബാലേന്ദു)

വസന്തതിലകം

തത്ത്വാർത്ഥമായി ശബരീശ്വരനായി വാഴും
ത്വത്പാദമാണു ശരണം മമ ദേവദേവ
മത്പ്രാണദേഹമിവയുള്ള ദിനം വരേയ്ക്കും
സിദ്ധിക്കണം വിമലമാം തവ ഭക്തിഭാവം.

കവി : ബാലേന്ദു

## 3.377 മുല്ലചാരുതരമല്ലികാം. . . (കർത്താ)

കുസുമമഞ്ജരി

മുല്ലചാരുതരമല്ലികാമുകുളകന്ദളന്മധുരസം നുകർ-
ന്നുല്ലസല്ലളിതഭൃങ്ഗഝംകൃതി കലർന്ന മന്ദമദമന്ഥരം
നല്ല നല്ല സരസീഷു മുങ്ങി, നളിനേഷു തങ്ങി, വദനേ ചല-
ച്ചില്ലിവല്ലിവലയേ വലന്തമഭിനന്ദ തന്വി! മലയാനിലം.

## 3.378 നാണം കെട്ട നടന്റെ. . . (ബാലേന്ദു)[77]

ശാർദ്ദൂലവിക്രീഡിതം

നാണം കെട്ട നടന്റെ ഗോഷ്ടി കലരും കോമാളിനാട്യത്തിലും
മാനം വില്പൊരു വേശ്യ തക്ക വിടനെത്തേടുന്ന നോട്ടത്തിലും
നാനാചാനലിലെപ്പരമ്പരകളായെത്തും രസക്കേടിലും
കാണാനില്ലൊരു ലേശവും കവിതതൻ സൗന്ദര്യമെന്നേ വരൂ.

കവി : ബാലേന്ദു

## 3.379 നാവേ, നിനക്കു. . . (കർത്താ)

വസന്തതിലകം

നാവേ, നിനക്കു വലിയോരുപദേശമുണ്ടേ;

---

[76] [*രാജേഷ്*] **ശ്ലോകം 3.375 :** ധരാനിലിമ്പൻ - ഭൂദേവൻ (ബ്രാഹ്മണൻ) - മറ്റു രാജാക്കന്മാരിൽ നിന്നു വിരുദ്ധമായി അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജാവായ ദേവനാരായണന്റെ വംശം ബ്രാഹ്മണരായിരുന്നു. ഉമ്പക്കു ദുഃഖവും ചന്ദ്രനു ജാള്യവും ഉണ്ടാകുന്നതു രാജാവിന്റെ യശോധാവള്യം നിമിത്തമാണ്.

[77] [*ഉമേഷ്*] **ശ്ലോകം 3.378 :** വള്ളത്തോളിന്റെ

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും,
മാനഞ്ചും മിഴി തൻ മനോരമണനിൽച്ചായുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ ചുവേർപ്പണിപ്പൂങ്കവിൾ–
സ്ഥാനത്തും, നിഴലിച്ചു കാണ്മു കവിതേ, നിൻ മഞ്ജുരൂപത്തെ ഞാൻ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

നാവാല്യരപ്പതിന്ന ഞാൻ തുനിയുന്ന കേൾ നീ
നാരായണന്റെ തിരുനാമമുറക്കെയാമ്പോൾ
നാണിച്ചു പോകരുതതേ തവ വേണ്ടതുള്ളൂ.

കവി : **പൂന്താനം**, കൃതി : *ഭാഷാകർണാമൃതം*

## 3.380 നാണിക്കുന്ന നവോഢയെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാണിക്കുന്ന നവോഢയെപ്പുരുഷമായ് കെട്ടിപ്പിടിക്കുന്നതും,
ഘ്രാണിക്കാൻ ത്വരയാർന്ന കൊച്ചുമുകുളം നുള്ളിപ്പൊളിക്കുന്നതും,
ആണത്തം പൊടിമീശയിൽ തെളിയുവാൻ ചായം പുരട്ടുന്നതും,
കാണിപ്പൂ മധുരാനുഭൂതി തടയും മർത്ത്യക്ഷമാശൂന്യത.

കവി : **വി. കെ. ജി.**

## 3.381 ആകപ്പാടേ വിമർശിച്ച്. . . (കർത്താ)[78]

സ്രഗ്ദ്ധര

ആകപ്പാടേ വിമർശിച്ചറിയുവതിനസാധ്യങ്ങളാകുന്ന നാനാ-
പാകം പറ്റുന്ന ദിവ്യപ്രകൃതിയുടെ വികാരങ്ങൾ വിശ്വോത്തരങ്ങൾ;
*ലോകം രങ്ഗം, നരന്മാർ നട*രിതു വളരെസ്സാരമാം തത്ത്വമെങ്ങോ
പോകട്ടേ; മാംസമേദോമലകലിതമുടൽക്കെട്ടിതുൽകൃഷ്ടമാണോ?

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.382 ലോകത്തുള്ള സമസ്തവൃക്ഷവും. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ലോകത്തുള്ള സമസ്തവൃക്ഷവുമറുത്തദ്ദിക്കിലെല്ലാം നട-
ന്നാശയ്ക്കൊത്തു കുഴിച്ചു കാടിതു പണത്തോട്ടങ്ങളാക്കീട്ടുവാൻ
ആകെപ്പൂത്തുതളിർത്ത മാമല റബർക്കാടാക്കി മാറ്റീട്ടുവാൻ
നീ കാംക്ഷിപ്പതു സാദ്ധ്യമാണു, ചെറുതാം മന്ത്രിപ്രസാദം മതി.

കവി : **ബാലേന്ദു**

## 3.383 ആമോദം പൂണ്ടു കൈകൊണ്ടമരർ. . . (കർത്താ)[79]

സ്രഗ്ദ്ധര

ആമോദം പൂണ്ടു കൈകൊണ്ടമരരഭയമോടൊത്തഭീഷ്ടം കൊടുക്കും;
നീമാത്രം ദേവി! യെന്നാൽ നലമൊടവയെ നൽകുന്നതമ്മട്ടിലല്ലാ;

---

[78] [*ഉമേഷ്*] ശ്ലോകം **3.381 :** ഷേക്സ്പിയറുടെ

All the world's a stage,
And all the men and women merely players

എന്ന പദ്യം പരാമർശിച്ചിരിക്കുന്നു.

[79] [*ഉമേഷ്*] ശ്ലോകം **3.383 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

തദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണഃ
ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ
ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൗ

ഭീ മാറ്റിപ്പാലനംചെയ്‌വതിനുമുടനഭീഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോർക്കിൽ തവ കഴലിണയാകുന്ന ലോകൈകനാഥേ!

കവി : **കുമാരനാശാൻ**, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

## 3.384 ഭൂപാളങ്ങളുറങ്ങിടുന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഭൂപാളങ്ങളുറങ്ങിടുന്നു, ഹരികാംബോജിക്കു നാവ, റ്റുഷഃ-
കാലാരോഹണസംക്രമത്തിലിടറിത്തെന്നുന്നു ഹംസധ്വനി,
മായാമാളവഗൗള മൗനഭജനം പൂണ്ടൂ, വയറ്റത്തടി-
ച്ചോരോ പട്ടിണി പാട്ടു നീട്ടിയിവിടെച്ചുറ്റുന്നു വറ്റുണ്ണുവാൻ.

കവി : **എസ്. രമേശൻ നായർ**, കൃതി : *സ്വാതിമേഘം*

## 3.385 മുണ്ടീ നെട്ടുന്നു, നെട്ടീ. . . (കർത്താ)

സ്രഗ്ദ്ധര

മുണ്ടീ നെട്ടുന്നു, നെട്ടീ പുനരഴകിയല്ലം മുണ്ടനയ്യോ!, തടിച്ചി-
ക്കുണ്ടാമല്ലോ തദാനീം മെലിയ, നിഹ മെലിച്ചിക്കൊരോ പൊണ്ണരുണ്ടാം;
കണ്ടാലാകാതവന്നങ്ങൊരു തരുണി മഹാസുന്ദരീ, സുന്ദരന്ന-
ക്കണ്ടാലാകാത നാരീ – പരിചിനൊട്ടു വയോവർണ്ണമീവണ്ണമല്ലോ.

കവി : **പൂനം നമ്പൂതിരി**, കൃതി : *ഭാഷാരാമായണം ചമ്പു*

## 3.386 കാളിപ്പെണ്ണിന്റെ കാലിൽ. . . (ബാലേന്ദു)

സ്രഗ്ദ്ധര

കാളിപ്പെണ്ണിന്റെ കാലിൽക്കയറിയഥ കടിച്ചോരു നീർക്കോലിയെത്തൻ
കാലാൽത്തല്ലിച്ചതച്ചിട്ടൊരു കൊടിയ 'ബഡാ' ശൂരനാം ശൗരിയാരേ
വാലിൽച്ചുറ്റിപ്പിടിച്ചിട്ടവനുടെ തലയിൽത്താളവട്ടം തകർക്കും
നീലപ്പയ്യാ! നിനയ്ക്കുമ്പൊഴുതൊരു രസികൻ തന്നെ നീ പൊന്നുമോനേ!

കവി : **കെ. വി. പി. നമ്പൂതിരി**

## 3.387 വാകച്ചാർത്തിനു വല്ലവണ്ണവും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാകച്ചാർത്തിനു വല്ലവണ്ണവുമുണർന്നെത്തുമ്പൊഴേക്കമ്പലം
മാകന്ദാശുഗമാനദണ്ഡമഹിളാമാണിക്യമാലാഞ്ചിതം
വാകപ്പൂമൃദുമെയ്യു മെയ്യിലുരസുമ്പോ, ഴെന്റെ ഗോപീജന-
ശ്രീകുമ്പസ്തനകുങ്കുമാങ്കിത, മനസ്സോടുന്നു വല്ലേടവും!

കവി : **വി. കെ. ജി.**

## 3.388 വക്ത്രം നത്തിന്നു മിത്രം. . . (കർത്താ)

സ്രഗ്ദ്ധര

വക്ത്രം നത്തിന്നു മിത്രം; പ്രകൃതിവിരസബീഭത്സവൈരൂപ്യസമ്പൽ-
സിദ്ധിക്ഷേത്രേ ച നേത്രേ; ജടിലതരപലാലപ്രകാശാശ്ച കേശാഃ;
സ്ഥൂലസ്ഥൂലൗ കപോലൗ; മടിയിലതിതരാം ഞാന്നു തൂങ്ങിക്കിടക്കും
വക്ഷോജൗ ഭങ്ഗഭാജൗ; ശിവ ശിവ ജരയാ ശുഷ്കബിംബോ നിതംബഃ.

കവി : **രാമപാണിവാദൻ**, കൃതി : *ദൗർഭാഗ്യമഞ്ജരി*

### 3.389 സൗന്ദര്യം സൗമ്യശീലം. . . (ബാലേന്ദു)

സ്രഗ്ധര

സൗന്ദര്യം സൗമ്യശീലം സകലകലയിലും വൈഭവം തന്മയത്വം
നന്ദിക്കും സൽഗ്ഗുണങ്ങൾക്കഖിലവുമിവളാം ധാമമിന്നത്രയല്ലാ
വന്ദിപ്പാനായ് മടിക്കില്ലൊരുവനുമിവളേ നാട്ടുകൂട്ടത്തിൽ വച്ചും
ചിന്തിച്ചാലൊക്കെ മെച്ചം കറവിഹയിവളെൻ ഭാര്യയാണത്ര മാത്രം.

കവി : **ബാലേന്ദു**

### 3.390 വിലയേറിടും വിമലമാം. . . (കർത്താ)

മഞ്ജുഭാഷിണി

വിലയേറിടും വിമലമാമുടുപ്പൊടൊ,-
ത്തുലയറ്റ കാഞ്ചനസഭാതലത്തവർ
വിലസീ വിശിഷ്ടരുചി, നെൽവിളഞ്ഞകോൾ-
നിലമാർന്ന സാരസഖഗങ്ങൾ പോലവേ

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

### 3.391 വിണ്ണിൽച്ചെല്ലുകിലും തനിക്കു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വിണ്ണിൽച്ചെല്ലുകിലും തനിക്കു പുതുതായ് ഹർമ്മ്യം രചിച്ചീടുവോൻ,
കണ്ണിൽപ്പെട്ട ജഡത്തിലും തഴുകുകിൽജ്ജീവൻ കൊടുത്തീടുവോൻ,
തൻ നാടൊന്നൊരു നാഭിനാളദൃഢമാം ബന്ധം പുലർത്തീടുവോൻ,
വെന്നീടുന്ന സരസ്വതീരസികനാം കുഞ്ചൻ വിരിഞ്ചോപമൻ.

കവി : **വി. ഏ. കേശവൻ നമ്പൂതിരി**. കുഞ്ചൻ നമ്പ്യാരെപ്പറ്റി.

### 3.392 തൻ കാര്യത്തെ വെടിഞ്ഞും. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

തൻ കാര്യത്തെ വെടിഞ്ഞുമന്യനതകുന്നോനെത്രയും സത്തമൻ,
തൻ കാര്യത്തെ വിടാതെയന്യനതകുന്നോനിങ്ങു സാമാന്യനാം,
തൻ കാര്യത്തിനിഹാന്യകാര്യഹനനം ചെയ്യുന്നവൻ രാക്ഷസൻ,
വ്യർത്ഥം ഹന്ത പരാർത്ഥനാശകനു പേരെന്തെന്നറിഞ്ഞീല ഞാൻ

കവി : **കെ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

### 3.393 തുള്ളൽപ്പാട്ടുകളമ്പലപ്പുഴ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

തുള്ളൽപ്പാട്ടുകളമ്പലപ്പുഴമഹാക്ഷേത്രത്തിലുണ്ടായി പോൽ
കൊള്ളാം! മറ്റെവിടത്തിലിത്രമധുരിച്ചീടുന്ന പാൽപ്പായസം?
കില്ലില്ലിങ്ങൊരു തുള്ളിയെങ്കിലുമിതിൻ സ്വാദുള്ളിലെത്തീടുകിൽ-
ത്തള്ളിക്കേറിവരും തിമിർപ്പൊടവനും തുള്ളിക്കളിച്ചീടുമേ!

കവി : **വി. ഏ. കേശവൻ നമ്പൂതിരി**

## 3.394 കല്ലിനെപ്പെരിയ കായലാക്കലാം. . . (കർത്താ)

രഥോദ്ധത

കല്ലിനെപ്പെരിയ കായലാക്കലാം;
കായലെപ്പെരിയ കല്ലമാക്കലാം;
വല്ലവാറു പലനാളുഴയ്ക്കിലും
വല്ലവാനരിയതൊന്റു വൈശികം.

കൃതി : *വൈശികതന്ത്രം*

## 3.395 വൃത്തമുണ്ടമലപദ്യമോ. . . (ബാലേന്ദു)

രഥോദ്ധത

വൃത്തമു, ണ്ടമല പദ്യമോ? ഫലം
മൊത്തമുണ്ടു, ശരിയായ കർമ്മമോ?
ഒത്തവണ്ണമിയലുന്ന രംഭ തൻ
പത്രമുണ്ടു, സുരനാഥഹസ്തമോ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.396 ഓംകാരത്തിന്നുമൊറ്റത്തരിയുടയ. . . (കർത്താ)

സ്രഗ്ദ്ധര

ഓംകാരത്തിന്നുമൊറ്റത്തരിയുടയ മുഴക്കത്തിനും ലക്ഷ്യമെങ്കിൽ
ഭാംകാരത്തിന്നുമേവം പലതിനുമതുപോലാകുമെന്നാകുമെന്യേ
ഞാൻ കാണുന്നില്ല ചൊല്ലുന്നതിനൊരു പദവും നാദബിന്ദുക്കലറ്റ-
ത്തേൻകാരുണ്യപ്രവാഹം ത്രിഭുവനവടിവായ് നിന്നൊരൊന്നാണു ദൈവം

കവി : **കുമാരനാശാൻ**, കൃതി : *നിജാനന്ദവിലാസം*

## 3.397 ഞാനെന്നാൽ ഞായരക്ഷക്കൊരു. . . (ബാലേന്ദു)

സ്രഗ്ദ്ധര

ഞാനെന്നാൽ ***ഞായ***രക്ഷയ്ക്കൊരു ഗുണവഴിയേ പോകയാം ***തിങ്ക***ളൊക്കും
മാനം ***ചൊവ്വാ***യ് വഹിക്കും ***ബുധ***നതിമതിമാൻ ***വ്യാഴ***തുല്യപ്രഭാവൻ
നൂനം പൊൻ***വെള്ളി***യെന്നീവക ***ശനി***നിയതം വിദ്യതാൻ വിത്തമെന്നാ
ജ്ഞാനം മേ തന്നൊരച്ഛൻ കനിയണമിഹമേ വെണ്മണിക്ഷ്മാസുരേന്ദ്രൻ.

കവി : **കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.**

## 3.398 നാരായണാച്യുതഹരേതി. . . (മധുരാജ്)

വസന്തതിലകം

നാരായണാച്യുതഹരേതി സദാ ജപിച്ചാൽ
പാപം കെടും പശികെടും വ്യസനങ്ങൾ തീരും
നാവിന്നുണർച്ച വരുമേറ്റവുമന്ത്യകാലേ
ഗോവിന്ദപാദകമലങ്ങൾ തെളിഞ്ഞു കാണാം

**പൂന്താനത്തിന്റെ** ഒരു പ്രസിദ്ധശ്ലോകത്തിന്റെ ഒന്നാം വരിയിലെ വൃത്തഭംഗം **മധുരാജ്** ശരിയാക്കിയതിനുശേഷം.

## 3.399 നാരായണായനമ ജാതിവിഷ. . . (ബാലേന്ദു)

വസന്തതിലകം

നാരായണായനമ ജാതിവിഷദ്രുമത്തിൻ
നാരായവേരു പിഴുതോരു മഹാനുഭാവ
നേരായ ധർമ്മമിതരന്നുടെ ജാതിയേതെ-
ന്നാരായലല്ല; ഭവദീയമതം വരേണ്യം.

കവി : ബാലേന്ദു. ശ്രീ നാരായണഗുരുവിനെപ്പറ്റി.

## 3.400 നീതാഃ കിം പൃഥുമോദകാ. . . (കർത്താ)[80]

ശാർദ്ദൂലവിക്രീഡിതം

നീതാഃ കിം പൃഥുമോദകാ ന ദിവസാ നാഘ്രാതമമ്മാമ്പഴം
കിന്നോന്മീലിതചാരുജീരകരസാസ്സോഢാശ്ച പാകാനിലാഃ
സീൽക്കാരഃ കടുകും വറത്തു കറിയിൽക്കൂട്ടുന്ന നേരം ശ്രുതോ;
നിർവ്യാജം വിരുണേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?

കവി : തോലൻ, കൃതി : *മന്ത്രാങ്കം (വിദൂഷകവാക്യം)*

---

[80] [*കർത്താ*] ശ്ലോകം **3.400 :** *നാഗാനന്ദ*ത്തിലെ

നീതാഃ കിം ന നിശാശ്ശശാങ്കരുചയോ നാഘ്രാതമിന്ദീവരം
കിന്നോന്മീലിതമാലതീസുരഭയസ്സോഢാഃ പ്രദോഷാനിലാഃ
ഝങ്കാരഃ കമലാകരേ മധുലിഹാം കിം വാ മയാ ന ശ്രുതോ
നിർവ്യാജം വിധുരേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?

എന്ന നായകവാക്യത്തിന്റെ ഹാസ്യാനുകരണം.

## 3.401 സ്വത്തിന്നാർത്തി പെരുത്തതാം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സ്വത്തിന്നാർത്തി പെരുത്തതാം, കൊടിയതാം ശസ്ത്രങ്ങളാർജ്ജിപ്പതാം,
ചിത്താവേശമടക്കുവാൻ ഹനനവും സംഭോഗവും ചെയ്‌വതാം,
ക്ഷുത്തില്ലാതെ ഭുജിപ്പതാം, തനയർ തൻ സമ്പാദ്യമിച്ഛിപ്പതാം,
മർത്യന്നന്യമൃഗങ്ങളെക്കവിയുമാ നിസ്തുല്യമാം വൈഭവം!

കവി : ബാലേന്ദു

## 3.402 ക്ഷുദ്രാന്നഭോഗസുലഭക്ഷുധയറ്റു. . . (കർത്താ)

വസന്തതിലകം

ക്ഷുദ്രാന്നഭോഗസുലഭക്ഷുധയറ്റു മുറ്റും
ഭദ്രാന്നഭൂതിപരനാം പരഹംസനെന്നും
ഹൃദ്ദ്രാവകം ഹിമസുധായിതസാരസച്ചി-
ന്മുദ്രാർത്ഥമൗനമധുരം പറയാവതല്ലേ.

കവി : കുമാരനാശാൻ, കൃതി : *ശിവസുരഭി*

## 3.403 ഹാ! പാപമോമൽമലരേ. . . (ബാലേന്ദു)

വസന്തതിലകം

ഹാ! പാപമോമൽമലരേ ബത നിന്റെ മേലും
ക്ഷേപിച്ചിതേ കരുണയറ്റ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്ന കപോതമെന്നും!

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

## 3.404 വെള്ളം വെണ്ണീർ വൃഷം. . . (കർത്താ)

സ്രഗ്ദ്ധര

വെള്ളം, വെണ്ണീർ, വൃഷം, വെണ്മഴ, വരകരിതോ, ലാര്യവിത്താധിപൻ തൊ–
ട്ടുള്ളോരീ നൽക്കൃഷിക്കോപ്പുകളഖിലമധീനത്തിലുണ്ടായിരിക്കെ
പള്ളിപ്പിച്ചയ്ക്കെഴുന്നള്ളരുതു പുരരിപോ! കാട്ടുവെട്ടിത്തെളിച്ചാ
വെള്ളിക്കുന്നിൽകൃഷിച്ചെയ്യുക, പണിവതിനും ഭൂതസാർത്ഥം സമൃദ്ധം!

കവി : ശീവൊള്ളി

## 3.405 പള്ളിക്കൈവില്ലു പൊൻകുന്ന്. . . (ഉമേഷ്)

സ്രഗ്ദ്ധര

പള്ളിക്കൈവില്ലു പൊൻകു, ന്നലർമകൾപതിയാമമ്പു, തോഴൻ ധനേശൻ,
വെള്ളിക്കുന്നായ വീ, ടിപ്പെരുമകൾ കലരും പോറ്റി തൻ കെട്ടിലമ്മേ!
കൊള്ളിച്ചാലെന്തു തൃക്കണ്ണടിയനി, ലവിടേയ്ക്കിഷ്ടയാം ദാസിയായ് പാർ–
പ്പുള്ളിശ്രീദേവി പോന്നെൻ പുരയിലധിവസിക്കേണ്ടി വന്നേക്കുമെന്നോ?

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

## 3.406 കീർത്ത്യാ പാരേഴരണ്ടും. . . (ബാലേന്ദു)

സ്രശ്ധര

കീർത്ത്യാ പാരേഴരണ്ടും, കരിയുടെ പൊടിയാൽ പല്ലു മുപ്പത്തിരണ്ടും,
വൃത്ത്യാ വീടിന്റെ ളണം ചുവരു, മഥ വെളുത്തേടനെക്കൊണ്ടു മുണ്ടും,
നിത്യം ഭസ്മേന നെറ്റിത്തടമപിച നഖം നാപിതൻ കത്തികൊണ്ടും
സത്യം പാരം വെളുപ്പിച്ചിയലിനൊരു മജിസ്ട്രേട്ടു പാലിച്ചിടട്ടേ.

കവി : **മുൻഷി രാമക്കുറുപ്പ്**, കൃതി : *ചക്കീചങ്കരം*

## 3.407 നേദിച്ചു നിന്റെ. . . (മധുരാജ്)

സ്രശ്ധര

നേദിച്ചൂ നിന്റെ മുന്നിൽഗ്ഗുരുപവനപുരാധീശ പട്ടേരി കട്ടി-
ക്കാവ്യത്തുവെണ്ണ, വെള്ളോട്ടുരുളിയിൽ നിറയെപ്പാന പൂന്താനവും തേ;
വാടീടാബ്ഭക്തിയാൽ മഞ്ജുള മധുരതരം മാലയും ചാർത്തി, ഞാനെ-
ന്തേകാനായ്? വാസനാപൂരിതമൊരു കളഭക്കിണ്ണ, മിന്നെന്മനസ്സോ?

കവി : **പി. പി. കെ. പൊതുവാൾ**, കൃതി : *കിളിയുടെ നാവ്*

## 3.408 വെള്ളം മുമ്പു കുടിപ്പതിന്നു. . . (ഉമേഷ്)[81]

ശാർദ്ദൂലവിക്രീഡിതം

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നിങ്ങൾക്കു നൽകാതെയാർ,
നുള്ളാറില്ലണിവാൻ കൊതിക്കുകിലുമാരൻപാൽ ഭവത്പല്ലവം,
നല്ലോരുത്സവമാർക്കു നിങ്ങടെ കടിഞ്ഞൂൽപ്പൂപ്പിറ, പ്പേകുകി-
ങ്ങെല്ലാരും വിട, യശ്ശകുന്തളയിതാ പോകുന്നു കാന്താലയേ.

കവി : **വള്ളത്തോൾ/കാളിദാസൻ**, കൃതി : *അഭിജ്ഞാനശാകുന്തളം തർജ്ജമ*

## 3.409 നേത്രം രണ്ടുമടച്ചും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേത്രം രണ്ടുമടച്ചു, മഞ്ജലിപുടം മൂർദ്ധാവിൽ വച്ചും ബലാൽ,
ഗാത്രം തെല്ലു ചലിച്ചിടാതെയൊരു കാൽ മാത്രം നിലത്തൂന്നിയും,
ഗോത്രാധീശസുധാവരാംഘ്രികമലം ഹൃത്താരിലോർത്തും, മഹാൻ
ഗോത്രാധീശനമർന്നിടുന്നു വല്വതാം കുറ്റിക്കുതുല്യം സദാ.

കവി : **കൊട്ടാരത്തിൽ ശങ്കുണ്ണി**, കൃതി : *ഗംഗാവതരണം*

## 3.410 ഗൗരിക്കാശ്രയമേകി, യൊത്ത ചുടല. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഗൗരിക്കാശ്രയമേകി, യൊത്ത ചുടലക്കാടാക്കി വാണോരിടം
പാരം ഭീതിദകാളികൂളിനികരം കൂട്ടാക്കി കൂത്താടുവാൻ,
താരൊത്തുള്ളുടൽ ചാമ്പലാക്കിയൊളിയമ്പൊന്നിൻ പ്രയോഗത്തിനാൽ,
മാരാരേ തവ കേളി കേട്ട കഥ കേട്ടാലാർത്തമാകും മനം!

കവി : **ബാലേന്ദു**, കൃതി : *നേതാവുവിക്രീഡിതം*

---

[81] [*ഉമേഷ്*] **ശ്ലോകം 3.408 :** മൂലശ്ലോകം (**കാളിദാസൻ**) :

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

## 3.411 തതോ മദപരിപ്ലവ. . . (മധുരാജ്)[82]

പൃഥ്വി

തതോ മദപരിപ്ലവപ്ലവഗവീരസാമ്രാവിണ–
ക്ഷണക്ഷുഭിതകോണപപ്രഹരപാണികോണാഹതഃ
രവൈരധികഭൈരവൈരുപരുരോധ രോദോന്തരം
തരംഗിതഘനാഘനസ്തനിതബന്ധുഭിർദുന്ദുഭിഃ

കവി : **ലക്ഷ്മണ പണ്ഡിതർ**, കൃതി : *ചമ്പൂരാമായണം*

## 3.412 രവിശശിഗഗനാനിലാനലാംഭഃ. . . (കർത്താ)

പുഷ്പിതാഗ്ര

രവിശശിഗഗനാനിലാനലാംഭഃ–
ക്ഷിതിപുരുഷാഷ്ടകമിത്യസി ത്വമേകഃ
ജഗതി വിമൃശതാം ന വിദ്യതേന്യൽ
കിമപി വിഭോ! പരമാത്മനേ നമസ്തേ.

കവി : **താഴൂൺ പരമേശ്വര ഭട്ടതിരി**, കൃതി : *സാഹസ്രിക*

## 3.413 ജാതീ, ജാതാനുകമ്പാ ഭവ. . . (ഉമേഷ്)

സ്രഗ്ദ്ധര

ജാതീ, ജാതാനുകമ്പാ ഭവ, ശരണമയേ! മല്ലികേ, കുപ്പുകൈ തേ
കൈതേ, കൈതേരി മാക്കം കബരിയിലണിവാൻ കയ്യുയർത്തും ദശായാം
ഏതാ, നേതാൻ മദീയാനലർശരപരിതാപോദയാ, നാശു നീ താൻ
നീ താൻ, നീ താനുണർത്തീടുക ചടുലകയൽക്കണ്ണി തൻ കർണ്ണമൂലേ!

**കേരളവർമ്മ പഴശ്ശിരാജാ** തന്റെ ഭാര്യയായ **കൈതേരി മാക്കത്തിനെ** ഉദ്ദേശിച്ചെഴുതിയ പ്രണയശ്ലോകം.

## 3.414 എങ്ങോട്ടാണീ പ്രയാണം. . . (ബാലേന്ദു)

സ്രഗ്ദ്ധര

"എങ്ങോട്ടാണീ പ്രയാണം?","രഘുകുലതിലകം രാമനുണ്ടായ ദേശം";
"എങ്ങാ ടിക്കറ്റു കാട്ടൂ" "നിജമതു പറയാം; വാങ്ങിയില്ലേതുമേ ഞാൻ";
"എന്നാൽ ഫൈനിങ്ങെടുക്കൂ","തുകയൊരു ചെറുതും കയ്യിലില്ലാത്തവൻ ഞാൻ";
"എങ്കിൽപ്പോന്നോളു വാഴാം യദുകുലതിലകം കൃഷ്ണനെപ്പെറ്റ ദിക്കിൽ".

## 3.415 എവിടെ മരുവിടുന്നൂ. . . (മധുരാജ്)[83]

മാലിനി

എവിടെ മരുവിടുന്നൂ യോഗവിത്താം മുകുന്ദൻ

---

[82] *[മധുരാജ്]* **ശ്ലോകം 3.411 :** **ഭോജരാജാവും ലക്ഷ്മണപണ്ഡിതരും** ചേർന്നെഴുതിയ *ചമ്പൂരാമായണ*ത്തിൽ നിന്ന്. ഭൂരിഭാഗവും എഴുതിയതു **ഭോജരാജനാണ്**. പൂർത്തിയാകുന്നതിനുമുമ്പു അദ്ദേഹം മരിച്ചുപോയി. പിന്നീടു **ലക്ഷ്മണപണ്ഡിതർ** ഈ ഗ്രന്ഥം പൂർത്തിയാക്കി. ഈ ശ്ലോകം **ലക്ഷ്മണ പണ്ഡിതർ** എഴുതിയ യുദ്ധകാണ്ഡത്തിൽ നിന്നുള്ളതാണ്. യോജിച്ച പദങ്ങൾ ഉപയോഗിച്ച് ഒരു യുദ്ധത്തിന്റെ അന്തരീക്ഷം ഇതിൽ ഉണ്ടാക്കിയിരിക്കുന്നു.

**അന്വയം:** തതഃ മദപരിപ്ലവ പ്ലവഗവീര സാമ്രാവിണ ക്ഷണ ക്ഷുഭിത കോണപ പ്രഹര പാണികോണാഹതഃ ദുന്ദുഭിഃ തരംഗിതഘനാഘനസ്തനിതബന്ധുഭിഃ അധികഭൈരവൈഃ രവൈഃ രോദോന്തരം ഉപരുരോധ.

[83] *[മധുരാജ്]* **ശ്ലോകം 3.415 :** ഭഗവദ്ഗീതയിലെ

യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർത്ഥോ ധനുർദ്ധരഃ
തത്ര ശ്രീർവിജയോ ഭൂതിർ ധ്രുവോ നീതിർമതിർമമ

എന്ന ശ്ലോകത്തിന്റെ ഛായ.

സുവിദിത നിജ കർമ്മവ്യഗ്രനായ് സവ്യസാചി
അവിടെ സതതമുണ്ടാം ശ്രീ, ജയം, നീതി, ധർമ്മം
ധ്രുവമവികലമാകും ഭൂതിയും - ഗീത ചൊൽവൂ

## 3.416 അയല കനലടുപ്പിൽച്ചുട്ടതും. . . (ബാലേന്ദു)

മാലിനി

അയല കനലടുപ്പിൽച്ചുട്ടതും തേങ്ങയുള്ളീ-
മുളവിനു മുളകുപ്പും ചേർത്ത കപ്പപ്പുഴുക്കും
ഇലയിൽ നടുവിൽ വച്ചിട്ടൊത്തുനാം തിന്നതോർത്താൽ
കൊതി ഹൃദി പെരുകുന്നപ്പോയകാലത്തിലെത്താൻ.

## 3.417 ഇള്ളക്കിടാവിളകി. . . (കർത്താ)

വസന്തതിലകം

ഇള്ളക്കിടാവിളകി; കണ്ണിനപറ്റി; നോവോ
പിള്ളയ്ക്കു തട്ടി; യൊരുമുക്കിനിയത്രയായി;
വെള്ളം തളിപ്പതിനൊരുക്കുക, യെന്നകായി-
ലുള്ളപരിഭ്രമ വചസ്സുകൾ കേട്ടു വിപ്രൻ.

കവി : **നടുവത്ത് മഹൻ നമ്പൂതിരി**, കൃതി : *സന്താനഗോപാലം*

## 3.418 വൻ നർമ്മദാനദിയെയും. . . (ഉമേഷ്)

വസന്തതിലകം

വൻ നർമ്മദാനദിയെയും വഴിമേൽത്തടഞ്ഞ
മന്നന്റെ വീര്യ, മവളോതിയറിഞ്ഞൊരാഴി
തന്നന്തികത്തിലവനെസ്സകലം വധിച്ചു
വന്നപ്പൊഴബ്ഭൃഗുസുതന്നിതു കാഴ്ചവച്ചു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.419 തിങ്ങിപ്പൊങ്ങും തമസ്സിൽ. . . (കർത്താ)

സ്രശ്ധര

തിങ്ങിപ്പൊങ്ങും തമസ്സിൽക്കടലിലൊരു കുടം പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീ മുഴുക്കെ; ക്കുളിരിളകുമിളം കാറ്റു താനേ നിലച്ചു;
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പകർപ്പെന്ന മട്ടുന്ന മൗനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരുന്നീടിനാനാടലോടേ.

കവി : **വി. സി. ബാലകൃഷ്ണപ്പണിക്കർ**, കൃതി : *ഒരു വിലാപം*

## 3.420 മയ്യഞ്ചും തിരുമെയ്യു ചെന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മയ്യഞ്ചും തിരുമെയ്യു ചെന്നു തടവും, നക്കും പദാബ്ജങ്ങൾ ഞാൻ,
പയ്യാറ്റും മമ യാമുനോദകവുമാ വൃന്ദാവനപ്പുൽകളും,
നിയ്യൂതും മുരളീരവം നുകരുമെന്നായർക്കിടാവേ, വെറും
പയ്യായാൽ മതിയായിരുന്നു തിരുവമ്പാടിക്കകത്തന്നു ഞാൻ.

കവി : **വി.കെ.ജി**

## 3.421 നാഭീപത്മേ നിഖിലഭുവനം. . . (കർത്താ)

മന്ദാക്രാന്ത

നാഭീപത്മേ നിഖിലഭുവനം ഞാറുപെയ്താത്മയോനിം
നാഗേന്ദ്രന്മേൽബ്ബത! മതുമതപ്പള്ളികൊള്ളും പിരാനെ
നാഗാരാതിദ്ധ്വജനെ നവരം മുമ്പിൽ നീ കുമ്പിടേണ്ടും
നാൽവേതത്തിൻ പരമപൊരുളാം നമ്മുടേ തമ്പിരാനെ.

കൃതി : *ഉണ്ണുനീലിസന്ദേശം*

## 3.422 നിൻവർഷത്താലുയരുമുലകിൻ. . . (ബാലേന്ദു)[84]

മന്ദാക്രാന്ത

നിൻവർഷത്താലുയരുമുലകിൻ രമ്യമാം ഗന്ധമേറ്റും
മന്ദം നാസാധ്വനിതമുണരും ദന്തിതൻ ഘ്രാണമേറ്റും
അത്തിക്കേകിപ്പലവുമലരും കാട്ടിലാശ്ശീതവാതം
വീശും നീയങ്ങണയുമളവിൽ ദേവശൈലത്തിൽ മെല്ലെ.

കവി : , കൃതി : *മേഘസന്ദേശം തർജ്ജമ (1:42)*

## 3.423 ആരായുകിൽ തിരകൾ. . . (ഗോപകുമാർ)

മത്തേഭം

ആരായുകിൽ തിരകൾ നീരായിടുന്നു, ഫണി നാരായിടുന്നു, കടവും
പാരായിടു, ന്നതിനു നേരായിടുന്നുലകമോരായ്കിലുണ്ണഖിലവും
വേരായ നിൻ കഴലിലാരാധനം തരണമാരാലിതിന്നൊരു വരം
നേരായി വന്നിടുക വേറാരുമില്ല ഗതി ഹേ രാജയോഗജനനി!

കവി : **ശ്രീ നാരായണ ഗുരു**

## 3.424 വമ്പന്മാരുടെ ഭാഷണം. . . (ബാലേന്ദു)[85]

ശാർദ്ദൂലവിക്രീഡിതം

വമ്പന്മാരുടെ ഭാഷണം, സിനിസമൂഹത്തിന്നഹോ പോഷണം,
ഷാമ്പൂ സോപ്പു വിശേഷണം, പലതരം തട്ടിപ്പു സംഘോഷണം,
എമ്പാടും കഥ മോഷണം, കഥയെഴാതുള്ളോരു സംഭാഷണം,
അമ്പേ കണ്ണിനു ദൂഷണം - ടെലവിഷൻ തൻ മൂഢ സംപ്രേഷണം!

കവി : **ബാലേന്ദു**

---

[84] [*ഉമേഷ്*] **ശ്ലോകം 3.422 :** മൂലശ്ലോകം (കാളിദാസൻ) :

ത്വന്നിഷ്യന്ദോച്ഛ്വസിതവസുധാഗന്ധസമ്പർക്കരമ്യഃ
സ്രോതോ രന്ധ്രധ്വനിതസുഭഗം ദന്തിഭിഃ പീയമാനഃ
നീചൈർവാസ്യത്യുപജിഗമിഷോർദ്ദേവപൂർവ്വം ഗിരിം തേ
ശീതോ വയുഃ പരിണമയിതാ കാനനോദ്ദുംബരാണാം.

[85] [*ബാലേന്ദു*] **ശ്ലോകം 3.424 :** പൂന്താനത്തിന്റെ

അമ്പാടിക്കൊരു ഭൂഷണം, രിപുസമൂഹത്തിന്നഹോ ഭീഷണം,
പൈമ്പാൽ വെണ്ണ തയിർക്കു മോഷണ, മതിക്രൂരാത്മനാം പേഷണം,
വൻപാപത്തിനു ശോഷണം, വനിതമാർക്കനന്ദസംപോഷണം,
നിൻപാദം മതി ഭൂഷണം - ഹരതുമേ മഞ്ജീരസങ്ഘോഷണം

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

## 3.425 ഏലസ്സും മണിയും ചിലമ്പു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

ഏലസ്സും മണിയും ചിലമ്പു തളയും കോലാഹലത്തോടെയ-
മ്മേളത്തിൽ കളിയും ചിരിച്ച മുഖവും തൃക്കൈകളിൽ താളവും
കാലിക്കാൽപൊടിയും കളായനിറവും കാരുണ്യവായ്പും തഥാ
ബാലൻ കൃഷ്ണനടുത്തുവന്നൊരു ദിനം കണ്ടാവു കൺകൊണ്ടു ഞാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

## 3.426 കുകീ കോഴി വനാന്തരേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കുകീ കോഴി വനാന്തരേ വിറകുമായ് നിന്നോരു രാവേ തഥാ
കുകീ കോകിലവാണിമാർ കുചതടേ മേവീടുമാ രാവിലും;
കുകം കോഴികൾ തമ്മിലുള്ള സുകൃതം ചെമ്മേ പറഞ്ഞീടുവാ-
നാകുന്നീല; ചരാചരങ്ങളിലുമുണ്ടത്യന്തഗത്യന്തരം.

കവി : **പൂന്താനം**, കൃതി : *ഭാഷാകർണ്ണാമൃതം*

## 3.427 കന്ദർപ്പപ്പട തീർന്നവാറവൾ. . . (ബാലേന്ദു)[86]

ശാർദ്ദൂലവിക്രീഡിതം

കന്ദർപ്പപ്പട തീർന്നവാറവൾ ഉണച്ചോർക്കേകി സമ്മാനമായ്
മുന്നം വസ്ത്രമരയ്ക്ക, മാല മുലകൾ, ക്കാതിനോ കുണ്ഡലം,
പിന്നെച്ചുണ്ടിനു വെറ്റിലച്ചുരുൾ പരം, കൈ രണ്ടിനും കങ്കണം,
പിന്നിൽത്തൂങ്ങിയുലഞ്ഞ വാർകുഴലിനോ ചേരും വിധം ബന്ധനം.

കവി : **കുഞ്ഞിക്കുട്ടൻ തമ്പുരാൻ**, കൃതി : (തർജ്ജമ)

## 3.428 പീലി ചിന്നി വിരിയുന്ന. . . (കർത്താ)

കുസുമമഞ്ജരി

പീലി ചിന്നി വിരിയുന്ന വേണിയിൽ മറഞ്ഞ കോമളമുഖാബ്ജമാ-
ലോലഹാരനവഹേമസൂത്ര വനമാലികാമകരകുണ്ഡലം
ഫാലബാലമതിമേലണിഞ്ഞ കമനീയഘർമ്മകണികാങ്കുരം
കോലമഞ്ചിതരഥം ഗതം ജയതി ജൈഷ്ണവം കിമപി വൈഷ്ണവം.

കവി : **പൂന്താനം**, കൃതി : *പാർത്ഥസാരഥീ സ്തവം*

## 3.429 ഫുല്ലാബ്ജത്തിനു രമ്യതക്കു. . . (വിശ്വപ്രഭ)[87]

ശാർദ്ദൂലവിക്രീഡിതം

ഫുല്ലാബ്ജത്തിനു രമ്യതക്കു കുറവോ പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും?
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും ഭൂയിഷ്ഠശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ/കാളിദാസൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.430 മുറ്റും സൗഖ്യമിയന്നിടുന്നൊരു രസം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മുറ്റും സൗഖ്യമിയന്നിടുന്നൊരു രസം കണ്ടെത്തിനേനന്നു ഞാൻ
അത്യാനന്ദമിയന്നതിമ്പടി ഗൃഹേ ചെയ്യുന്നൊരുമ്പെട്ടതും
മുറ്റത്തെത്തി വഴക്കടിച്ചൊരു മഹാമാലാഖ സാത്താനുമായ്
'കഷ്ടം പാപമിതെ'ന്നൊരാ, ലിതരനോ ചൊന്നാൻ 'പവിത്രം' പരം.

കവി : **ബാലേന്ദു / ഖലിൽ ജിബ്രാൻ**

## 3.431 മേദസ്സറ്റു മെലിഞ്ഞു കുക്ഷി. . . (ഉമേഷ്)[88]

ശാർദ്ദൂലവിക്രീഡിതം

മേദസ്സറ്റു മെലിഞ്ഞു കുക്ഷി ലഘുവായ് ദേഹം വിഹാരക്ഷമം
ഭേദപ്പെട്ടു മൃഗങ്ങൾ തൻ പ്രകൃതിയും കാണാം ഭയക്രോധയോഃ
കോദണ്ഡിക്കിളകുന്ന ലാക്കിലിഷുവെയ്ക്കേൽപ്പിപ്പതും ശ്രൈഷ്ഠ്യമാം
വാദം വേട്ടയസാധുവെന്നതു മൃഷാ, മറ്റെന്തിലുള്ളീ രസം?

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ / കാളിദാസൻ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.432 കൊമ്പൻ പോയവഴിക്കു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കൊമ്പൻ പോയവഴിക്കു മോഴ തിരിയാ, മപ്പങ്ങൾ കട്ടുണ്ണുവോ-
രെമ്പ്രാനമ്പലവാസികൾക്കുമുഴവൻ കക്കാൻ തരം വച്ചിടും,

---

[86] [*ഉമേഷ്*] ശ്ലോകം **3.427 :** മൂലശ്ലോകം :

ശാന്തേ മന്മഥസങ്ഗരേ രണകൃതാം സത്ക്കാരമാതന്വതീ :-
വാസോ ∫ ദാജ്ജഘനസ്യ, പീനകുചയോർഹാരം, ശ്രുതേഃ കുണ്ഡലം,
ബിംബോഷ്ഠസ്യ തു വീടികാം, ശ്രമവതോർബാഹോശ്ചലത്കങ്കണം,
പശ്ചാല്ലംബിനി കേശപാശനിചയേ യുക്തോ ഹി ബന്ധഃ കൃതഃ

[87] [*ഉമേഷ്*] ശ്ലോകം **3.429 :** മൂലശ്ലോകം (കാളിദാസൻ) :

സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം.

[88] [*ഉമേഷ്*] ശ്ലോകം **3.431 :** മൂലശ്ലോകം (കാളിദാസൻ) :

മേദച്ഛേദകൃശോദരം ലഘു ഭവത്യുത്ഥാനയോഗ്യം വപുഃ
സത്ത്വാനാമപി ലക്ഷ്യതേ വികൃതിമച്ചിത്തം ഭയക്രോധയോഃ
ഉത്കർഷഃ സ ച ധന്വിനാം യദിഷവഃ സിദ്ധ്യന്തി ലക്ഷ്യേ ചലേ
മിഥ്യാ ഹി വ്യസനം വദന്തി മൃഗയാമീദൃഗ്വിനോദഃ കുതഃ?

അമ്പത്തൊന്നു പിഴയ്ക്കു ശിഷ്യനൊരു തെറ്റാശാൻ വരുത്തുമ്പൊഴേ,-
യ്ക്കമ്പോ! കൈപ്പിഴയാൽ ഗ്രഹപ്പിഴ, ഭരിക്കുന്നോർ ധരിച്ചീടണം.

കവി : **വി. എ. കേശവൻ നമ്പൂതിരി**

## 3.433 അംഭോരാശികുടുംബിനീതിലകമേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അംഭോരാശികുടുംബിനീതിലകമേ! നൽച്ചാലിയാറേ! തൊഴാം
അമ്പെന്നെപ്രതി കൈവരേണമതിനായ് നിൻ കാല്ക്കു സംപ്രാർത്ഥയേ
തേനോലും മൊഴി! തന്വി! സമ്പ്രതി മണിപ്പോതം കടപ്പോളവും
ഗംഭീരാരവമോളവും ചുഴികളും കാറ്റും കുറച്ചീറ്റണം.

കവി : *ചേലപ്പറമ്പു നമ്പൂതിരി*

## 3.434 തേടിത്തേടി നടന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തേടിത്തേടി നടന്നു കാലടി കഴയ്ക്കട്ടേ, ഭവത്കീർത്തനം
പാടിപ്പാടി വരണ്ടുണങ്ങുകിലുണങ്ങീടട്ടെ ജിഹ്വാഞ്ചലം
കൂടെക്കൂടെ നടത്തുമർച്ചന തളർത്തീടട്ടെ കൈ രണ്ടു, മി-
ക്കൂടാത്മാവു വെടിഞ്ഞിടും വരെ ഹരേ! നിന്നെ സ്മരിച്ചാവു ഞാൻ!

കവി : **വി. കെ. ജി.**

## 3.435 കാമാരിയായ ഭഗവാനുടെ. . . (ഋഷി)

വസന്തതിലകം

കാമാരിയായ ഭഗവാനുടെ പാതി ദേഹം
രോമാളിയാകുമതിരിട്ടു പകുത്തെടുത്തു
ആമോദമോടതുളുമദ്രികുമാരികേ! നിൻ
പൂമേനി തൻ പുതുമയെന്തു പുകഴ്ത്തിടേണ്ടൂ?

കവി : **വെണ്മണി അച്ഛൻ**

## 3.436 ആഴക്കുവറ്റടിയിൽ. . . (ബാലേന്ദു)

വസന്തതിലകം

ആഴക്കുവറ്റടിയിലുള്ളതു കിട്ടുവാനാ-
യേഴെട്ടിടങ്ങഴി ജലം വെറുതേ കുടിച്ചു
കോഴപ്പഴാധരിയെയൊന്നു പുണർന്നു പോരാൻ
തോഴീജനത്തെ വെറുതേ തഴുകേണ്ടി വന്നു.

കവി : **ഒറവങ്കര**

## 3.437 ക്രുദ്ധാമുവാച ഗിരിശോ. . . (ഉമേഷ്)

വസന്തതിലകം

ക്രുദ്ധാമുവാച ഗിരിശോ ഗിരിരാജകന്യാം:
"മഹ്യം പ്രസീദ ദയിതേ, ത്യജ വൈപരീത്യം;
നോ ചേദ് ഭവിഷ്യതി ജഗത്യധുനൈവ വാർത്താ
***ഭസ്മീചകാര ഗിരിശം കില ചിത്തജന്മാ***"

കവി : **വൈക്കത്തു പാച്ചുമൂത്തത്** (സമസ്യാപൂരണം)

## 3.438 നിൻപത്തുതന്നെ നിരുപിക്കിൽ. . . (ബാലേന്ദു)

വസന്തതിലകം

നിൻപത്തുതന്നെ നിരുപിക്കിലെനിക്കു സർവ്വ-
സമ്പത്തുമെന്നുകരുതിസ്സതതം ഭജിച്ചു
വെമ്പിത്തളർന്നവരുമീയഗതിക്കു നിന്റെ-
യൻപെത്തിടായ്കിലിനിയാരൊരു ബന്ധുവുള്ളൂ?

കവി : **കുമാരനാശാൻ**

## 3.439 വാരാശി, തന്നൊടുവിലെശ്ശിശു. . . (ഉമേഷ്)

വസന്തതിലകം

വാരാശി, തന്നൊടുവിലെശ്ശിശു കേരളത്തെ
നേരായ് പുലർത്തിടണമെന്നു കരാറു വാങ്ങി
ധാരാളമംബുവരുളുന്നതുകൊണ്ടു മേന്മേൽ
ധാരാധരങ്ങളിതിൽ മാരി പൊഴിച്ചിടുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.440 ധാരാളമാണു മരണം. . . (ബാലേന്ദു)

വസന്തതിലകം

ധാരാളമാണു മരണം രണഭൂവിലെല്ലാ-
പ്പോരാളിമാർക്കുമിതു കാംക്ഷിതമെന്നിരിക്കേ
വീരാഗ്ര്യ, പുത്രമൃതിയെക്കരുവാക്കിവെച്ചി-
ട്ടാരാൽച്ചതിക്കുവതു പൗരുഷമാകുമെന്നോ?

## 3.441 വരമൊഴിയുടെ മേന്മ. . . (ഉമേഷ്)[89]

പുഷ്പിതാഗ്ര

വരമൊഴിയുടെ മേന്മ നമ്മളെല്ലാ-
വരുമറിയും, സിബുവെന്തറിഞ്ഞു പാവം!
മരുമകനറിയും മകൾക്കു വായ്ക്കും
സുരതപടുത്വ, മതച്ഛനെന്തറിഞ്ഞു?

കവി : **ഉമേഷ് നായർ**

## 3.442 മതിമേൽ മൃഗതൃഷ്ണപോൽ. . . (കർത്താ)

വിയോഗിനി

മതിമേൽ മൃഗതൃഷ്ണപോൽ ജഗൽ-
സ്ഥിതിയെന്നും, സ്ഥിരമായ ശാന്തിയെ
ഗതിയെന്നുമലിഞ്ഞു ബുദ്ധിയിൽ-
പ്പതിയും മട്ടരുൾ ചെയ്തു മാമുനി

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

---

[89] **[*ഉമേഷ്*] ശ്ലോകം 3.441 :** കമ്പ്യൂട്ടറിൽ മലയാളം ടൈപ്പു ചെയ്യാനുള്ള സോഫ്റ്റ്‌വെയറായ **വരമൊഴി** ഉണ്ടാക്കിയ **സിബുവിനെ**ക്കുറിച്ച്.

കവിതാരസചാതുര്യം വ്യാഖ്യാതാ വേത്തി നോ കവിഃ
സുതാസുരതസാമർത്ഥ്യം ജാമാതാ വേത്തി നോ പിതാ

എന്ന ശ്ലോകത്തിന്റെ ഛായ.

## 3.443 ഗണിക്കുമായുസ്സു. . . (ഉമേഷ്)[90]

വംശസ്ഥം

ഗണിക്കുമായുസ്സു സുദീർഘമെന്നു താൻ
ഗ്രഹങ്ങൾ നോക്കിഗ്ഗണകൻ, ഭിഷഗ്വരൻ
മരുന്നിനാൽ നീട്ടിട്ടു, മൊറ്റ മാത്രയിൽ
ഹരിച്ചിടുന്നൂ വിധി രണ്ടുപേരെയും.

കവി : **ഉമേഷ് നായർ / ഏ. ആർ. രാജരാജവർമ്മ**

## 3.444 മലർശരജയവൈജയന്തി. . . (ബാലേന്ദു)

പുഷ്പിതാഗ്ര

മലർശരജയവൈജയന്തി, മഞ്ഞി-
ന്മലയുടെ മംഗളമഞ്ജുളക്കുരുന്നേ
മലയജമഹനീയ മന്ദഹാസാ-
മലവദനേ ജയ, മാമറക്കഴമ്പേ.

## 3.445 മിന്നും പൊന്നിൻ കിരീടം. . . (ജ്യോഷി)

സ്രഗ്ദ്ധര

മിന്നും പൊന്നിൻ കിരീടം, തരിവള, കടകം, കാഞ്ചി, പൂഞ്ചേല, മാലാ
ധന്യശ്രീവത്സ, സൽകൗസ്തുഭമിടകലരും ചാരുദോരന്തരാളം,
ശംഖം, ചക്രം, ഗദാ, പങ്കജമിതി വിലസും നാലു തൃക്കൈകളോടും
സങ്കീർണ്ണശ്യാമവർണ്ണം ഹരിവപുരമലം പൂരയേന്മംഗളം വഃ

കവി : **കുഞ്ചൻ നമ്പ്യാർ**, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.446 ശ്യാമാകാശമണിഞ്ഞിടുന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ശ്യാമാകാശമണിഞ്ഞിടുന്നു രുചിരസ്സായാഹ്ന പീതാംബരം
സീമാതീതലയാനുഭൂതിയകമേ പെയ്യുന്നു ശംഖധ്വനം
ആത്മാന്ധത്വമകന്ന ഭക്തനിവഹം ഹേ കൃഷ്ണ! നിൻവിഗ്രഹം
കാണ്മാനെത്തുകയായ്, നിരുദ്ധനിവനോ നില്പാണകന്നേകനായ്.

കവി : **യൂസഫലി കേച്ചേരി**

## 3.447 ആകല്പം മദ്ധ്യമുദ്യന്മണിഗുണനികരം. . . (ഉമേഷ്)[91]

സ്രഗ്ദ്ധര

ആകല്പം മദ്ധ്യമുദ്യന്മണിഗുണനികരം, നീലനീരന്ധ്രമേഘ-
ശ്രീ കക്കും വേണി നൽസ്രഗ്ദ്ധര, പരിചിയലും ശ്രോണിയോ പൃഥ്വി തന്നെ,
ശ്രീകണ്ഠനുകൽ പ്രഹർഷിണ്യയി ഭഗവതി, നിൻ ദൃഷ്ടി ഹാ ഹന്ത, ചിത്രം!
നൈകച്ഛന്ദോവിശേഷാകൃതിയിലമരുവോളാര്യയാണെങ്കിലും നീ!

കവി : **വള്ളത്തോൾ**, കൃതി : *ദേവീസ്തവം*

---

[90] [*ഉമേഷ്*] **ശ്ലോകം 3.443 :** ദ്രുതകവനം (ഗ-മ ശ്ലോകം). മൂലശ്ലോകം (**ഏ. ആർ. രാജരാജവർമ്മ**):

ഗണയതി ഗണകസ്സുദീർഘമായുർ–
ഗഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ
ഹരതി വിധിർമിഷിതാമഥോഭയേഷാം.

[91] ഇടയ്ക്കു തിരുകിയതു്.

## 3.448 ശ്രീ കാളമിപ്പല നിറം. . . (കർത്താ)

വസന്തതിലകം

ശ്രീ കാളമിപ്പല നിറം കളമിട്ടതെങ്കിൽ
ഭാകാരമാകെയരി വാരിയെറിഞ്ഞതെങ്കിൽ
രാകാളികോമരമൊഴിഞ്ഞ മൃഗാങ്കനെങ്കിൽ
ആകാശമല്ലിതൊരു തുള്ളിയൊഴിഞ്ഞ കാവാം.

കവി : മാപ്രാണം നാരയണപ്പിഷാരടി, കൃതി : *ഉദയാദ്ദയാന്തം*

## 3.449 രണ്ടാളുകേട്ട രസമാർന്നതു. . . (ബാലേന്ദു)

വസന്തതിലകം

രണ്ടാളുകേട്ട രസമാർന്നതു മുക്തകണ്ഠം
കൊണ്ടാടണം കൃതി രസോജ്ജ്വലമായിടേണം
പണ്ടങ്ങളാകൃതി ഗുണത്തിനു ചേർന്നിണങ്ങി–
ക്കൊണ്ടാകിലീ കവനകൗതുകമാമതെല്ലാം.

## 3.450 പീതാംബരം കരവിരാജിത. . . (ഋഷി)

വസന്തതിലകം

പീതാംബരം കരവിരാജിതശംഖചക്ര-
കൗമോദകീസരസിജം കരുണാസമുദ്രം
രാധാസഹായമതിസുന്ദരമന്ദഹാസം
വാതാലയേശമനിശം ഹൃദി ഭാവയാമി

## 3.451 രുദ്രാക്ഷവും രജതകാന്തി കലർന്ന. . . (ബാലേന്ദു)

വസന്തതിലകം

രുദ്രാക്ഷവും രജതകാന്തികലർന്ന നീറും
ഭദ്രം ധരിച്ച ഭവദാലയപാർശ്വമാർന്നു
ചിദ്രൂപ നിൻ ചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു ശയിക്കുമീ ഞാൻ?

## 3.452 ചിന്തിച്ചതില്ലിവൾ ഗുരുക്കളെ. . . (ഉമേഷ്)[92]

വസന്തതിലകം

ചിന്തിച്ചതില്ലിവൾ ഗുരുക്കളെ, യങ്ങുമൊട്ടു
ചോദിച്ചതില്ല വധൂബന്ധുജനാനുവാദം
ബോധിച്ച പോലിരുവർ നിങ്ങൾ രഹസ്യമായി-
സ്സാധിച്ച സംഗതിയിലാരൊടെവന്നു ചോദ്യം?

കവി : ഏ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ (മലയാളശാകുന്തളം)*

## 3.453 ബാലേന്ദുശേഖരഹരി. . . (ബാലേന്ദു)

വസന്തതിലകം

ബാലേന്ദുശേഖരഹരിപ്രണയപ്രസൂനം

[92] **[*ഉമേഷ്*] ശ്ലോകം 3.452 :** ഈ ശ്ലോകത്തിന്റെ മൂലം പ്രാകൃതത്തിലാണ്. (സംസ്കൃതനാടകങ്ങളിൽ സ്ത്രീകളും നീചകഥാപാത്രങ്ങളും സംസാരിക്കുന്നതു പ്രാകൃതത്തിലാണ്.) ശ്ലോകം താഴെച്ചേർക്കുന്നു:

ണാവേക്ഖിഓ ഗുരുഅണോ / ഇമ ഏ ഉ ഏ വിണ പുച്ഛിദോ ബന്ധൂഃ
ഏക്കക്കമ എവ്വ കിദേ / ഭണാമി കിം ഏക്കമേക്കസ്സ?

നീലാരവിന്ദനയനം ശ്രിതപാരിജാതം
ലീലാഭികാമ്യകരുണാമയചാരുരൂപം
കാലേ സ്മരാമി ശബരീശ്വരമിഷ്ടദേവം.

കവി : ബാലേന്ദു

## 3.454 ലളിതലളിതമാർന്നു. . . (മധുരാജ്)

അപരവക്ത്രം

ലളിതലളിതമാർന്നു യൗവനം
കലസുത, 'ലീല'- അതാണവൾക്കു പേർ
ലലനകളുടെ ഭാഗ്യയന്ത്രമാ-
നിലയിൽ മനസ്സു തിരിഞ്ഞ പോലെ പോം

കവി : കുമാരനാശാൻ, കൃതി : *ലീല*

## 3.455 ലളിതമാം കരതാരുകൾ. . . (ബാലേന്ദു)

ദ്രുതവിളംബിതം

ലളിതമാം കരതാരുകൾ, രാഗസ-
മ്മിളിതവീക്ഷണ, മുന്നതമാറിടം
തളിരുമേ തളരും തനു, പൂശര-
ക്കുളിരിതാരിവളപ്സരനാരിയോ?

കവി : കെ. വി. പി. നമ്പൂതിരി

## 3.456 തെക്കിൻ കൈലാസശൈല. . . (കർത്താ)

സ്രഗ്ദ്ധര

തെക്കിൻ കൈലാസശൈലാലയമുടയ ജഗന്നാഥ! ബാലേന്ദുമൗലേ!
തെക്കിൻ നാഥാ! മുരാരേ! നടുവിൽ വടിവെഴും ബാണതാർബാണബന്ധോ!
ചൊൽക്കൊണ്ടീടുന്ന ഭക്ത്യാ കഴലിണ പണിയുന്നെന്നെ മുന്നിൽക്കുറിക്കൊ-
ണ്ടുൽകം പാലിച്ചുകൊള്ളുന്നതു വിപദി ഭവാനോ, ഭവാനോ, ഭവാനോ?

## 3.457 ചെന്നൂലാൽപ്പുത്രനേകൻ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ചെന്നൂലാൽപ്പുത്രനേകൻ പണിവതു ഭുവനം, കേട്ടുപോക്കുന്നിതന്യൻ
വെൺനൂലാ, ലന്യനയ്യോ പുനരതു കരിനൂലാലെ കത്തിച്ചിടുന്നു;
മുന്നൂലും വേണ്ടതേകിത്തനയരുടെ ശിശുക്രീഡ കാണാനിവണ്ണം
നിന്നീടും നീ ഉണച്ചീടടിയനയി ജഗജ്ജാലമൂലായമാനേ!

കവി : കെ. കെ. രാജാ

## 3.458 മോഹത്താൽ തുനിയുന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മോഹത്താൽ തുനിയുന്ന നിങ്ങൾ, മൃദുവാമിമ്മേനിയെ? ങുഗ്രനീ
ദാഹവ്യാപൃതനെങ്ങു വഹ്നി? - യഥവാ , സത്യം പതങ്ഗങ്ങളേ!
ദേഹം നശ്വരമാർക്കു, മിങ്ങതൊരുവൻ കാത്താലിരിക്കാ, സ്ഥിര-
സ്നേഹത്തെക്കരുതി സ്വയം കഴികിൽ നൂറാവൃത്തി ചത്തീടുവിൻ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

## 3.459 ദുർഗ്ഗേ ദുർഗ്ഗതി നീക്കണേ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ദുർഗ്ഗേ ദുർഗ്ഗതി നീക്കണേ ദുരധിഗേ ദുർഗ്ഗേശമന്ദാരമേ
ഭദ്രേ ഭദ്രതയേകണേ ഭഗവതീ ഭക്തർക്കഭീഷ്ടപ്രദേ
കാളീ കാളിമ മാറ്റണേ കളകളാലാപേ കലേശാനനേ
മായേ മോഹമകറ്റണേ മധുഹരേന്ദ്രാദിസ്തുതേ നിസ്തുലേ!

കവി : ബാലേന്ദു

## 3.460 കാളിന്ദിപ്പുഴവക്കിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളിന്ദിപ്പുഴവക്കിലുണ്ടൊരരയാൽവൃക്ഷം, കണിക്കൊന്നയെ-
ക്കാളും മഞ്ജുളമായ മഞ്ഞവസനം ചാർത്തുന്നൊരാളുണ്ടതിൽ,
കാളാബ്ദാഞ്ചിതകോമളാകൃതികലാപാലംകൃതോഷ്ണീഷനാ-
ണാ, ളെൻ നിർഭരഭാഗ്യമേ, മദനഗോപാലൻ മദാലംബനം!

കവി : വി. കെ. ജി

## 3.461 കാളാംഭോദാളി ലാളിച്ചടിതൊഴും. . . (കർത്താ)

സ്രഗ്ദ്ധര

കാളാംഭോദാളി ലാളിച്ചടിതൊഴുമഴകാണ്ടുള്ള കാർകൂന്തൽ കെട്ടി-
ച്ചാലേ മൈൽപ്പീലി ചാർത്തീട്ടനഘനവമണിശ്രേണി മിന്നും കിരീടം
ലോലംബാലോലനീലാളകരുചി ചിതറിദ്ധൂളി മേളിച്ച കിഞ്ചിൽ
സ്വേദാംഭസ്സാൽ നനഞ്ഞുള്ളൊരു തൊടുകുറിയും ഹന്ത! ലോകാഭിരാമം.

കവി : ഇരയിമ്മൻ തമ്പി

## 3.462 ലാളിച്ചീടാൻ യശോദാ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ലാളിച്ചീടാൻ യശോദാകരലതികകളിൽ പിഞ്ചുകുഞ്ഞായി, ലോകം
പാലിച്ചീടാൻ കഠോരാസുരവരനികരധ്വംസിയായ്, കംസജിത്തായ്,
കേളിക്കാടാൻ വ്രജസ്ത്രീജനഹൃദയമണിപ്പൊത്തിലെത്തത്തയായും
മേളിച്ചീടുന്ന വാതാലയസുകൃതപതാകയ്ക്കിതാ കുമ്പിടുന്നേൻ.

കവി : വി. കെ. ജി.

## 3.463 കാറോടിക്കും വപുസ്സും. . . (ഉമേഷ്)

സ്രഗ്ദ്ധര

കാറോടിക്കും വപുസ്സും, രമ നിജ കുചകുംഭത്തിലെക്കുങ്കുമത്താ-
ലാറാടിപ്പോരുരസ്സും, തിറമൊട്ടു മയിലിൻ പീലി ചൂടും ശിരസ്സും,
കൂറാളും സന്മനസ്സും, നളിനപദരജസ്സും, സ്വഭക്തന്നുവേണ്ടി-
ത്തേരോടിക്കും യശസ്സും, കരുതുക മനമേ! സാർത്ഥമാം നിൻ ജനസ്സും!

കവി : വി. കെ. ജി.

### 3.464 കോലം നേർപാതിയായീ. . . (കർത്താ)[93]

സ്രഗ്ധര

കോലം നേർപാതിയായീ ബത; കുസുമശരൻ വൈരി; വെൺതിങ്കൾ ചൂടാ;-
മാലേപം ചാല വെണ്ണീ; റശനമപി വിഷപ്രായമോർക്കും ദശായാം;
ലീലാരാമം ചിതാകാനന; മനലമയം ചിത്രകം; ചിത്രമേവം
ബാലേ! മേ വന്നുകൂടി ഗിരിശത പിരളീനായികേ! നിൻവിയോഗേ.

### 3.465 ലോലംബാവലിലോഭനീയസുഷമം. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ലോലംബാവലിലോഭനീയസുഷമം ലോലം വിഹാരേ, വധൂ-
ജാലം വ്യാകുലയന്ത, മസ്സ്ടഗിരം, വ്യാലംബികാഞ്ചീഗുണം
ആലംബം ജഗതാം, മുഖാംബുജഗല്ലാലം, ഗളാന്തോല്ലളൽ-
ബാലം ത്വാം ഹരിദംബരം മമ മനോബാലം ബതാലംബതേ.

കവി : മാനവേദ രാജാ , കൃതി : *കൃഷ്ണഗീതി*

### 3.466 ആർ വന്നാൽ ഭരണത്തിൽ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആർ വന്നാൽ ഭരണത്തിലെന്തു? ജനതാസീതയ്ക്കവൾക്കേതിലും
നോവാ, ണാശരരാജനെങ്കിലപഹർത്താവായി ദണ്ഡിച്ചിടും;
വേവും പാവകശോധനയ്ക്കുപരിയും തീരാത്ത ശങ്കാവശാൽ
പോവാൻ കൽപ്പനയേകിടും പുനർവനേ, രാമൻ ഭരിച്ചീടുകിൽ!

കവി : ബാലേന്ദു

### 3.467 വാണീലാ വരവർണ്ണിനീ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാണീലാ വരവർണ്ണിനീമണികൾ തൻ വാർകുന്തളത്തിൽ സുഖം,
വീണീലാ വിധിപോലെ ചെന്നു ഭഗവത്പാദാരവിന്ദങ്ങളിൽ,
ക്ഷോണീധൂസരധൂളി പറ്റിയൊളിയും മങ്ങിക്കിടക്കുന്നതി-
ന്നാണീ ശ്രേഷ്ഠകുലേ ജനിച്ചതു ഭവാനെന്നോ നറും പുഷ്പമേ?

കവി : വള്ളത്തോൾ

### 3.468 ക്ഷോണീതലത്തിലൊരു. . . (ബാലേന്ദു)

വസന്തതിലകം

ക്ഷോണീതലത്തിലൊരു കാലടിവയ്ക്കുവാനായ്
വാനോർ കൊതിച്ചളവു കാത്തൊരു ചക്രവർത്തി
പ്രഹ്ലാദപൗത്രനരിയോരു വരം കൊടുത്തോൻ
ആഹ്ലാദപൂർവ്വമടിയന്നു ശുഭം തരട്ടെ!

കവി : ബാലേന്ദു

### 3.469 പ്രാണാധിഭർത്ത്രി, കരയായ്ക. . . (ഉമേഷ്)

വസന്തതിലകം

പ്രാണാധിഭർത്ത്രി, കരയാ, യ്കരിമുക്തനാനാ-

[93] ഇടയ്ക്കു തിരുകിയതു്.

ബാണാളി താങ്ങുവതിനീയൊരു നെഞ്ചു പോരും;
ബാണാത്മജാനയനനീരൊരു തുള്ളി പോലും
വീണാൽ സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ!

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

## 3.470 ബുക്കും വായനയും മറന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ബുക്കും വായനയും മറന്നു സിനിമാഗാനം നുകർന്നീടുവാ-
നൊക്കുമ്പോളുളവാം രസസ്രുതി നുണച്ചുംകൊണ്ടിരുന്നീടവേ,
ആർക്കും വേണ്ട പരീക്ഷയെന്ന പരമാദർശം, ജയിയ്ക്കുന്നതി-
ന്നുക്കുണ്ടാവതിലില്ലൊരത്ഭുത, മിതാണിന്നത്തെ വിദ്യാഗതി.

കവി : **ടി. പ്രഭാകരൻ നായർ**

## 3.471 ആനന്ദാസ്പദമായ നിന്നനുപമാ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആനന്ദാസ്പദമായ നിന്നനുപമാരാമത്തിലേയ്ക്കാർത്തനാം
ഞാനും കൂടി വരട്ടയോ മരണമേ? നീറുന്നു ഹാ! മന്മനം;
ഗാനം വേണ്ട ജഗത്തിനാത്മസുഖസംപ്രാപ്തിക്കു, പൊൻനാണയ-
സ്വാനം പോരു, മെനിക്കതിന്നു കഴിവി, ല്ലാവശ്യമില്ലിങ്ങു ഞാൻ!

കവി : **ചങ്ങമ്പുഴ**

## 3.472 ഗോകദംബഗുണങ്ങളാലൊരുണർച്ച. . . (കർത്താ)

മല്ലിക

ഗോകദംബഗുണങ്ങളാലൊരുണർച്ചയെങ്ങുമണച്ചിടും
ലോകബാന്ധവനിങ്ങയച്ചൊരനൂരുവിന്റെ സമാഗമാൽ
ഭീകരോഗ്രതമസ്സിൽനിന്നൊരുമട്ടൊഴിഞ്ഞു തെളിഞ്ഞ ദി-
ക്കാകവേ നെടുവീർപ്പിടുന്നു തുഷാരമാരുതകൈതവാൽ.

കവി : **വള്ളത്തോൾ**, കൃതി : *ചിത്രയോഗം*

## 3.473 ഭംഗ്യാ പിംഗേ ഭുജംഗാവലി. . . (ഉമേഷ്)

സ്രഗ്ദ്ധര

ഭംഗ്യാ പിംഗേ ഭുജംഗാവലിരചിതവിമർദ്ദേ കപർദ്ദേ ദധാനം
തുംഗാൻ ഗംഗാതരംഗാൻ, നിടിലഹുതവഹജ്വാലയാ ശോഭമാനം
ശൃംഗാരാദ്വൈതവിദ്യാപരിമളലഹരീം വാമഭാഗേ വഹന്തം
മംഗല്യം കൈവളർപ്പാൻ ദിനമനു മനമേ, ചന്ദ്രചൂഡം ഭജേഥാഃ

കവി : **മഴമംഗലം**, കൃതി : *ഭാഷാനൈഷധചമ്പു*

## 3.474 ശ്രീവൈയ്ക്കത്തപ്പനായിട്ട്. . . (ബാലേന്ദു)

സ്രഗ്ദ്ധര

ശ്രീവൈയ്ക്കത്തപ്പനായിട്ടശനമരുളിടുന്നങ്ങുപിന്നേറ്റുമാനൂർ-
ക്കോവിൽക്കുള്ളിൽക്കളിപ്പൂ സ്ഥിതിലയനടനം താണ്ഡവം ദേവ, ശംഭോ!
ഏവം വെവ്വേറിടത്തിൽപ്പലഗുണമതിലോരോന്നുകാട്ടുന്നുവെന്നാൽ
കാവാലികുന്നിലെത്ത്വദ്ധനരഹിതഗുണം താപസം ഭൈഷജം വാ?

കവി : **ബാലേന്ദു**

### 3.475 ഏറിക്കൊള്ളായിരുന്ന പുരഹര. . . (കർത്താ)

സ്രഗ്ദ്ധര

ഏറിക്കൊള്ളായിരുന്നൂ പുരഹര,സുഖമേ തോൽ പൊളിപ്പാൻ കനത്തോ-
രൂഷത്തം നീയൊരാനത്തലവനെ വെറുതേ കൊന്റതെന്തിന്ദുമൗലേ?
ഏറെ പ്രേമോദയംപൂണ്ടഴകിയ തിരുമെയ്യംബികയ്ക്കായ്ക്കൊട്ടുപ്പാ-
നാരപ്പോ! ചൊന്നതാലം പെരുകിന ശിവനേ! പോറ്റി ചെല്ലൂർപ്പിരാനേ!

### 3.476 ഏറ്റം നീളും വലിച്ചാൽ. . . (ബാലേന്ദു)

സ്രഗ്ദ്ധര

ഏറ്റം നീളും വലിച്ചാൽ, പലവിധവടിവായ് മാറുവാനെന്തെളുപ്പം
മുറ്റീടും വെണ്മയാദ്യം പകരുമതുക്രമാൽ കൂരിരുട്ടിന്ന നേരായ്
നാറ്റം പാരം പരത്തും, ദഹനനിലെരിയാതില്ല നാശം നിനച്ചാൽ
രാഷ്ട്രീയക്കാരുമിങ്ങാ റബറുമൊരുപോൽ, കൈരളിക്കാർത്തിയോർത്താൽ.

കവി : ബാലേന്ദു

### 3.477 നതിക്കീ നീയൊർത്താൽ. . . (കർത്താ)

ശിഖരിണി

നതിക്കീ നീയോർത്താൽ നിഖിലജഗദീശാ, വിഷയമോ?
മതിക്കും മാനിപ്പാനരുതു തവ രൂപം ശിവ വിഭോ!
യതിക്കോ നീയല്ലാതൊരുവനൊരുപറ്റില്ല, പരയാം
ഗതിക്കോ നിൻകാലാണരികിലൊരധിഷ്ഠാനമമലം.

കവി : കുമാരനാശാൻ, കൃതി : *അനുഗ്രഹപരമദശകം*

### 3.478 യുധിഷ്ഠിരമഖത്തിലാ. . . (ബാലേന്ദു)[94]

പൃഥ്വി

യുധിഷ്ഠിരമഖത്തിലാ മഗധഭൂപനോടേറ്റിടാ-
മുപസ്ഥിതകൃതിദ്വയം ശ്രമമതെണ്ണിയേകത്രഗം
പ്രിയപ്രമുഖനദ്ധവൻ മൊഴിയിതോതവേ താങ്കളും
പൃഥാത്മജപുരിക്കുതാൻ ഗതിതുടർന്നു ബന്ധുക്കളും.

കവി : ടി.വി.പരമേശ്വരൻ / മേൽപ്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

### 3.479 പ്രിയാഗണമശേഷമൊത്ത്. . . (ഉമേഷ്)[95]

പൃഥ്വി

പ്രിയാഗണമശേഷമൊത്തരികിലെത്തി നീ, ധർമ്മജൻ

---

[94] [*ഉമേഷ്*] ശ്ലോകം **3.478 :** മൂലശ്ലോകം (മേല്പത്തൂർ) :

യിയാസുരഭിമാഗധം തദനു നാരദാദീരിതാദ്
യുധിഷ്ഠിരമഖോദ്യമാദുഭയകാര്യപര്യാകുലം
വിരുദ്ധജയിനോധ്വരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈഃ സമം പുരമിയേഥ യൗധിഷ്ഠിരീം.

[95] [*ഉമേഷ്*] ശ്ലോകം **3.479 :** മൂലശ്ലോകം (മേല്പത്തൂർ) :

അശേഷദയിതായുതേ, ത്വയി സമാഗതേ, ധർമ്മജോ
വിജിത്യ സഹജൈർമഹീം ഭവതപാങ്ഗസംവർദ്ധിതൈഃ
ശ്രിയം നിരുപമാം വഹന്നഹഹ! ഭക്തദാസായിതം
ഭവന്തമയി, മാഗധേ പ്രഹിതവാൻ സഭീമാർജ്ജുനം.

ജയിച്ചു മഹി നിൻ മിഴിക്കട വളർത്ത സോദര്യരാൽ
സ്വയം ധനദതുല്യനായഹഹ! മാഗധൻ തന്റെ നേർ–
ക്കയച്ചു സഹജാതരെ, പ്രണതദാസനാം നിന്നെയും.

കവി : സി. വി. വാസുദേവ ഭട്ടതിരി / മേൽപ്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

## 3.480 സഹസ്രകരപുത്രജൻ. . . (ബാലേന്ദു)

പൃഥ്വി

സഹസ്രകരപുത്രജൻ പ്രവരപൂജനാർത്ഥം തദാ
വരിച്ചു സഹദേവവാഗനുഗതൻ വിനീതൻ പരം
ഭവാനെ വിധിപോലവേ സദസി വേദമന്ത്രങ്ങളാ-
ലുടൻ സസുരമാനുഷം ഭുവനമൊക്കെയും തൃപ്തമായ്.

കവി : റ്റി.വി.പരമേശ്വര അയ്യർ/ മേല്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

## 3.481 ഭ്രുരേണുനാ വിശ്വം. . . (ഉമ)

ഇന്ദ്രവജ്റ

ഭ്രുരേണുനാ വിശ്വമിരുട്ടടപ്പി-
ച്ചാരാലണഞ്ഞീടിന ചക്രവാതം
നാരായണൻ തന്നെ വഹിച്ചു മൂഢൻ
പാരാതെ മേൽപ്പോട്ടുയരും ദശായാം.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

## 3.482 നാരായണീയം പരമം പവിത്രം. . . (ബാലേന്ദു)

ഇന്ദ്രവജ്റ

നാരായണീയം പരമം പവിത്രം
പാരായണത്തിന്നു മുതിർന്നിടുമ്പോൾ
നേരായി നന്നായുരുവിട്ടിടാനായ്
നാരായണീ നാവിലുദിച്ചിടേണേ.

കവി : ബാലേന്ദു

## 3.483 നോവിപ്പിക്കാതെ. . . (മധുരാജ്)

സ്രഗ്ദ്ധര

നോവിപ്പിക്കാതെ, ശസ്ത്രക്രിയകളുടെ സഹായങ്ങളില്ലാതെ, തിക്തം
സേവിപ്പിക്കാതെ, പൂർവ്വാർജ്ജിതകവനകലാബോധബീജാങ്കുരത്തെ
ഭാവം നോക്കിത്തുടിപ്പി, ച്ചകമലർ വികസിപ്പിച്ചു സഞ്ജാതമാക്കും
പ്രാവീണ്യത്തിന്നു കേൾവിപ്പെട്ടുമൊരു സുധിയാണക്ഷരശ്ലോകവൈദ്യൻ!

കവി : വി. കെ. ഗോവിന്ദൻ നായർ

## 3.484 ഭക്തർക്കാനന്ദമേകും. . . (ഋഷി)[96]

സ്രഗ്ദ്ധര

ഭക്തർക്കാനന്ദമേകും ഗുരുപവനപുരേശന്റെ പാദാരവിന്ദം

[96] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ഭ'യ്ക്കു സ്രഗ്ദ്ധരയിൽ.

ഭക്ത്യാ നിത്യം നമിപ്പൂ; ദുരിതമഖിലവും തീർക്കുകെൻ ഭക്തവത്സാ
ഒട്ടേറെച്ചെയ്തുപോയോരടിയനുടെ സമസ്താപരാധം പൊറുത്തി-
ട്ടെപ്പോഴും കാത്തിടേണം, കഴലിണ സതതം കുപ്പിടുന്നേൻ മുരാരേ!

കവി : **ഋഷി കപ്പിങ്ങാട്**

## 3.485 ഒന്നിന്മേലൊന്നിനാലത്തൊഴിൽ. . . (കർത്താ)

സ്രഗ്ദ്ധര

ഒന്നിന്മേലൊന്നിനാലത്തൊഴിലൊരുവനുമാറ്റീടുവാൻ വേല; വേല-
പ്പെണ്ണിൻ പുണ്യൗഘമേ! മന്മനമഗതി വധൂമണ്ഡലേ മഗ്നമല്ലോ;
എന്നാലൊന്നുണ്ടു യാചേ തിരുവടിയൊടു ഞാൻ - ഉത്തമാം മുക്തി നാരീ-
മിന്റേ പൂണായ് വരേണം മമ തവ കൃപയാ ദേവ! നാവാമുരാരേ!

## 3.486 എന്നായാലും മരിക്കും. . . (ബാലേന്ദു)

സ്രഗ്ദ്ധര

എന്നായാലും മരിക്കും, വിധിയുടെ വിഹിതം പോലെയല്ലോ നടക്കും,
പിന്നീടെങ്ങാൻ ജനിക്കാം, മധുഹരകരുണാപാത്രമായെങ്കിലാവാം;
ഒന്നേ മോഹിപ്പു - വീണ്ടും ധരണിയിൽ വരുവാനാണു മേ യോഗമെന്നാ-
ലെന്നും നന്ദാത്മജൻ തൻ പദയുഗമകമേ വാഴണം വാഴുവോളം.

കവി : **ബാലേന്ദു**

## 3.487 ഒരു ജലകണമേന്താൻ. . . (കർത്താ)

മാലിനി

ഒരു ജലകണമേന്താൻ ചാതകം വാ തുറന്നാൽ-
പ്പെരുമഴ പലതേകം കൊണ്ടലിൻ കൂട്ടുകെട്ടാൽ
ഒരു യവമണി കിട്ടാൻ കർഷകൻ കയ്യയച്ചാ-
ലുരുകളമമുടൻ നീ നൂറു നൽകുന്ന തായേ!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

## 3.488 ഒറ്റക്കയ്യതു കങ്കണങ്ങളെളിയിൽ. . . (ഉമേഷ്)[97]

ശാർദ്ദൂലവിക്രീഡിതം

ഒറ്റക്കയ്യതു കങ്കണങ്ങളെളിയിൽത്തട്ടുന്ന മട്ടൂന്നിയും,
മറ്റേതല്പമയച്ചുവിട്ടു ലഘുവാം ശ്യാമാലതാശാഖ പോൽ,
പുഷ്പം കാൽവിരൽ കൊണ്ടു ചിക്കിന നിലത്തർപ്പിച്ച നോട്ടത്തൊടേ
സ്വല്പം നീണ്ടു നിവർന്ന നില്പിതു ഉലോം നൃത്തത്തിലും നന്നഹോ!

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം തർജ്ജമ*

## 3.489 പൂവൽക്കയ്യുകൾ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പൂവൽക്കയ്യുകൾ മുൻവശത്തു രശനാസ്ഥാനത്തിലർപ്പിച്ചിതാ

---

[97] *[ഉമേഷ്]* ശ്ലോകം **3.488 :** മൂലശ്ലോകം (കാളിദാസൻ) :

വാമം സന്ധിസ്തിമിതവലയം ന്യസ്യ ഹസ്തം നിതംബേ
കൃത്വാ ശ്യാമാവിടപസദൃശം സ്രസ്തമുക്തം ദ്വിതീയം
പാദാങ്ഗുഷ്ഠാലുലിതകസുമേ കുട്ടിമേ പാതിതാക്ഷം
നൃത്താദസ്യാഃ സ്ഥിതമതിതരാം കാന്തമൃജ്വായതാർധം.

ദേവൻ തൻ കഴൽ മൗലിയാൽ മുകരുവാൻ കുമ്പിട്ടു നിൽപ്പാകയാൽ
താവത്കഞ്ചുകസംവൃതസ്തനഭരവ്യാനമ്രകമ്രാംഗി തൻ
ഋവക്ത്രം ഹഹ! തണ്ടൊടിഞ്ഞ നളിനം പോലേ വിളങ്ങുന്നിതേ.

കവി : **വള്ളത്തോൾ**, കൃതി : *ഒരു സന്ധ്യാ പ്രണാമം*

## 3.490 താരാഹാരമലങ്കരിച്ച. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

താരാഹാരമലങ്കരിച്ച, തിമിരപ്പൂഞ്ചായൽ പിന്നോക്കമി-
ട്ടാ രാകേന്ദുമുഖത്തിൽ നിന്നു കിരണസ്മേരം ചൊരിഞ്ഞങ്ങനെ
ആരോമൽ കനകാബ്ജകോരകകുചം തുള്ളിച്ചൊരാമോദമോ-
ടാരാലംഗനയെന്ന പോലെ നിശയും വന്നാളതന്നാളഹോ!

കവി : **വെണ്മണി മഹൻ**

## 3.491 അപ്പോഴുദ്യൽകുളിർമതിമുഖീ. . . (കർത്താ)

മന്ദാക്രാന്ത

അപ്പോഴുദ്യൽകുളിർമതിമുഖീ മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാ ചാരുതാരാശ്രുമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ നൂനമെന്നുണ്ണുനീലീം
കാമക്രീഡാരസവിലുളിതാം തന്നെയന്വേതി സന്ധ്യാ.

കൃതി : *ഉണ്ണുനീലി സന്ദേശം*

## 3.492 കാലേതാനം മടക്കി. . . (ഉമേഷ്)

സ്രഗ്ദ്ധര

കാലേതാനം മടക്കി, ത്തുട തുടയുടെ മേൽ ചേർ, ത്തതിന്നബ്ജമാല്യം
പോലേ വാരിക്ക മേൽ നീട്ടിയ രുചിരവലംകയ്യലങ്കാരമാക്കി,
മേലേ വൻ പോർമുലപ്പൊന്നണിചിതറുമിടംകൈ കവിൾത്തട്ടിനേകി-
ച്ചേലേറും കണ്ണടച്ചെൻ ശശികലികയിതാ വെൺനഭസ്സിൽ ശയിപ്പൂ!

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

## 3.493 മുക്കാലും വഴി മുഗ്ദ്ധഭാഷിണി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മുക്കാലും വഴി മുഗ്ദ്ധഭാഷിണി ! മുലക്കുന്റും ചുമന്നംഗജ-
പ്രക്ഷോഭേണ നടന്ന നിൻ നട നിനയ്ക്കുമ്പോൾ നടുക്കം വരും
മൽക്കൈകൊണ്ടിടയിൽത്തൊടുമ്പൊഴുതിലും മാഴ്കിത്തളർന്നീടുമി-
ത്തൃക്കൽച്ചെങ്കമലങ്ങൾ മാരവിരുതേ! കല്ലേറ്റുലഞ്ഞീലയോ?

## 3.494 മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയും. . . (ഉമേഷ്)

സ്രഗ്ദ്ധര

മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയു, മകതാരിട്ടുലയ്ക്കും മുലക്കു,-
ന്നന്നപ്പോക്കും, മഴക്കാറെതിർതലമുടിയും, മുല്ലമൊട്ടൊത്ത പല്ലും,
കന്നൽക്കണ്ണും, കടുംചോപ്പുടയ ചൊടികളും കാണുകിൽ കൊച്ചുതെക്കൻ-
തെന്നൽത്തേരിൽക്കരേറുന്നവനുടെ തറവാട്ടമ്മയോയെന്നു തോന്നും.

കവി : **ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ**

## 3.495 കുംഭാരൻ നാന്മുഖൻ. . . (ബാലേന്ദു)

സ്രഗ്ധര

കുംഭാരൻ നാന്മുഖൻ വെൺകളിയൊളിചിതറും മൂശയിൽച്ചോർത്തി നാരീ-
ബിംബത്തിന്നണ്മയേകിക്കരമതു കഴുകിത്തോർത്തുവാൻ പോയ നേരം
മുൻഭാരം കണ്ടു വാണീമണി, യഴലണയാൻ, വീണയെപ്പാതിയാക്കി-
പ്പിൻഭാഗത്താത്തമോദം തിരുകിയവിരുതിന്നേകണം പൊൻപണം നാം.

കവി : **വാസൻ കഴകപ്പുര**

## 3.496 മദശിഖണ്ഡി. . . (മധുരാജ്)

ദ്രുതവിളംബിതം

മദശിഖണ്ഡിശിഖണ്ഡലമണ്ഡിതം
മദനമന്ഥരമുഗ്ദ്ധമുഖാംബുജം
വ്രജവധൂനയനാഞ്ചലവാഞ്ഛിതം
വിജയതാം മമ വാങ്മയജീവിതം!

കവി : **ലീലാശുകൻ**

## 3.497 വളരെയുണ്ടു പരിഗ്രഹം. . . (ബാലേന്ദു)[98]

ദ്രുതവിളംബിതം

വളരെയുണ്ടു പരിഗ്രഹമെങ്കിലും
മമ കുലത്തിനു താങ്ങിരുപേർകൾ താൻ
ഉദധിയാമരഞ്ഞാണെഴുമൂഴിയും
ഭവതിമാരുടെയീ പ്രിയ തോഴിയും

കവി : **വള്ളത്തോൾ**, കൃതി : *ശാകുന്തളം തർജ്ജമ*

## 3.498 ഉടനടർക്കെതിരിട്ടൊരു. . . (ഉമേഷ്)[99]

ദ്രുതവിളംബിതം

ഉടനടർക്കെതിരിട്ടൊരു രുക്മിയെ-
ത്തടവിലാക്കി വിരൂപത ചേർത്തു നീ
മദമടക്കിയയച്ചു ബലോക്തിയാൽ
സദയിതൻ, ദയി തൻ പുരി പൂകിനാൻ

കവി : **സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ**, കൃതി : *നാരായണീയം തർജ്ജമ* (79:9)

## 3.499 മേഘശ്യാമളമംഗവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മേഘശ്യാമളമംഗവും മകുടവും പൂവും ചെവിത്തോടയും

[98] [*ഉമേഷ്*] **ശ്ലോകം 3.497 :** മൂലശ്ലോകം (**കാളിദാസൻ**):

പരിഗ്രഹബഹുത്വേ ∫ പി / ദ്വേ പ്രതിഷ്ഠേ കുലസ്യ മേ
സമുദ്രരശനാ ചോർവ്വീ / സഖീ ച യുവയോരിയം

[99] [*ഉമേഷ്*] **ശ്ലോകം 3.498 :** മൂലശ്ലോകം (**മേൽപ്പത്തൂർ**):

തദനു രുക്മിണമാഗതമാഹവേ
വധമുപേക്ഷ്യ നിബദ്ധ്യ വിരൂപയൻ
ഹൃതമദം പരിമുച്യ ബലോക്തിഭിഃ
പുരമയാ രമയാ സഹ കാന്തയാ

രാകാചന്ദ്രന നാണമാം വദനവും മാർമാലയും മുദ്രയും
ആകുംവണ്ണമനേകഭൂഷണയുതം നിന്മെയ് കുറിക്കൊണ്ടു ഞാൻ
പോകുന്നേൻ ഭഗവൻ, ജനാർദ്ദന ഭവൽ കാരുണ്യപാഥേയവാൻ

കവി : പൂന്താനം

## 3.500 ആരാമേ കാൺ വസന്തോത്സവമയി. . . (കർത്താ)

സ്രഗ്ധര

ആരാമേ കാൺ വസന്തോത്സവമയി ദയിതേ, ചാരുപീയൂഷധാരീ
താരേശൻ തന്ത്രി ളുകുന്നിഉവിമലനിലാവായ ഹവ്യം ദിഗന്തേ;
മാരായൻ മാമരാളീ നിജമധുരരവം വാദ്യഘോഷം തുടങ്ങീ;
നേരേ നാം പോക കാണ്മാ,നലർചരനിഹ കോയിമ്മ തേന്മാനവല്ലീ!